TKM College of Arts and Science

# News Archives 2025

**Volume 8**

**December 2025**



TKM College of Arts and Science

# News Archives
## Volume 8

*Compiled and edited by*
**Dr. Mohamed Musthafa. K**

*Published by*
**TKM College of Arts and Science Library**

**December 2025**

# News Inside

Diamond Jubilee Celebrations
NSS *Makarala Mela*
Free Thyroid Check up camp
District Athletic meet
TKM 80's *Smiriti Sandhya*
Blood Donation Camp
Biochemistry Alumni Meet
ONV Commemoration
Theatre Workshop
Seminar on Internet and Mental Health
Seminar on Environmental Issues
Founder’s Day and Award Distribution
MOU Signed with Srinivasa Ramanujan Institute
National Conference on Mathematics
Speak for India Debate
International Forest and Water Day observation
Seminar on Neuroplastic Wellness
Women’s Day celebrations
Swimming competition
Zoology Alumni Meet
Civil Service foundation course
Readers’ day celebrations
Alumni family meet and scholarship distribution
Seminar on National Sample Survey
Award for NSS Unit
Yoga Training Programme
Painting exhibition
*Keralasree* award for Shahal Hassan Musaliar
University ranks in MSc Biochemistry
Two Day national seminar on ecosystem and wild life
LUCA Quantum Century exhibition
Diamond Jubilee Valedictory and Merit Day
Biochemistry research centre
Inauguration of Mini Swimming Pool
Family meet of *‘Innelakal’* Alumni batch

മലയാള മനോരമ




ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കോളജ് കരിക്കോട്.

# വജ്ര ജൂബിലി പെരുമയിൽ..

## ▸▸ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വജ്ര ജൂബിലി ആഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും

കൊല്ലം ● കരിക്കോട് ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വജ്ര ജൂബിലിയുടെ പെരുമയിൽ. മുഖ്യമന്ത്രി പിണറായി വിജയൻ ആഘോഷം ഉദ്ഘാടനം ചെയ്യും.ആഘോഷ തീയതി തീരുമാനിച്ചിട്ടില്ല.

ഒരുവർഷം നീളുന്ന ആഘോഷത്തിൽ ദേശീയ- രാജ്യാന്തര സെമിനാറുകൾ, ശിൽപശാലകൾ, വിദ്യാഭ്യാസ- ശാസ്ത്ര- സാങ്കേതിക പ്രദർശനങ്ങൾ, സ്റ്റുഡന്റ്സ് സെമിനാർ, പ്രബന്ധാവതരണ മത്സരം, സ്കോളർഷിപ് വിതരണം, സാമൂഹിക സേവന പ്രവർത്തനം, അക്കാദമിക പ്രസിദ്ധീകരണം, പൂർവ വിദ്യാർഥി സംഗമങ്ങൾ, സാമൂഹിക- സാംസ്കാരിക- കാർഷിക പ്രദർശനം, കലാ കായിക മത്സരം, ഇന്റർ കോളജ് വാട്ടർ പോളോ മത്സരം തുടങ്ങി ഒട്ടേറെ പരിപാടികൾ നടക്കും.

കോളജിൽ 11 ബിരുദ കോഴ്സുകൾ, 6 ബിരുദാനന്തര പ്രോഗ്രാമുകൾ. 3 പിഎച്ച്ഡി പ്രോഗ്രാമുകൾ എന്നിവയിലായി 1800 ലേറെ വിദ്യാർഥികളുണ്ട്. നാൽപതിലേറെ പേർ വിവിധ വിഷയങ്ങളിൽ ഗവേഷണം നടത്തുന്നു. കേരള സർവകലാശാലയുടെ ബിരുദ, ബിരുദാനന്തര പരീക്ഷകളിൽ പതിവായി റാങ്ക് നേടുന്ന ടികെഎം വിദ്യാഭ്യാസ നിലവാരത്തിൽ തലയെടുപ്പോടെയാണ് നിൽക്കുന്നത്. കായിക രംഗത്ത് ദേശീയതലത്തിൽ കോളജിലെ വിദ്യാർഥികൾ ശ്രദ്ധിക്കപ്പെടുന്ന താരങ്ങളാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഉയർന്ന ഗ്രേഡ് ആയ നാക് എ പ്ലസ് പ്ലസ് നേടാനായത് കോളജിന്റെ തിളക്കം വർധിപ്പിക്കുന്നു.

അക്കാദമിക ഗവേഷണത്തിന് ഉയർന്ന പരിഗണന നൽകുന്നതിന് റൂസയുടെ ധനസഹായത്തോടെ മൾട്ടി ഡിസിപ്ലിനറി റിസർച് ബ്ലോക്ക് സജ്ജമാക്കിയിട്ടുണ്ടെന്നു പ്രിൻസിപ്പൽ ഡോ.എം. ജെ ഷീബ അറിയിച്ചു.



പ്രഫ. ഷീബ.

ആറു പതിറ്റാണ്ടിനിടയിൽ വിവിധ മേഖലയിൽ ശ്രദ്ധേയരായ ഒട്ടേറെ പേരെ സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. വിദേശങ്ങളിൽ ഗവേഷണ രംഗത്ത് ശ്രദ്ധേയരായ പല പ്രമുഖരും കോളജിന്റെ സംഭാവനയാണ്.

കശുവണ്ടി വ്യവസായിയും വിദ്യാഭ്യാസ വിചക്ഷണനും സാമൂഹിക പരിഷ്കർത്താവുമായിരുന്ന തങ്ങൾ കുഞ്ഞ് മുസല്യാർ ആണ് സ്ഥാപകൻ. നിലവിൽ ഡോ.ഷഹാൽ ഹസൻ മുസല്യാർ ആണ് ഗവേണിങ് ബോഡി ചെയർമാൻ. 1965 ജൂൺ 24ന് അന്നത്തെ കേരള സർവകലാശാല വൈസ് ചാൻസലർ പ്രഫ. സാമുവൽ മത്തായി ആണ് കോളജിനു തറക്കല്ലിട്ടത്.

സമൂഹത്തിലെ അരികുവൽക്കരിക്കപ്പെട്ടവർക്കും ന്യൂനപക്ഷങ്ങൾക്കും മികവുറ്റ വിദ്യാഭ്യാസം നൽകാൻ കഴിഞ്ഞത് കോളജിന്റെ മാറ്റു വർധിപ്പിക്കുന്നു.

08/01/2025 | Kollam | Page : 3
Source : https://epaper.manoramaonline.com/

Mathrubhumi മാതൃഭൂമി

# ടി.കെ.എം. ആർട്സ് കോളേജിൽ ഡയമണ്ട് ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി




ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിന്റെ ഡയമണ്ട് ജൂബിലി ആഘോഷങ്ങളുടെ പ്രഖ്യാപനം പി.സി.വിഷ്ണുനാഥ് എം.എൽ.എ. നിർവഹിക്കുന്നു

കൊല്ലം ▸ കരിക്കോട് ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിന്റെ അറുപതാം വാർഷികത്തിൽ ഒരുവർഷം നീണ്ടുനിൽക്കുന്ന ആഘോഷങ്ങളുടെ പ്രഖ്യാപനം പി.സി. വിഷ്ണുനാഥ് എം.എൽ.എ. നിർവഹിച്ചു. എം.നൗഷാദ് എം.എൽ.എ. ലോഗോ പ്രകാശനം ചെയ്തു.

ടി.കെ.എം. കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹാൽ ഹസൻ മുസലിയാർ ഉദ്ഘാടനം ചെയ്തു. ട്രസ്റ്റ് ട്രഷറർ ടി.കെ.ജലാലുദ്ദീൻ മുസലിയാർ ന്യൂസ് ലെറ്റർ പ്രകാശനം ചെയ്തു. ടി.കെ.ജമാലുദ്ദീൻ മുസലിയാർ പതാക ഉയർത്തി. പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ അധ്യക്ഷത വഹിച്ചു.

അൻവർ മുഹമ്മദ്, ഡോ. സി.കെ.ഗോപാലകൃഷ്ണൻ നായർ, സാജൻ ഹിലാൽ മുഹമ്മദ്, വിനീതകുമാരി, ഷീജ സജീവ്, എച്ച്. ഹുസൈൻ, ഡോ. ആർ.ജീന, ഡോ. ബോബി ടി.എഡ്വിൻ തുടങ്ങിയവർ പ്രസംഗിച്ചു.

പരിപാടിയുടെ ഭാഗമായി സുവോളജി വിഭാഗവും ഭൂമിത്രസേനാ ക്ലബ്ബും വനംവകുപ്പുമായി ചേർന്ന് വനോത്പന്നങ്ങളുടെയും ഫലവൃക്ഷത്തൈകളുടെയും പ്രദർശനവും വിൽപ്പനയും സംഘടിപ്പിച്ചു. ദേശീയ, രാജ്യാന്തര സെമിനാറുകൾ, ശില്പശാലകൾ, വിദ്യാർഥികളുടെ മത്സരങ്ങൾ, പ്രദർശനങ്ങൾ തുടങ്ങിയവ ഇതോടൊപ്പം സംഘടിപ്പിക്കും.

07/01/2025 KOLLAM Pg 02

## സൗജന്യ തൈറോയ്ഡ് പരിശോധന ക്യാംപ്

കരിക്കോട് ● ടികെഎം ആർട്സ് കോളേജ് ബയോകെമിസ്ട്രി അലമ്നൈയും ഹെൽത്ത് ക്ലബ്ബും കൊറ്റങ്കര ഗ്രാമപ്പഞ്ചായത്തുമായി സഹകരിച്ചു സൗജന്യ തൈറോയ്ഡ് പരിശോധന ക്യാംപ് നടത്തുന്നു. 31 ന് 10 ന് കോളജിൽ എത്തണം.

**Malayala Manorama, 29.07.2025 P2**

## ടി.കെ.എം സ്ഥാപനങ്ങൾക്ക് അവധി

കൊല്ലം: ടി.കെ.എം കോളജ് ട്രസ്റ്റ് സ്ഥാപകൻ എ.തങ്ങൾ കുഞ്ഞ് മുസലിയാരുടെ മകനും കോളജ് ട്രസ്റ്റ് അംഗവുമായ ബദറുദ്ദീൻ മുസലിയാർ നിര്യാതനായി. പരേതനോടുള്ള ആദരസൂചകമായി ബുധനാഴ്ച ടി.കെ.എം സ്ഥാപനങ്ങൾക്ക് അവധിയായിരിക്കും. മുൻനിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റം ഉണ്ടാകില്ല.

**Madhyamam 17.09.2025, P3**

**Malayala Manorama, 8.1.2025 P3**

## ആഘോഷ പ്രഖ്യാപനം

കൊല്ലം ● ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജിൽ ഒരുവർഷം നീളുന്ന വജ്രജൂബിലി ആഘോഷ പ്രഖ്യാപനം പി.സി. വിഷ്ണുനാഥ് എംഎൽഎ നിർവഹിച്ചു. എം.നൗഷാദ് എംഎൽഎ വജ്രജൂബിലി ലോഗോ പ്രകാശനം ചെയ്തു.

യോഗം ടികെഎം കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ.ഷഹാൽ ഹസൻ മുസല്യാർ ഉദ്ഘാടനം ചെയ്തു. ട്രഷറർ ടി.കെ.ജലാലുദീൻ മുസല്യാർ ന്യൂസ് ലെറ്റർ പ്രകാശനം ചെയ്തു. ടി.കെ.ജമാലുദീൻ മുസല്യാർ പതാക ഉയർത്തി. പ്രിൻസിപ്പൽ ഡോ.എം.ജെ.ഷീബ അധ്യക്ഷത വഹിച്ചു. അൻവർ മുഹമ്മദ്, ഡോ.സി.കെ.ഗോപാലകൃഷ്ണൻ നായർ, സാജൻ ഹിലാൽ മുഹമ്മദ്, വിനീത കുമാരി, ഷിജ സിറാജ്, എച്ച്.ഹുസൈൻ, ഡോ. ആർ.ജീന, ഡോ.ബോബി ടി.എഡ്വിൻ എന്നിവർ പ്രസംഗിച്ചു.വനം വകുപ്പുമായി ചേർന്നു സുവോളജി വിഭാഗവും ഭൂമിത്രസേനാ ക്ലബ്ബും വനോൽപന്നങ്ങൾ, ഫലവൃക്ഷത്തൈകൾ എന്നിവയുടെ പ്രദർശനവും വിൽപനയും നടത്തി.




ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിന്റെ ഡയമണ്ട് ജൂബിലി ആഘോഷങ്ങളുടെ പ്രഖ്യാപനം പി.സി.വിഷ്ണുനാഥ് എംഎൽഎ നിർവഹിക്കുന്നു.

മാധ്യമം

24 January, 2025. P4



ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് എൻ.എസ്.എസ് യൂനിറ്റ് സംഘടിപ്പിച്ച കാർഷിക വിപണന മേള ഡോ. അൻസർ ഉദ്ഘാടനം ചെയ്യുന്നു

## ടി.കെ.എം ആർട്സ് കോളജിൽ 'മകര മേള'

കൊല്ലം: ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് എൻ.എസ്.എസ് യൂനിറ്റ് മാമ്പുഴ ഏലാ പാടശേഖര സമിതിയുടെ സഹകരണത്തോടെ 'മകര മേള' എന്ന പേരിൽ കാർഷിക ഉൽപന്നങ്ങളുടെ പ്രദർശനവും വിപണനവും സംഘടിപ്പിച്ചു. എൻ.എസ്.എസ് സ്റ്റേറ്റ് ഓഫിസർ ഡോ. ആർ.എൻ. അൻസർ ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ അധ്യക്ഷത വഹിച്ചു. വിപണന മേളയുടെ ആദ്യ വിൽപന കൊറ്റങ്കര കൃഷി ഓഫിസർ അൽഫിയ നിർവഹിച്ചു. മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്. ഹുസൈൻ കർഷകരെയും വിപണി സംരംഭകരെയും ആദരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിനീതകുമാരി, എൻ.എസ്.എസ് പ്രോഗ്രാം ഓഫിസർ ഡോ. സുൽഫിയ സമദ്, കൊമേഴ്സ് വിഭാഗം മേധാവി ഡോ. ഷൈനി സലാം എന്നിവർ സംസാരിച്ചു.

Madhyamam 07.01.2025, P4




ടി.കെ.എം ആർട്സ് കോളജ് ഡയമണ്ട് ജൂബിലി ആഘോഷ പ്രഖ്യാപനം പി.സി വിഷ്ണുനാഥ് എം.എൽ.എ നിർവഹിക്കുന്നു

## ടി.കെ.എം കോളജ് ഡയമണ്ട് ജൂബിലി

**കൊല്ലം:** ടി.കെ.എം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിന്റെ ഒരു വർഷം നീണ്ടുനിൽക്കുന്ന ഡയമണ്ട് ജൂബിലി ആഘോഷങ്ങളുടെ പ്രഖ്യാപനവും ലോഗോ പ്രകാശനവും നടന്നു. പി.സി വിഷ്ണുനാഥ് എം.എൽ.എ ആഘോഷങ്ങളുടെ പ്രഖ്യാപനവും എം. നൗഷാദ് എം.എൽ.എ ലോഗോ പ്രകാശനവും നിർവഹിച്ചു.

ടി.കെ.എം കോളേജ് ട്രസ്റ്റ് പ്രസിഡൻറ് ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. ട്രഷറർ ടി. കെ ജലാലുദ്ദീൻ മുസ്‌ലിയാർ ന്യൂസ് ലെറ്റർ പ്രകാശനം ചെയ്തു. ടി. കെ. ജമാലുദ്ദീൻ മുസ്‌ലിയാർ പതാക ഉയർത്തി. അൻവർ മുഹമ്മദ്, ഡോ. സി.കെ ഗോപാലകൃഷ്ണൻ നായർ, സാജൻ ഹിലാൽ മുഹമ്മദ്, വിനീതകുമാരി, ഷീജ സജീവ്, എച്ച്. ഹുസൈൻ, ഫിറോസ് ഖാൻ, അൻസിൽ, കോശി ജോൺ, അഭിലാഷ്, തൻസി നിസാർ എന്നിവർ പ്രസംഗിച്ചു.

പ്രിൻസിപ്പൽ ഡോ. എം.ജെഷീബ അധ്യക്ഷത വഹിച്ചു. ഡോ. ജീന സ്വാഗതവും, ഡോ. ബോബി ടി എഡ്വിൻ നന്ദിയും പറഞ്ഞു. ദേശീയ-അന്തർദേശീയ സെമിനാറുകൾ, ശിൽപ്പശാലകൾ, പ്രബന്ധാവതരണ മത്സരങ്ങൾ, പ്രദർശനങ്ങൾ സ്കോളർഷിപ്പ് വിതരണം, കലാകായിക മത്സരങ്ങൾ, ഇൻറർ കോളജ് വാട്ടർ പോളോ മത്സരം കമ്മ്യൂണിറ്റി ഔട്ട് റീച് പരിപാടികൾ എന്നിവ സംഘടിപ്പിക്കും.

**Madhyamam 07.01.2025, P4**

## ജില്ലാ അത്‌ലറ്റിക് മീറ്റ്; ആദ്യഘട്ടം സമാപിച്ചു

**കൊല്ലം**

അറുപത്തൊമ്പതാമത് ജില്ലാ അത്‌ലറ്റിക് മീറ്റിന്റെ ആദ്യഘട്ടത്തിന് ആറ്റിങ്ങലിൽ സമാപനമായി. രണ്ടാംഘട്ടമായ 12, 10വയസ്സിന് താഴെയുള്ള കുട്ടികളുടെ മത്സരത്തിനുശേഷമേ ചാമ്പ്യന്മാരെ നിർണയിക്കാനാകൂ. ആദ്യഘട്ടത്തിൽ 299പോയിന്റുമായി അഞ്ചൽ സെന്റ് ജോൺസ് കോളേജാണ് മുന്നിൽ. 132പോയിന്റ് നേടിയ ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജാണ് രണ്ടാംസ്ഥാനത്ത്. പുരുഷ വിഭാഗത്തിൽ അഞ്ചൽ സെന്റ് ജോൺസ് കോളേജ് 37 പോയിന്റോടെ ഒന്നാംസ്ഥാനവും ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജ് 25പോയിന്റുമായി രണ്ടാം സ്ഥാനവും നേടി. വനിതകളുടെ വിഭാഗത്തിൽ 13പോയിന്റ് നേടി ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജാണ് മുന്നിലെത്തിയത്. അഞ്ചൽ സെന്റ് ജോൺസ് കോളേജ് 11പോയിന്റുമായി രണ്ടാമതെത്തി. മേളയുടെ രണ്ടാംഘട്ടത്തിനുശേഷം ഓവറോൾ ചാമ്പ്യന്മാരെ പ്രഖ്യാപിക്കും.

**Deshabhimani 02.08.2025, P2**

Mathrubhumi മാതൃഭൂമി

## വജ്രശോഭയിൽ ടി.കെ.എം. ആർട്സ് കോളേജ്



▶ കരിക്കോട് ടി.കെ.എം.ആർട്സ് ആൻഡ് സയൻസ് കോളേജ്

**കൊല്ലം ▸** കശുവണ്ടിവ്യവസായിയും വിദ്യാഭ്യാസവിചക്ഷണനും സാമൂഹിക പരിഷ്കർത്താവുമായിരുന്ന തങ്ങൾകുഞ്ഞ് മുസലിയാർ 1965-ൽ സ്ഥാപിച്ച കൊല്ലം തങ്ങൾകുഞ്ഞ് മുസലിയാർ ആർട്സ് ആൻഡ് സയൻസ് കോളേജെന്ന ടി.കെ.എം.കോളേജിന് അറുപതാണ്ട്. ഒരുവർഷം നീളുന്ന വജ്രജൂബിലി ആഘോഷത്തിന് ഒരുങ്ങുകയാണ് കോളേജ്.

ദേശീയ-രാജ്യാന്തര സെമിനാറുകൾ, ശില്പശാലകൾ, വിദ്യാഭ്യാസ-ശാസ്ത്ര-സാങ്കേതിക പ്രദർശനങ്ങൾ, പ്രബന്ധാവതരണമത്സരം, സ്കോളർഷിപ്പ് വിതരണം, പൂർവ വിദ്യാർഥി സംഗമങ്ങൾ, സാമൂഹിക-സാംസ്കാരിക-കാർഷിക പ്രദർശനം, കലാ-കായിക മത്സരം, ഇന്റർകോളേജ് വാട്ടർ പോളോ മത്സരം തുടങ്ങി ഒട്ടേറെ പരിപാടികൾ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടക്കും.

ഔദ്യോഗിക തീയതി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും മുഖ്യമന്ത്രി പിണറായി വിജയനാകും വജ്രജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുക.

കൊല്ലത്തിന്റെ ഉന്നതവിദ്യാഭ്യാസ ചരിത്രത്തിൽ സുപ്രധാന പങ്കുവഹിച്ച ടി.കെ.എം.കോളേജ് സമൂഹത്തിനു ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിൽ ശ്രദ്ധ പുലർത്തുന്നുണ്ട്. വ്യാവസായിക-വാണിജ്യ രംഗങ്ങളിലും രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക മേഖലകളിലും മിന്നും വിജയം കൈവരിച്ച ഒട്ടേറെ പ്രഗല്ഭരെ സംഭാവന ചെയ്യാൻ സ്ഥാപനത്തിനു കഴിഞ്ഞു.

കോളജിൽ 11 ബിരുദ കോഴ്സ്, ആറ് ബിരുദാനന്തരബിരുദ പ്രോഗ്രാം, മൂന്ന് പിഎച്ച്.ഡി. പ്രോഗ്രാം എന്നിവയിലായി 1800-ലേറെ വിദ്യാർഥികളുണ്ട്. നാൽപ്പതിലേറെ പേർ വിവിധവിഷയങ്ങളിൽ ഗവേഷണം നടത്തുന്നു.

കേരള സർവകലാശാലയുടെ ബിരുദ, ബിരുദാനന്തരബിരുദ പരീക്ഷകളിൽ പതിവായി റാങ്ക് നേടുന്ന ടി.കെ.എം. വിദ്യാഭ്യാസനിലവാരത്തിൽ മുന്നിലാണ്. കായികരംഗത്ത് ദേശീയതലത്തിൽത്തന്നെ ഇവിടത്തെ വിദ്യാർഥികൾ ശ്രദ്ധ നേടി.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ ഉയർന്ന ഗ്രേഡ് ആയ നാക് എ പ്ലസ് പ്ലസ് നേടാനായത് കോളജിന്റെ തിളക്കം വർധിപ്പിക്കുന്നു. നിലവിൽ ഡോ. ഷഹാൽ ഹസൻ മുസലിയാരാണ് ഗവേണിങ് ബോഡി ചെയർമാൻ. 1965 ജൂൺ 24-ന് അന്നത്തെ കേരള സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. സാമുവൽ മത്തായിയാണ് കോളജിനു തറക്കല്ലിട്ടത്.

13/01/2025 PUNALUR Pg 03

**Mathrubhumi, 13.1.2025 P3**

Mathrubhumi
മാതൃഭൂമി

Mathrubhumi, 24.1.2025 P2

# നാട്ടുപെരുമ ഉണർത്തി ടി.കെ.എമ്മിൽ മകരമേള

**കൊല്ലം ▸** പൂപോലെ വിറ്റഴിഞ്ഞത് തവിടുള്ള നാടൻകുത്തരി, പിന്നാലെ നേന്ത്രക്കുലകളും, ചേന, ചേമ്പ്, കാച്ചിൽ, മരച്ചീനി, മഞ്ഞൾ, കുരുമുളക്... എല്ലാത്തിനും വൻ ഡിമാൻഡ്. മണിക്കൂറുകൾക്കുള്ളിൽ എല്ലാം വിറ്റുപോയി. നാട്ടിലെ ചന്തയിലല്ല, കാമ്പസിലാണ്.

ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് എൻ.എസ്.എസ്.യൂണിറ്റ് മാമ്പുഴ ഏലാ പാടശേഖരസമിതിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച 'മകരമേള'യിലാണ് നാടൻ കാർഷികോത്പന്നങ്ങളുടെ പ്രദർശനവും വിപണനവും നടന്നത്.

എൻ.എസ്.എസ്. സംസ്ഥാന ഓഫീസർ ഡോ. ആർ.എൻ.അൻസർ മേളയുടെ ഉദ്ഘാടനം നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ അധ്യക്ഷത വഹിച്ചു. വിപണനമേളയിലെ ആദ്യ വിൽപ്പന കൊറ്റങ്കര കൃഷി ഓഫീസർ ആർ.അൽഫിയ നിർവഹിച്ചു. മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്.ഹുസൈൻ കർഷകരെയും വിപണി സംരംഭകരെയും ആദരിച്ചു. ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് വിനീതകുമാരി, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഡോ. സുൽഫിയ സമദ്, കൊമേഴ്സ് വിഭാഗം മേധാവി ഡോ. ഷൈനി സലാം എന്നിവർ സംസാരിച്ചു.



▶ ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് എൻ.എസ്.എസ്. യൂണിറ്റ് മാമ്പുഴ ഏലാ പാടശേഖരസമിതിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച 'മകരമേള' യുടെ ഉദ്ഘാടനം എൻ.എസ്.എസ്. സംസ്ഥാന ഓഫീസർ ഡോ. ആർ.എൻ.അൻസർ നിർവഹിക്കുന്നു

## 'മകരമേള' സംഘടിപ്പിച്ചു

Deshabhimani 24.01.2025, P4

[illegible]



[illegible]



കേരള യൂനിവേഴ്സിറ്റി യൂനിവേഴ്സിറ്റി കലോത്സവത്തിൽ മാപ്പിളപ്പാട്ടിൽ ഒന്നാം സ്ഥാനം നേടിയ മുഹമ്മദ് ഹാഷിം (ടി.കെ.എം ആർട്സ് കോളജ് കൊല്ലം)

Madhyamam 02.06.2025, P4

Mathrubhumi മാതൃഭൂമി 24.1.2025, P7

# ജനപ്രതിനിധികളുടെ കടമകൾകൂടി ഭരണഘടനയിൽ നിർവചിക്കണം -എൻ.കെ.പ്രേമചന്ദ്രൻ

**കൊല്ലം▸** ഭരണഘടനയിൽ ജനപ്രതിനിധികളുടെ കടമകളും ഉത്തരവാദിത്വങ്ങളും കൃത്യമായി നിർവചിച്ചു ചേർക്കേണ്ടതുണ്ടെന്ന് എൻ.കെ.പ്രേമചന്ദ്രൻ എം.പി. അഭിപ്രായപ്പെട്ടു. മാതൃഭൂമി അന്താരാഷ്ട്ര അക്ഷരോത്സവം 'ക' യ്ക്കു മുന്നോടിയായി മാതൃഭൂമി കൊല്ലം ടി.കെ.എം. കോളേജ് എൻ.എസ്.എസ്. യൂണിറ്റിന്റെയും ഇക്കണോമിക്സ് ആൻഡ് മാത്തമാറ്റിക്സ് വിഭാഗത്തിന്റെയും സഹകരണത്തോടെ സംഘടിപ്പിച്ച പ്രഭാഷണപരമ്പരയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഈ വിഷയം വളരെ ഗൗരവതരമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. നിയമനിർമാണമാണ് ജനപ്രതിനിധിയുടെ പ്രാഥമിക ഉത്തരവാദിത്വം. എന്നാൽ ഫലത്തിൽ മണ്ഡലത്തിലെ കല്യാണം, മരണം, വികസനപ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് പലരും മുൻതൂക്കം കൊടുക്കുന്നത്. അതിലപ്പുറം പരിഗണിക്കേണ്ട വിഷയമാണ് നിയമങ്ങൾ. കാരണം ഒരു ചെറിയ നിയമംപോലും ലക്ഷക്കണക്കിനു ജനങ്ങളെ ബാധിക്കും. അതിലെ കുത്തോ കോമയോ മാറിയാൽ ജീവിതങ്ങൾ പെട്ടുപോകും. കാര്യങ്ങൾ പഠിച്ച് സൂക്ഷ്മതലത്തിൽ കാണാനും അവതരിപ്പിക്കാനും കഴിയണം.




റെയിൽവേയിൽ വാതിൽപ്പടിയിലൂടെ താഴെ വീണാൽ നഷ്ടപരിഹാരം നൽകില്ലെന്നൊരു നിയമം കൊണ്ടുവരാൻ നോക്കിയപ്പോൾ, പിന്നെ റെയിൽവേ എന്തിനാണ് നഷ്ടപരിഹാരം നൽകുകയെന്ന പ്രശ്നം താൻ ഉന്നയിച്ചു. വേറെ വഴിക്കാരും വീഴില്ലല്ലോ. അതിൻമേൽ ചർച്ച വന്നതിൽ പിന്നെ ആ നിയമനിർമാണംതന്നെ പിൻവലിച്ചു. ഇ.പി.എഫിനെപ്പറ്റി താൻ അവതരിപ്പിച്ച സ്വകാര്യപ്രമേയം 98 ലക്ഷം പേരെ ബാധിക്കുന്ന കാര്യമായിരുന്നു-ഉദാഹരണങ്ങളിലൂടെ അദ്ദേഹം വ്യക്തമാക്കി.



മാതൃഭൂമി അന്താരാഷ്ട്ര അക്ഷരോത്സവമായ 'ക' യ്ക്കു മുന്നോടിയായി കൊല്ലം ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജ് എൻ.എസ്.എസ്.യൂണിറ്റിന്റെയും ഇക്കണോമിക്സ് ആൻഡ് മാത്തമാറ്റിക്സ് വിഭാഗത്തിന്റെയും സഹകരണത്തോടെ സംഘടിപ്പിച്ച പ്രഭാഷണപരമ്പരയിൽ എൻ.കെ.പ്രേമചന്ദ്രൻ എം.പി. പ്രഭാഷണം നടത്തുന്നു

ഇത്തരം കാര്യങ്ങളിൽനിന്ന് നിർഭാഗ്യവശാൽ ജനപ്രതിനിധികൾ മാറിപ്പോകുന്നു. നിയമങ്ങൾ ഭരണഘടനാനുസൃതമാണോ ജനാഭിലാഷത്തിനു വിധേയമാണോ എന്നൊക്കെ പരിശോധിച്ച് കാര്യങ്ങൾ അവതരിപ്പിക്കുന്ന രീതി ശക്തമാക്കിയില്ലെങ്കിൽ 2030-ൽ നമ്മെ കാത്തിരിക്കുന്നത് ഏറെ ആശങ്കകളായിരിക്കും. ഇന്ത്യയുടെ സൗന്ദര്യവും ഭംഗിയുമായ ബഹുസ്വരതയെ ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങളാണിപ്പോൾ ശക്തമായിക്കൊണ്ടിരിക്കുന്നത്.

അധികാരകേന്ദ്രീകരണത്തിലൂടെ ഫെഡറൽ ജനാധിപത്യവ്യവസ്ഥ ദുർബലപ്പെടാനുള്ള സാധ്യത കാണുന്നു. തീവ്രദേശീയതയിലൂടെ ധ്രുവീകരണം വളർന്നുവരുമെന്ന ആശങ്കയുണ്ട്. സ്വത്വരാഷ്ട്രീയവും ഗൗരവതരമായ പ്രശ്നമാണ്. ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് എന്ന ആശയവും ആത്യന്തികമായി നമ്മുടെ ബഹുസ്വരതയ്ക്കുമേലുള്ള ആണിയാണ്. ഇതിനെ പ്രതിരോധിക്കാൻ മതേതര-ജനാധിപത്യ ബോധമുള്ള ജനതയെ വളർത്തിക്കൊണ്ടുവരിക എന്നതാണ് കാലം ആവശ്യപ്പെടുന്നത് -അദ്ദേഹം പറഞ്ഞു.

മാതൃഭൂമി ചീഫ് റിപ്പോർട്ടർ ജി.ജ്യോതിലാലിന്റെ അധ്യക്ഷതയിൽ കോളേജ് പ്രിൻസിപ്പൽ ഡോ. എം.ജെ.ഷീബ ഉദ്ഘാടനം ചെയ്തു. ടി.കെ.എം.കോളേജ് ട്രസ്റ്റ് അംഗം ജെ.അഫ്സൽ മുസലിയാർ, എം.പി.യെ പൊന്നാട അണിയിച്ച് ആദരിച്ചു. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഡോ. സുൽഫിയ സമദ്, ഇക്കണോമിക്സ് ആൻഡ് മാത്തമാറ്റിക്സ് വിഭാഗം ഹെഡ് എസ്.അനുമോദ്, മാതൃഭൂമി സീനിയർ റീജണൽ മാനേജർ എൻ.എസ്.വിനോദ്കുമാർ, ന്യൂസ് എഡിറ്റർ പി.വി.ജ്യോതി, ബ്യൂറോ ചീഫ് ആൻഡ് സ്പെഷൽ കറസ്പോണ്ടന്റ് ജി.സജിത്കുമാർ, വിദ്യാർഥി പ്രതിനിധി എലീനാ തോമസ് എന്നിവർ പങ്കെടുത്തു.

24/01/2025 PUNALUR Pg 07

ചന്ദ്രിക
24 January, 2025. P4



ടികെഎം ആർട്സ് കോളജിൽ കാർഷിക വിപണന മേള എൻ എസ് എസ് സംസ്ഥാന ഓഫിസർ ഡോ.അൻസർ ആർ എൻ ഉദ്ഘാടനം ചെയ്യുന്നു

## ടി.കെ.എം കോളജിൽ മകര മേള

കൊല്ലം: ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് എൻ.എസ്.എസ് യൂണിറ്റ് മാമ്പുഴ ഏല പാടശേഖര സമിതിയുടെ സഹകരണത്തോടെ 'മകര മേള' കാർഷിക ഉത്പന്ന പ്രദർശനവും വിപണനവും സംഘടിപ്പിച്ചു.എൻ.എസ്.എസ് സ്റ്റേറ്റ് ഓഫിസർ ഡോ. അൻസർ ആർ എൻ ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഡോ. എം.ജെ ഷീബ അധ്യക്ഷയായി. മേളയുടെ ആദ്യ വില്പന കൊറ്റംകര കൃഷി ഓഫിസർ അർഫിയ ആർ നിർവഹിച്ചു. മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എച്ച് ഹുസൈൻ കർഷകരെയും വിപണി സംരംഭകരെയും ആദരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് വിനീതകുമാരി സംസാരിച്ചു. എൻ.എസ്.എസ് പ്രോഗ്രാം ഓഫിസർ ഡോ. സുൽഫിയ സമദ് സ്വാഗതവും ഡോ. ഷൈനി സലാം നന്ദിയും പറഞ്ഞു.

Chandrika. 24.1.2025 P4



മുഖാമുഖം സംവാദം വനിത കമീഷൻ അംഗം ഇന്ദിര രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

## മുഖാമുഖം സംവാദം

**കൊല്ലം:** കേരള വനിത കമീഷനും ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ മിത്ര വിമൻ സെൽ, വിമൻ സ്റ്റഡി യൂനിറ്റ്, എഫ്.ഡി.എസ്.ജെ ക്ലബ് എന്നിവ ചേർന്ന് സംഘടിപ്പിച്ച മുഖാമുഖം സംവാദം വനിത കമീഷൻ അംഗം ഇന്ദിര രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ പ്രഫ. എം.ജെ. ഷീബ അധ്യക്ഷത വഹിച്ചു. എ. ഷഹാറുദീൻ ക്ലാസെടുത്തു. മിത്ര വിമൻ സെൽ കോഓഡിനേറ്റർമാരായ ഡോ. തനൂജ താഹ, എസ്. ഹസീന, വനിത കമീഷൻ റിസർച്ച് ഓഫിസർ എ.ആർ. അർച്ചന, വനിത സ്റ്റഡി യൂനിറ്റ് കോഓഡിനേറ്റർ ഡോ. എം.വി. രോഹിണി കൃഷ്ണ, എഫ്.ഡി. എസ്.ജെ ക്ലബ് കോഓഡിനേറ്റർ ഡോ. മുംതാസ് യഹിയ എന്നിവർ സംസാരിച്ചു.

Madhyamam 30.1.2025 P4

# സംവാദം നടത്തി




മുഖാമുഖം സംവാദം വനിതാ കമീഷൻ അംഗം ഇന്ദിര രവീന്ദ്രൻ ഉദ്ഘാടനംചെയ്യുന്നു

**കൊല്ലം**

കേരള വനിതാ കമീഷൻ, ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ മിത്ര വുമൺസെൽ, വുമൺ സ്റ്റഡിയൂണിറ്റ്, എഫ്ഡിഎസ്ജെ ക്ലബ് എന്നിവർ സംയുക്തമായി മുഖാമുഖം സംവാദം സംഘടിപ്പിച്ചു. വനിതാ കമീഷൻ അംഗം അഡ്വ. ഇന്ദിരാ രവീന്ദ്രൻ ഉദ്ഘാടനംചെയ്തു. പ്രിൻസിപ്പൽ എം ജെ ഷീബ അധ്യക്ഷയായി. എ ഷഹാറുദീൻ മോട്ടിവേഷൻ ക്ലാസ് നയിച്ചു. ഡോ. തനൂജ താഹ, എസ് ഹസീന, എ ആർ അർച്ചന, ഡോ. എം വി രോഹിണി കൃഷ്ണ, ഡോ. മുംതാസ് യഹിയ എന്നിവർ സംസാരിച്ചു.

**Deshabhimani 30.01.2025, P4**



ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ രക്തദാനക്യാമ്പ് നടത്തിയതിന്റെ സാക്ഷ്യപത്രം ഗവ. മെഡിക്കൽ കോളജിലെ ഡോ. പി. മിനുവിൽ നിന്ന് ബയോകെമിസ്ട്രി വിഭാഗം മേധാവി ഡോ. എ. അജിൻസ ഏറ്റുവാങ്ങുന്നു

# സന്നദ്ധ രക്തദാനക്യാമ്പ്

കൊല്ലം: ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ബയോകെമിസ്ട്രി വിഭാഗം, ഹെൽത്ത് ക്ലബ്, പാരിപ്പള്ളി ഗവ. മെഡിക്കൽ കോളജ്, കേരളാ സ്റ്റേറ്റ് ബ്ലഡ് ഡോണേഴ്സ് സൊസൈറ്റി എന്നിവ ചേർന്ന് സന്നദ്ധ രക്തദാന ക്യാമ്പ് നടത്തി. ബയോകെമിസ്ട്രി വിഭാഗം മേധാവി ഡോ. എ. അജിൻസ, ഹെൽത്ത് ക്ലബ് കോഓഡിനേറ്റർമാരായ ഡോ. എസ്. സൗമ്യ, ഡോ. എ.എസ്. സുമയ്യ, ഡോ. എച്ച്.എസ്. ഹരിശങ്കർ എന്നിവർ നേതൃത്വം നൽകി.

**Madhyamam 29.1.2025, P4**

# ടി.കെ.എം 80'സ് സ്മൃതി സന്ധ്യ നാളെ

കൊല്ലം: 1975-85 കാലയളവിൽ ടി.കെ.എം ആർട്സ് കോളജിൽ പഠിച്ചിരുന്ന വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വിദ്യാർഥികളുടെ കൂട്ടായ്മയായ 'ടി.കെ.എം @80'സ്' ന്റെ ആഭിമുഖ്യത്തിൽ സ്മൃതിസന്ധ്യ സംഘടിപ്പിക്കും. ഞായറാഴ്ച ഉച്ചക്ക് രണ്ട് മുതൽ ടി.കെ.എം ആർട്സ് കോളജ് ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടിയിൽ ആദരിക്കൽ, അനുമോദനം, വിവിധ കലാപരിപാടികൾ എന്നിവ നടക്കുമെന്ന് സംഘാടകർ വാർത്ത സമ്മേളനത്തിൽ അറിയിച്ചു. ടി.കെ.എം കോളജിനെ ഉന്നതിയിലേക്ക് നയിക്കുന്നതിന് നേതൃത്വം നൽകുന്ന ടി.കെ.എം ട്രസ്റ്റ് ചെയർമാൻ ഡോ. ടി.കെ.ഷഹാൽ ഹസൻ മുസ്‌ലിയാരെ ചടങ്ങിൽ ആദരിക്കും. ടി.കെ.എം കോളജിൽ നിന്നും ഇതുവരെ വിവിധ വിഷയങ്ങളിൽ യൂനിവേഴ്സിറ്റിതലത്തിൽ ഒന്ന് മുതൽ മൂന്ന് വരെ റാങ്കുകൾ വാങ്ങിയിട്ടുള്ളവരെയും അനുമോദിക്കും. തുടർന്ന് കലാസന്ധ്യ അരങ്ങേറും. പെരുമ്പുഴ ഷാജഹാൻ, എൻ. പദ്മകുമാർ, വർക്കല അഷറഫ്, മുഹമ്മദ് ഷെരീഫ്, കടവൂർ ബി. അനിൽ കുമാർ എന്നിവരും പങ്കെടുത്തു.

**Madhyamam 26.07.2025, P3**

www.keralakaumudi.com www.facebook.com/keralakaumudi

# ടി.കെ.എം കോളേജ് വജ്രജൂബിലി ആഘോഷം 18ന്

**Kerala Koumudi 14.2.2025, P5**

കൊല്ലം: ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസ് വജ്രജൂബിലി സമ്മേളനം 18ന് മന്ത്രി കെ.എൻ.ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി മന്ത്രി ഡോ. ആർ.ബിന്ദു അദ്ധ്യക്ഷയാകും. ടി.കെ.എം ട്രസ്റ്റ് ചെയർമാൻ ഡോ. ടി.കെ.ഷഹാൽ ഹസൻ മുസലിയാർ ആമുഖ പ്രഭാഷണം നടത്തും. ട്രസ്റ്റ് ട്രഷററും ഗവേണിംഗ് ബോഡി മെമ്പറുമായ ടി.കെ.ജലാലുദീൻ മുസ്‌ലിയാർ മന്ത്രി ബിന്ദുവിനെ ആദരിക്കും. ട്രസ്റ്റ് അംഗം ടി.കെ.ജമാലുദീൻ മുസ്‌ലിയാർ മന്ത്രി ബാലഗോപാലിനെ ആദരിക്കും. വജ്ര ജൂബിലി അനെക്സിന്റെ ഉദ്ഘാടനവും ദേശീയ സ്പോർട്സ് മീറ്റിലെ സ്വർണ മെഡൽ ജേതാവിനെ ആദരിക്കുന്ന ചടങ്ങും പി.സി.വിഷ്ണുനാഥ് എം.എൽ.എ നിർവഹിക്കും. വജ്രജൂബിലി പദ്ധതികളുടെ പ്രഖ്യാപനവും ഇൻക്യുബേഷൻ ആൻഡ് ക്രിയേറ്റീവ് സെന്ററിന്റെ ഉദ്ഘാടനവും എം.നൗഷാദ് എം.എൽ.എ നിർവഹിക്കും. കേരള സർവകലാശാല രജിസ്ട്രാർ ഡോ. കെ.എസ്.അനിൽകുമാർ, ടി.കെ.എം ട്രസ്റ്റ് എക്സി. ഡയറക്ടർ ഡോ. എസ്.അയൂബ് എന്നിവർ സംസാരിക്കും. മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്.ഹുസൈൻ, വാർഡ് മെമ്പർ ഷീജ സജീവ് എന്നിവർ ചടങ്ങിൽ സംബന്ധിക്കും. പ്രിൻസിപ്പൽ ഡോ. എം.ജെ.ഷീജ സ്വാഗതവും ട്രസ്റ്റ് അംഗം ഡോ. മുഹമ്മദ് ഹാറൂൺ നന്ദിയും പറയും.

# ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വജ്രജൂബിലി നിറവിൽ

കൊല്ലം: ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിന് 60 വർഷം തികയുന്നതിന്റെ ഭാഗമായി ഒരുവർഷം നീളുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കും.

വജ്രജൂബിലി ആഘോഷങ്ങളുടെ ഔപചാരിക ഉദ്ഘാടനം 18ന് വൈകിട്ട് നാലിന് മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിക്കും. മന്ത്രി ഡോ. ആർ. ബിന്ദു അധ്യക്ഷത വഹിക്കും.

ടി.കെ.എം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ടി.കെ. ഷഹാൽ ഹസൻ മുസ്‌ലിയാർ ആമുഖപ്രഭാഷണം നടത്തും. പി.സി. വിഷ്ണുനാഥ് എം.എൽ.എ വജ്രജൂബിലി അനക്സ് കെട്ടിടവും എം. നൗഷാദ് എം.എൽ.എ വജ്രജൂബിലി സംരംഭങ്ങളുടെയും ടി.കെ.എം ക്രിയോവേഷൻ ഹബ്ബിന്റെയും ഉദ്ഘാടനവും നിർവഹിക്കും.

ദേശീയ-അന്തർദേശീയ സെമിനാറുകൾ, ശിൽപശാലകൾ, വിദ്യാഭ്യാസ- ശാസ്ത്ര-സാംസ്കാരിക പ്രദർശനങ്ങൾ, വിദ്യാർഥികളിലെ ഗവേഷണ താൽപര്യം പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റുഡന്റ്സ് സെമിനാറുകൾ, പ്രബന്ധാവതരണ മത്സരങ്ങൾ, സ്കോളർഷിപ് വിതരണം, സാമൂഹിക സേവന പ്രവർത്തനങ്ങൾ, അക്കാദമിക പ്രസിദ്ധീകരണങ്ങൾ, സമ്പൂർണ പൂർവ വിദ്യാർഥി സംഗമം തുടങ്ങിയവ ആസൂത്രണം ചെയ്തിട്ടുണ്ട്.

വാർത്തസമ്മേളനത്തിൽ ടി.കെ.എം കോളജ് ട്രസ്റ്റ് അംഗം ടി.കെ. ജമാലുദ്ദീൻ മുസ്‌ലിയാർ, എക്സിക്യൂട്ടിവ് ഡയറക്ടർ ഡോ.എസ്. അയ്യൂബ്, പ്രിൻസിപ്പൽ പ്രഫ. എം.ജെ. ഷീബ, ടി.കെ.എം സ്കൂൾ ഓഫ് കമ്യൂണിക്കേഷൻ ഡയറക്ടർ യഹിയ, അധ്യാപകരായ ഡോ. ബോബി ടി. എഡ്വിൻ, ഡോ. മുഹമ്മദ് മുസ്തഫ, പി.ടി.എ വൈസ് പ്രസിഡന്റ് എച്ച്.ഹുസൈൻ എന്നിവർ പങ്കെടുത്തു.

**Madhyamam 15.2.2025, P3**



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ സംഘടിപ്പിച്ച രാജ്യാന്തര ഗണിത ശാസ്ത്ര ശിൽപശാല ഇറ്റലി പോളിടെക്നിക്കോ ഡി ടോറിനോയിലെ ഡോ. സാന്റോ ബാനർജി ഉദ്ഘാടനം ചെയ്യുന്നു.

ESTABLISHED 1888

മലയാള മനോരമ

**Malayala Manorama, 29.15.2025 Pii**

# സൗജന്യ തൈറോയ്ഡ് പരിശോധന ക്യാമ്പ്

കൊല്ലം ▸ ടികെഎം ആർട്സ് കോളേജിൽ 31-ന് ബയോകെമിസ്ട്രി അലംനൈയും ഹെൽത്ത് ക്ലബ്ബും സംയുക്തമായി കൊറ്റങ്കര ഗ്രാമപ്പഞ്ചായത്തുമായി സഹകരിച്ച് സൗജന്യ തൈറോയ്ഡ് പരിശോധന ക്യാമ്പ് നടത്തും. താത്പര്യമുള്ളവർ രാവിലെ 10-നുതന്നെ കോളേജിൽ എത്തണം.

**Mathrubhumi, 29.07.2025 P3**



സ്വിറ്റ്സർലൻഡ് ആസ്ഥാനമായ ഇന്റർനാഷനൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചറിനു (ഐയുസിഎൻ) കീഴിലുള്ള കമ്മിഷൻ ഓൺ ഇക്കോ സിസ്റ്റം മാനേജ്മെന്റിൽ അംഗത്വം ലഭിച്ച ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജ് അസിസ്റ്റന്റ് പ്രഫസർ ഡോ. മുംതാസ് യഹിയ

**Manorama, 02.07.2025 P2**

Mathrubhumi മാതൃഭൂമി

# ടി.കെ.എം. ആർട്സ് കോളേജ് വജ്രജൂബിലി ആഘോഷങ്ങൾക്ക് തുടക്കം

**കൊല്ലം ▸** ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ ഒരുവർഷം നീണ്ടുനിൽക്കുന്ന വജ്രജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം പി.സി.വിഷ്ണുനാഥ് എം.എൽ.എ. നിർവഹിച്ചു. ടി.കെ.എം.കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ഷഹാൽ ഹസൻ മുസലിയാർ അധ്യക്ഷനായി.



ടി.കെ.എം. ആർട്സ് കോളേജ് വജ്രജൂബിലി ആഘോഷങ്ങൾ പി.സി.വിഷ്ണുനാഥ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വില്ലുമല ട്രൈബൽ ഗവ. എൽ.പി.സ്കൂളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും കൊറ്റങ്കര പഞ്ചായത്ത് പതിനഞ്ചാംവാർഡിൽ 'ഗ്രാമീണം 360' എന്ന പേരിൽ നടപ്പാക്കുന്ന ഗ്രാമവികസന പദ്ധതിയുടെയും ഉദ്ഘാടനം എം.നൗഷാദ് എം.എൽ.എ. നിർവഹിച്ചു.

പ്രിൻസിപ്പൽ എം.ജെ.ഷീബ, ട്രസ്റ്റ് അംഗങ്ങളായ ടി.കെ.ജലാലുദീൻ മുസലിയാർ, ടി.കെ.ജമാലുദീൻ മുസലിയാർ, എം.ഹാറൂൺ, കേരള യൂണിവേഴ്സിറ്റി രജിസ്ട്രാർ കെ.എസ്.അനിൽകുമാർ, ടി.കെ.എം.കോളേജ് ട്രസ്റ്റ് എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. അയൂബ്, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്.ഹുസൈൻ, പഞ്ചായത്ത് അംഗം ഷീജാ സജീവ് തുടങ്ങിയവർ പ്രസംഗിച്ചു. കൊച്ചിൻ ബ്ലൂ സ്റ്റാറിന്റെ ഗാനമേളയും നടന്നു.

19/02/2025 PUNALUR Pg 03

Mathrubhumi മാതൃഭൂമി

# ടി.കെ.എം.ആർട്സ് കോളേജ് വജ്രജൂബിലി ഉദ്ഘാടനം

**കൊല്ലം ▸** ടി.കെ.എം.കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വജ്രജൂബിലി ആഘോഷം 18-ന് വൈകീട്ട് നാലിന് മന്ത്രി കെ.എൻ.ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. മന്ത്രി ഡോ. ആർ.ബിന്ദു അധ്യക്ഷയാകും.

ടി.കെ.എം.കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ടി.കെ.ഷഹാൽ ഹസൻ മുസലിയാർ ആമുഖപ്രഭാഷണം നടത്തും. പി.സി.വിഷ്ണുനാഥ് എം.എൽ.എ. ഡയമണ്ട് ജൂബിലി അനക്സ് കെട്ടിടവും എം.നൗഷാദ് എം.എൽ.എ. വജ്രജൂബിലി സംരംഭങ്ങളും ടി.കെ.എം.ക്രിയേഷൻ ഹബ്ബും ഉദ്ഘാടനം ചെയ്യും.

2025 ഡയമണ്ട് ജൂബിലി വർഷമായി ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ദേശീയ-അന്താരാഷ്ട്ര സെമിനാറുകൾ, ശില്പശാലകൾ, വിദ്യാഭ്യാസ-ശാസ്ത്ര-സാംസ്കാരിക പ്രദർശനങ്ങൾ, സ്റ്റുഡൻറ്സ് സെമിനാറുകൾ, പ്രബന്ധാവതരണ മത്സരങ്ങൾ, സ്കോളർഷിപ്പ് വിതരണം, സാമൂഹികസേവനപ്രവർത്തനങ്ങൾ, അക്കാദമിക പ്രസിദ്ധീകരണങ്ങൾ, സമ്പൂർണ പൂർവ വിദ്യാർഥിസംഗമം തുടങ്ങി ഒരു വർഷം നീണ്ടുനിൽക്കുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ വജ്രജൂബിലിയുടെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുണ്ട്.

1965 ജൂൺ 24-ന്, അന്നത്തെ കേരള സർവകലാശാലാ വൈസ് ചാൻസലർ സാമുവൽ മത്തായി ആയിരുന്നു കോളേജിന് തറക്കല്ലിട്ടത്.

കൊല്ലത്തിന്റെ ഉന്നതവിദ്യാഭ്യാസ ചരിത്രത്തിൽ നിർണായകമായ സംഭാവനകൾ നൽകാൻ ടി.കെ.എം.ആർട്സ് കോളേജിന് കഴിഞ്ഞിട്ടുണ്ടെന്ന് കോളേജ് ട്രസ്റ്റ് അംഗം ടി.കെ.ജമാലുദ്ധീൻ മുസലിയാർ പറഞ്ഞു.

കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ അക്രെഡിറ്റേഷനിൽ എ പ്ലസ് ഗ്രേഡ് നേടാൻ സാധിച്ചത് സ്ഥാപനത്തിന്റെ വളർച്ചയിൽ നാഴികക്കല്ലാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.അയൂബ്, പ്രിൻസിപ്പൽ എം.ജെ.ഷീബ, ടി.കെ.എം.സ്കൂൾ ഓഫ് കമ്യൂണിക്കേഷൻ ഡയറക്ടർ യഹിയ, അധ്യാപകരായ ബോബി ടി.എഡ്വിൻ, മുഹമ്മദ് മുസ്തഫ, പി.ടി.എ.വൈസ് പ്രസിഡന്റ് എച്ച്.ഹുസൈൻ എന്നിവർ പറഞ്ഞു.

15/02/2025 PUNALUR Pg 05

മലയാള മനോരമ

Malayala Manorama, 19.2.2025 P4



കൊല്ലം ടികെഎം ആർട്സ് ആൻഡ് കോളജ് വജ്ര ജൂബിലി ആഘോഷം പി. സി. വിഷ്ണുനാഥ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. പ്രിൻസിപ്പൽ എം.ജെ. ഷീബ, ടികെഎം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ടി.കെ. ഷഹാൽ ഹസൻ മുസല്യാർ, എം. നൗഷാദ് എംഎൽഎ, ടി.കെ. ജലാലുദ്ദീൻ മുസല്യാർ, ടി.കെ. ജലാലുദ്ദീൻ മുസല്യാർ, പ്രഫ. കെ.എസ്. അനിൽ കുമാർ തുടങ്ങിയവർ സമീപം. ചിത്രം: മനോരമ

# ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജ് വജ്ര ജൂബിലി ആഘോഷം

കൊല്ലം● ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജ് വജ്ര ജൂബിലി ആഘോഷം പി.സി. വിഷ്ണുനാഥ് എംഎൽഎ ഉദ്ഘാടനം ചെയ്തു. 60-ാം വാർഷികത്തിലും മൂല്യങ്ങൾ കാത്തു സൂക്ഷിക്കാൻ ടികെഎം കോളജ് ട്രസ്റ്റ് നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമെന്ന് വിഷ്ണുനാഥ് പറഞ്ഞു. ജൂബിലിയുടെ ഭാഗമായി നിർമിച്ച കെട്ടിടവും വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്തു.

വിവിധ പദ്ധതികളും ടികെഎം ക്രിയേറ്റിവേഷൻ ഹബ് എന്നിവ എം. നൗഷാദ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ടികെഎം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ടി.കെ. ഷഹൽ ഹസൻ മുസല്യാർ അധ്യക്ഷനായിരുന്നു. ട്രസ്റ്റ് അംഗങ്ങളായ ടി.കെ. ജലാലുദ്ദീൻ മുസല്യാർ, ടി.കെ. ജമാലുദ്ദീൻ മുസല്യാർ, ഡോ. മുഹമ്മദ് ഹാരൂൺ, കേരള സർവകലാശാല റജിസ്ട്രാർ ഡോ. കെ.എസ്. അനിൽകുമാർ, ടികെഎം കോളജ് ട്രസ്റ്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എസ്. അയൂബ്, പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീജ, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്. ഹുസൈൻ, കൊറ്റങ്കര പഞ്ചായത്ത് അംഗം ഷീജ സജീവ് തുടങ്ങിയവർ പ്രസംഗിച്ചു.

മലയാള മനോരമ

Malayala Manorama, 12.4.2025 P13



കരിക്കോട് ടികെഎം അക്വാടെക് സെന്ററിൽ ആരംഭിച്ച അവധിക്കാല നീന്തൽ പരിശീലനം പി.സി വിഷ്ണുനാഥ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. കോളജ് പ്രിൻസിപ്പൽ ഡോ.എം.ജെ ഷീബ അധ്യക്ഷത വഹിച്ചു. ടികെഎം കോളജ് ട്രസ്റ്റ് അംഗം ജമാലുദ്ദീൻ മുസല്യാർ, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്.ഹുസൈൻ, ഡോ.മനീഷ് റഷീദ്, ഡോ. ടി.സി അബ്ദുൽ റഫീഖ്, അക്വാടെക് സെന്റർ മാനേജർ രതീഷ് കുമാർ എന്നിവർ പ്രസംഗിച്ചു.

# ടികെഎം കോളേജ് വജ്രജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം 18ന്

ദേശാഭിമാനി

**കൊല്ലം**

ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിന്റെ വജ്രജൂബിലി ആഘോഷങ്ങൾ 18നു വൈകിട്ട് നാലിന് ധനമന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനംചെയ്യും. ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു അധ്യക്ഷയാകും.

ദേശീയ–അന്തർദേശീയ സെമിനാറുകൾ, ശിൽപ്പശാലകൾ, വിദ്യാഭ്യാസ– ശാസ്ത്ര– സാംസ്കാരിക പ്രദർശനങ്ങൾ, പ്രബന്ധാവതരണ മത്സരങ്ങൾ, സ്കോളർഷിപ് വിതരണം, സാമൂഹ്യ പ്രവർത്തനങ്ങൾ, അക്കാദമിക പ്രസിദ്ധീകരണങ്ങൾ, പൂർവ വിദ്യാർഥി സംഗമം തുടങ്ങി ഒരുവർഷം നീളുന്ന പരിപാടികൾ നടക്കും.

കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ടി കെ ഷഹാൽ ഹസ്സൻ മുസ്‌ലിയാർ ആമുഖപ്രഭാഷണം നടത്തും. ഡയമണ്ട് ജൂബിലി അനക്സ് കെട്ടിടം പി സി വിഷ്ണുനാഥ് എംഎൽഎയും വജ്രജൂബിലി സംരംഭങ്ങളുടെയും ടികെഎം ക്രിയോവേഷൻ ഹബ്ബിന്റെയും ഉദ്ഘാടനം എം നൗഷാദ് എംഎൽഎയും നിർവഹിക്കും. വാർത്താസമ്മേളനത്തിൽ ടി കെ ജമാലുദീൻ മുസ്‌ലിയാർ, എസ് അയ്യൂബ്, എം ജെ ഷീബ, യഹിയ, ബോബി ടി എഡ്വിൻ, മുഹമ്മദ് മുസ്തഫ, എച്ച് ഹുസൈൻ എന്നിവർ പങ്കെടുത്തു.

**Deshabhimani 15.02.2025, P4**

ദേശാഭിമാനി

# പൂർവവിദ്യാർഥി സംഗമം നാളെ

**കൊല്ലം**

ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ബയോകെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ പൂർവ വിദ്യാർഥി സംഗമവും സർവകലാശാല പരീക്ഷകളിൽ റാങ്ക് നേടിയ വിദ്യാർഥികൾക്കുള്ള അനുമോദനവും ശനി പകൽ 1.30ന് സംഘടിപ്പിക്കും. പ്രിൻസിപ്പൽ എം ജെ ഷീബ ഉദ്ഘാടനംചെയ്യും. ട്രസ്റ്റ് ട്രഷറർ ടി കെ ജലാലുദീൻ മുസ്‌ലിയാർ അവാർഡ് വിതരണംചെയ്യും. ഡോ. ചിഞ്ചു ബോസ് മുഖ്യപ്രഭാഷണം നടത്തും. ഫോൺ: 9895134367.

**Deshabhimani 07.02.2025, P4**

കേരളകൗമുദി

Epaper

**24.2.2025, P6**

# തങ്ങൾകുഞ്ഞു മുസലിയാർ എന്ന സാമൂഹ്യശില്പി

ഡോ. കായംകുളം യൂനുസ്



കേരള ചരിത്രത്തിൽ മായാത്ത മുദ്രപതിപ്പിച്ച ടി.കെ.എം എന്ന ത്ര്യക്ഷരിയിൽ പ്രശസ്തനായ തങ്ങൾ കുഞ്ഞുമുസലിയാരുടെ അറുപതാം ചരമവാർഷിക ദിനവും കടന്നുപോയി(ഫെബ്രു. 19) 'കശുഅണ്ടി രാജാവ്' എന്ന പേരിൽ കശുഅണ്ടിവ്യവസായ രംഗത്ത് ലോകപ്രശസ്തിനേടിയ തങ്ങൾകുഞ്ഞു മുസലിയാർ വിദ്യാഭ്യാസപ്രവർത്തകൻ, പത്രാധിപർ, എഴുത്തുകാരൻ, പ്രസാധകൻ, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിൽ സമൂഹത്തിനു നൽകിയ സംഭാവനകൾ അവിസ്മരണീയമാണ്.

വിദ്യാഭ്യാസരംഗത്ത് സ്വന്തം പണം മുടക്കി അദ്ദേഹം സ്ഥാപിച്ച കൊല്ലത്തെ ടി.കെ. എം എൻജിനിയറിംഗ് കോളേജ് കേരളത്തിന്റെ വളർച്ചയിൽ സുപ്രധാന പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലും വിദേശത്തും ഈ സാങ്കേതിക കലാലയത്തിൽ നിന്ന് പുറത്തുവരുന്നവർ അർപ്പിക്കുന്ന സംഭാവനകൾ ആ മഹാപുരുഷനുള്ള കാണിക്ക തന്നെ! ഐ.എസ്.ആർ.ഒയുടെ മുൻ ചെയർമാൻ ഡോ. സോമനാഥ് ഉൾപ്പെടെ അനേകം പ്രതിഭാശാലികൾ ആ പട്ടികയിലുണ്ട്.



തങ്ങൾ കുഞ്ഞുമുസലിയാർ

അദ്ദേഹം സ്ഥാപിച്ച ടി.കെ.എം ആർട്സ് കോളേജ് ഉൾപ്പെടെ പത്തോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ കെട്ടിപ്പടുത്തുകൊണ്ട് ടി.കെ.എം ട്രസ്റ്റ് പ്രസിഡന്റ് ഷഹാൽ ഹസ്സൻ മുസലിയാരും ട്രഷറർ ജലാലുദ്ദീൻ മുസലിയാരും മറ്റ് ട്രസ്റ്റികളും ആ മഹിത പാരമ്പര്യം പിന്തുടരുന്നു.

'പ്രഭാതം' ദിനപത്രത്തിന്റെ സ്ഥാപകനും പത്രാധിപരുമായിരുന്ന തങ്ങൾകുഞ്ഞു മുസലിയാർ വികസന റിപ്പോർട്ടിംഗ് മാതൃക നടപ്പിലാക്കിയ ആദ്യ പത്രാധിപന്മാരിലൊരാളാണ്. 'വിജ്ഞാനപോഷിണി' എന്ന പേരിൽ മുദ്രണാലയവും പ്രസാധകശാലയും സ്ഥാപിച്ച് എഴുത്തുകാരെ പ്രോത്സാഹിപ്പിച്ചതും എടുത്തുപറയേണ്ട കാര്യംതന്നെ. എഴുത്തുകാർക്ക് പ്രതിഫലം നൽകുന്ന മാതൃകയും അദ്ദേഹം നടപ്പിലാക്കി. 'പ്രഭാതരശ്മി' എന്ന പ്രസിദ്ധീകരണത്തിലൂടെ അദ്ദേഹത്തിന്റെ പിൻഗാമികൾ ഇന്നും ആ മാതൃക പിൻപറ്റുന്നു എന്നതും പ്രത്യേക പരാമർശം അർഹിക്കുന്നു.

ഇരുപത്തിയാറ് കശുഅണ്ടി ഫാക്ടറികളിലും അനുബന്ധ വ്യവസായങ്ങളിലുമായി ഇരുപത്തി അയ്യായിരത്തിലേറെ പേർക്ക് തൊഴിൽ നൽകി, ലോകത്തെ ഏറ്റവും വലിയ തൊഴിൽ ദാതാവ് എന്ന നിലയിൽ 'ഫോർച്യൂൺ' മാഗസിനിൽ ഇടംപിടിച്ച തങ്ങൾകുഞ്ഞു മുസലിയാർ ഇന്ത്യയിലെ ഏറ്റവും വലിയ കശുഅണ്ടിപ്പരിപ്പ് കയറ്റുമതിക്കാരനായിരുന്നു.

പ്രായോഗികാദ്വൈതം: പ്രകൃതിനിയമം, ഇന്നത്തെ പരിതസ്ഥിതിയിൽ കമ്മ്യൂണിസം, സോഷ്യലിസം, ക്യാപ്പിറ്റലിസം എന്നീ രണ്ട് ഗ്രന്ഥങ്ങൾ കൊണ്ട് കേരളീയ സമൂഹത്തിന് ദാർശനിക കാഴ്ചപ്പാട് പ്രദാനം ചെയ്യുകയും ആ രംഗത്ത് മുൻപേ പറക്കുന്ന പക്ഷിയായി മാറുകയും ചെയ്തു, തങ്ങൾകുഞ്ഞു മുസലിയാർ. തങ്ങൾ കുഞ്ഞുമുസലിയാരുടെ പ്രതിഭാവിലാസം അദ്ദേഹം കൈവച്ച സമസ്ത മേഖലകളിലും ദർശിക്കാനാകും.

*(തങ്ങൾകുഞ്ഞു മുസലിയാർ ജീവചരിത്രകാരനും കേന്ദ്രസാഹിത്യ അക്കാദമി മുൻ അംഗവുമാണ് ലേഖകൻ. 9446308600)*

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Epaper

**ചന്ദ്രിക**

# ടി.കെ.എം കോളജിൽ ബയോകെമിസ്ട്രി പൂർവ്വ വിദ്യാർഥി സംഗമം

കൊല്ലം: ടി.കെ.എം ആർട്സ് കോളജ് വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ബയോകെമിസ്ട്രി ഡിപ്പാർട്മെന്റിലെ പൂർവ വിദ്യാർഥികളുടെ സംഗമവും ബയോസ്റ്റാർസ് 25 എന്ന പേരിൽ യൂണിവേഴ്സിറ്റി പരീക്ഷകളിൽ റാങ്ക് നേടിയ വിദ്യാർത്ഥികൾക്കുള്ള അനുമോദനവും 8 ന് ശനിയാഴ്ച ഉച്ചക്ക് 1.30 ന് നടക്കും.

പ്രിൻസിപ്പൽ പ്രൊഫ. എം.ജെ ഷീബ ഉദ്ഘാടനം ചെയ്യും.

ടി.കെ.എം കോളജ് ട്രസ്റ്റ് ട്രഷറർ ടി.കെ ജലാലുദ്ദീൻ മുസ്ലിയാർ അവാർഡുകൾ വിതരണം ചെയ്യും.

ഡോ. ചിഞ്ചു ബോസ് മുഖ്യപ്രഭാഷണം നിർവഹിക്കും.

2001 ൽ ആരംഭിച്ച ബയോകെമിസ്ട്രി വിഭാഗത്തിൽ പഠിച്ചിറങ്ങിയ ബിരുദ- ബിരുദാനന്തര വിദ്യാർത്ഥികളുടെ ആദ്യത്തെ സമ്പൂർണ്ണ സംഗമമാണ് നടക്കുന്നത്. വിവരങ്ങൾക്ക് ഫോൺ: 9895134367

**Chandrika. 07.02.2025 P5**

**Mathrubhumi മാതൃഭൂമി**

# ടി.കെ.എം.കോളേജിൽ പൂർവ വിദ്യാർഥിസംഗമം




ടി.കെ.എം.കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ബയോകെമിസ്ട്രി വിഭാഗം പൂർവ വിദ്യാർഥികളുടെ സംഗമം പ്രിൻസിപ്പൽ പ്രൊഫ. എം.ജെ.ഷിബ ഉദ്ഘാടനം ചെയ്യുന്നു

**കൊല്ലം** ▸ ടി.കെ.എം.കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ബയോകെമിസ്ട്രി വിഭാഗം 'ജീവസ്പന്ദനം-25' എന്നപേരിൽ പൂർവ വിദ്യാർഥികളുടെ സംഗമം സംഘടിപ്പിച്ചു. പ്രിൻസിപ്പൽ പ്രൊഫ. എം.ജെ. ഷിബ ഉദ്ഘാടനം ചെയ്തു.

സർവകലാശാല പരീക്ഷകളിൽ റാങ്ക് നേടിയ വിദ്യാർഥികൾക്ക് അനുമോദനവും പഠനത്തിൽ മികവുപുലർത്തിയ വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകളും ട്രസ്റ്റ് അംഗം മുഹമ്മദ് അൻവർ മുസലിയാർ വിതരണം ചെയ്തു.

2001-ൽ ആരംഭിച്ച ബയോകെമിസ്ട്രി വിഭാഗത്തിൽനിന്ന് പഠിച്ചിറങ്ങിയ ബിരുദ-ബിരുദാനന്തര വിദ്യാർഥികളുടെ ആദ്യത്തെ സമ്പൂർണ സംഗമമാണിത്. ആദ്യ ബാച്ചിലെ വിദ്യാർഥിയും അമൃത വിശ്വവിദ്യാപീഠം ബയോടെക്നോളജി വിഭാഗം അധ്യാപകനുമായ ഡോ. ചിഞ്ചു ബോസ് ബയോകെമിസ്ട്രിയുടെ ഭാവിസാധ്യതകളെക്കുറിച്ച് പ്രഭാഷണം നടത്തി.

മുൻ വകുപ്പുമേധാവി ഡോ. ബി.ലത, ടി.കെ.എം.ആർട്സ് കോളേജ് അലംനൈ അസോസിയേഷൻ ഭാരവാഹികളായ യഹിയ, ശ്രീവത്സകുമാർ, മുൻ അധ്യാപകരായ ഡോ. ആശാ ചന്ദ്രൻ, വകുപ്പുമേധാവി ഡോ. എ.അജിൻസ എന്നിവർ പ്രസംഗിച്ചു.

**Mathrubhumi, 15.02.2025, P2**



**Madhyamam 12.2.2025, P4**



'ജീവസ്സന്ദനം 2025' പൂർവവിദ്യാർഥി സംഗമം പ്രിൻസിപ്പൽ പ്രഫ. എം.ജെ. ഷീബ ഉദ്ഘാടനം ചെയ്യുന്നു

## പൂർവവിദ്യാർഥി സംഗമം

കൊല്ലം: ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വജ്ര ജൂബിലി ആഘോഷ ഭാഗമായി ബയോകെമിസ്ട്രി വിഭാഗം 'ജീവസ്സന്ദനം 25' എന്ന പേരിൽ പൂർവ വിദ്യാർഥി സംഗമം സംഘടിപ്പിച്ചു. പ്രൻസിപ്പൽ പ്രഫ. എം.ജെ. ഷീബ ഉദ്ഘാടനം ചെയ്തു. റാങ്ക് നേടിയ വിദ്യാർഥികൾക്ക് അനുമോദനവും സ്കോളർഷിപ്പുകളും ടി.കെ.എം കോളജ് ട്രസ്റ്റ് അംഗം മുഹമ്മദ് അൻവർ മുസലിയാർ വിതരണം ചെയ്തു.

ആദ്യ ബാച്ചിലെ വിദ്യാർഥിയും അമൃത വിശ്വവിദ്യാപീഠം ബയോടെക്നോളജി വിഭാഗം അധ്യാപകനുമായ ഡോ. ചിഞ്ചു ബോസ് പ്രഭാഷണം നടത്തി. മുൻ വകുപ്പു മേധാവി ഡോ. ലത, യഹിയ, ശ്രീവത്സകുമാർ, ഡോ. ആശ ചന്ദ്രൻ, വകുപ്പ് മേധാവി ഡോ. അജിൻസ എന്നിവർ സംസാരിച്ചു.

## പൂർവവിദ്യാർഥി സംഗമം

കൊല്ലം ▸ ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ബയോകെമിസ്ട്രി വിഭാഗത്തിലെ പൂർവവിദ്യാർഥികളുടെ സംഗമവും 'ബയോസ്റ്റാർസ്-25' എന്നപേരിൽ യൂണിവേഴ്സിറ്റി പരീക്ഷകളിൽ റാങ്ക് നേടിയ വിദ്യാർഥികൾക്കുള്ള അനുമോദനവും സംഘടിപ്പിക്കും.
ശനിയാഴ്ച ഉച്ചയ്ക്ക് 1.30-ന് പ്രിൻസിപ്പൽ പ്രൊഫ. എം.ജെ. ഷീബ ഉദ്ഘാടനം ചെയ്യും. ടി.കെ.എം. കോളേജ് ട്രസ്റ്റ് ട്രഷറർ ടി.കെ.ജലാലുദ്ദീൻ മുസലിയാർ അവാർഡുകൾ വിതരണം ചെയ്യും.

2001-ൽ ആരംഭിച്ച ബയോകെമിസ്ട്രി വിഭാഗത്തിൽ പഠിച്ചിറങ്ങിയ ബിരുദ ബിരുദാനന്തര വിദ്യാർഥികളുടെ ആദ്യത്തെ സമ്പൂർണ സംഗമമാണിത്. വിവരങ്ങൾക്ക് ഫോൺ: 9895134367.

**Mathrubhumi, 07.02.2025 P4**

മലയാള മനോരമ



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ബയോകെമിസ്ട്രി വിഭാഗം സംഘടിപ്പിച്ച പൂർവ വിദ്യാർഥി സംഗമം പ്രിൻസിപ്പൽ പ്രഫ.എം.ജെ.ഷീബ ഉദ്ഘാടനം ചെയ്യുന്നു.

### 'ജീവസ്പന്ദനം 25'

## പൂർവ വിദ്യാർഥി സംഗമം നടത്തി

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ബയോകെമിസ്ട്രി വിഭാഗം സംഘടിപ്പിച്ച പൂർവ വിദ്യാർഥി സംഗമം 'ജീവസ്പന്ദനം 25' പ്രിൻസിപ്പൽ പ്രഫ.എം.ജെ.ഷീബ ഉദ്ഘാടനം ചെയ്തു.

യൂണിവേഴ്സിറ്റി പരീക്ഷകളിൽ റാങ്ക് നേടിയ വിദ്യാർഥികൾക്കുള്ള അനുമോദനവും പഠനത്തിൽ മികവ് പുലർത്തിയ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പുകളും ടികെഎം കോളജ് ട്രസ്റ്റ് അംഗം മുഹമ്മദ് അൻവർ മുസല്യാർ വിതരണം ചെയ്തു. അമൃത വിശ്വവിദ്യാപീഠം ബയോടെക്നോളജി വിഭാഗം അധ്യാപകൻ ഡോ.ചിഞ്ചു ബോസ്, വകുപ്പ് മുൻ മേധാവി ഡോ.ബി.ലത, ടികെഎം ആർട്സ് കോളജ് അലൂമിനി അസോസിയേഷൻ ഭാരവാഹികളായ യഹിയ, ശ്രീവത്സകുമാർ, മുൻ അധ്യാപകരായ ഡോ.ആശ ചന്ദ്രൻ, വകുപ്പ് മേധാവി ഡോ.എ.അജിൻസ എന്നിവർ പ്രസംഗിച്ചു.

**Malayala Manorama, 12.2.2025 P2**



കേരള യൂണിവേഴ്സിറ്റി കലോത്സവത്തിൽ ഭരതനാട്യത്തിൽ ഫസ്റ്റും കുച്ചിപ്പുടിയിൽ മൂന്നാം സ്ഥാനവും നേടിയ കറവൂർ ശ്രീരാഗത്തിൽ ആർ.യു.ദേവി പ്രിയ. കൊല്ലം ടികെഎം കോളജിലെ എംകോം ആദ്യ വർഷ വിദ്യാർഥി.

**Malayala Manorama, 01.06.2025 P13**



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ബയോകെമിസ്ട്രി വിഭാഗം സംഘടിപ്പിച്ച പൂർവ വിദ്യാർഥി സംഗമം പ്രിൻസിപ്പൽ പ്രഫ.എം.ജെ.ഷീബ ഉദ്ഘാടനം ചെയ്യുന്നു.

‘ജീവസ്പന്ദനം 25’

## പൂർവ വിദ്യാർഥി സംഗമം നടത്തി

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ബയോകെമിസ്ട്രി വിഭാഗം സംഘടിപ്പിച്ച പൂർവ വിദ്യാർഥി സംഗമം ‘ജീവസ്പന്ദനം 25’ പ്രിൻസിപ്പൽ പ്രഫ.എം.ജെ.ഷീബ ഉദ്ഘാടനം ചെയ്തു.

യൂണിവേഴ്സിറ്റി പരീക്ഷകളിൽ റാങ്ക് നേടിയ വിദ്യാർഥികൾക്കുള്ള അനുമോദനവും പഠനത്തിൽ മികവ് പുലർത്തിയ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പുകളും ടികെഎം കോളജ് ട്രസ്റ്റ് അംഗം മുഹമ്മദ് അൻവർ മുസ ല്യാർ വിതരണം ചെയ്തു. അമൃത വിശ്വവിദ്യാപീഠം ബയോടെക്നോളജി വിഭാഗം അധ്യാപകൻ ഡോ.ചിഞ്ചു ബോസ്, വകുപ്പ് മുൻ മേധാവി ഡോ.ബി.ലത, ടികെഎം ആർട്സ് കോളജ് അലൂമിനി അസോസിയേഷൻ ഭാരവാഹികളായ യഹിയ, ശ്രീവത്സ കുമാർ, മുൻ അധ്യാപകരായ ഡോ.ആശ ചന്ദ്രൻ, വകുപ്പ് മേധാവി ഡോ.എ.അജിൻസ എന്നിവർ പ്രസംഗിച്ചു.

**Malayala Manorama, 12.2.2025 P2**

## പൂർവ വിദ്യാർഥി സംഗമം

കൊല്ലം: ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ വജ്ര ജൂബിലി ആഘോഷ ഭാഗമായി ബയോകെമിസ്ട്രി ഡിപ്പാർട്മെന്റിലെ പൂർവ വിദ്യാർഥികളുടെ സംഗമവും 'ബയോസ്റ്റാർസ് -25' എന്ന പേരിൽ യൂനിവേഴ്സിറ്റി പരീക്ഷകളിൽ റാങ്ക് നേടിയ വിദ്യാർഥികൾക്കുള്ള അനുമോദനവും സംഘടിപ്പിക്കും. ശനിയാഴ്ച ഉച്ചക്ക് 1.30ന് പ്രിൻസിപ്പൽ പ്രഫ. എം.ജെ. ഷീബ ഉദ്ഘാടനം ചെയ്യും. കോളജ് ട്രസ്റ്റ് ട്രഷറർ ടി.കെ. ജലാലുദ്ദീൻ മുസ്‌ലിയാർ അവാർഡുകൾ വിതരണം ചെയ്യും. ഡോ. ചിഞ്ചു ബോസ് മുഖ്യപ്രഭാഷണം നിർവഹിക്കും.

**Madhyamam 07.2.2025, P4**

## മുഖാമുഖം സംവാദം

കൊല്ലം ● സംസ്ഥാന വനിത കമ്മിഷനും ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ മിത്ര വിമൻ സെൽ, വിമൻ സ്റ്റഡി യൂണിറ്റ്, എഫ്ഡിഎസ്ജെ ക്ലബ് എന്നിവ ചേർന്ന് മുഖാമുഖം സംവാദം സംഘടിപ്പിച്ചു. വനിതാ കമ്മിഷൻ അംഗം ഇന്ദിര രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ പ്രഫ. എം.ജെ. ഷീബ അധ്യക്ഷത വഹിച്ചു. എച്ച്ആർ പരിശീലകൻ എ.ഷഹാറുദ്ദീൻ ക്ലാസ് എടുത്തു. മിത്ര വിമൻ സെൽ കോഓർഡിനേറ്റർമാരായ ഡോ. തനൂജ താഹ, എസ്.ഹസീന, വനിതാ കമ്മിഷൻ റിസർച് ഓഫിസർ എ.ആർ.അർച്ചന, വനിതാ സ്റ്റഡി യൂണിറ്റ് കോഓർഡിനേറ്റർ ഡോ. എം.വി.രോഹിണി കൃഷ്ണ, എഫ്ഡിഎസ്ജെ ക്ലബ് കോഓർഡിനേറ്റർ ഡോ. മുംതാസ് യഹിയ എന്നിവർ പ്രസംഗിച്ചു.

**Malayala Manorama, 31.2.2025 P15**

## ആദരവും സ്മൃതിസന്ധ്യയും

കൊല്ലം ● 1975 – 85 കാലയളവിൽ ടികെഎം ആർട്സ് കോളജിൽ പഠിച്ചിരുന്ന വിദ്യാർഥികളുടെ കൂട്ടായ്മയായ ടികെഎം അറ്റ് എയ്റ്റീസിന്റെ നേതൃത്വത്തിൽ നാളെ കോളജ് ഓഡിറ്റോറിയത്തിൽ ആദരവും സ്മൃതിസന്ധ്യയും സംഘടിപ്പിക്കും. ടികെഎം ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസല്യാരെയും കോളജിന്റെ 60 വർഷത്തിനിടെ കേരള സർവകലാശാലയിൽ നിന്ന് ആദ്യ 3 റാങ്കുകൾ നേടിയ വിദ്യാർഥികളെയും ആദരിക്കും. നാളെ ഉച്ചയ്ക്ക് 2ന് ടികെഎം ട്രസ്റ്റ്

**Malayala Manorama, 26.07.2025 P12**

## ടികെഎം ആർട്സ്

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ബയോകെമിസ്ട്രി വകുപ്പിലെ പൂർവ വിദ്യാർഥികളുടെ സംഗമവും 'ബയോസ്റ്റാർസ് 25' എന്ന പേരിൽ സർവകലാശാലാ പരീക്ഷകളിൽ റാങ്ക് നേടിയ വിദ്യാർഥികൾക്കുള്ള അനുമോദന പരിപാടിയും നടത്തും. നാളെ ഉച്ചയ്ക്ക് 1.30നു പ്രിൻസിപ്പൽ പ്രഫ. എം.ജെ.ഷീബ ഉദ്ഘാടനം ചെയ്യും.

ടികെഎം കോളജ് ട്രസ്റ്റ് ട്രഷറർ ടി.കെ.ജലാലുദ്ദീൻ മുസല്യാർ പുരസ്കാരങ്ങൾ വിതരണം ചെയ്യും. 2001ൽ ആരംഭിച്ച ബയോകെമിസ്ട്രി വിഭാഗത്തിൽ പഠിച്ചിറങ്ങിയ ബിരുദ – ബിരുദാനന്തര വിദ്യാർഥികളുടെ ആദ്യത്തെ സമ്പൂർണ സംഗമമാണു നടക്കുന്നത്. ഫോൺ – 9895134367.

**Malayala Manorama, 07.02.2025 P12**

Mathrubhumi മാതൃഭൂമി

## ഒ.എൻ.വി. അനുസ്മരണവും ഗാനവിരുന്നും



കൊല്ലം ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജ് ലൈബ്രറിയും മലയാളവിഭാഗവും അധ്യാപക കലാസാഹിതിയുമായി ചേർന്ന് നടത്തിയ ഒ.എൻ.വി.അനുസ്മരണം പ്രിൻസിപ്പൽ പ്രൊഫ. എം.ജെ.ഷീബ ഉദ്ഘാടനം ചെയ്യുന്നു

**കൊല്ലം ▸** ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജ് ലൈബ്രറിയും മലയാളവിഭാഗവും അധ്യാപക കലാസാഹിതിയുമായി ചേർന്ന് ഒ.എൻ.വി.യുടെ ഒൻപതാം ചരമവാർഷികം ആചരിച്ചു. പ്രിൻസിപ്പൽ പ്രൊഫ. എം.ജെ.ഷീബ ഉദ്ഘാടനം ചെയ്തു.

മലയാളവിഭാഗം മേധാവി എസ്.ഹസീന അനുസ്മരണപ്രഭാഷണം നടത്തി. അധ്യാപക കലാസാഹിതി സംസ്ഥാന പ്രസിഡന്റ് എ.ഷാനവാസ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി കുരീപ്പുഴ ഫ്രാൻസിസ്, കോളേജ് ലൈബ്രേറിയൻ ഡോ. കെ.മുഹമ്മദ് മുസ്തഫ, വിദ്യാർഥി യൂണിയൻ വൈസ് ചെയർപേഴ്സൺ ഷഹന ഷാഹുൽ എന്നിവർ പ്രസംഗിച്ചു. കൊച്ചിൻ ബ്ലൂസ്റ്റാർ ഓർക്കസ്ട്രയുടെ നേതൃത്വത്തിൽ ഒ.എൻ.വി. ഗാനവിരുന്നും നടത്തി. ഡോ. എം.ജെ. ഷീബ, ഡോ. കെ.മുഹമ്മദ് മുസ്തഫ എന്നിവർക്ക് അധ്യാപക കലാസാഹിതിയുടെ കൗമുദി ടീച്ചർ രജതജൂബിലി പുരസ്കാരം സമ്മാനിച്ചു.

**കൊല്ലം ▸** ആശ്രാമം നാഷണൽ ലൈബ്രറി ആൻഡ് റീഡിങ് റൂമിന്റെ നേതൃത്വത്തിൽ ഒ.എൻ.വി.അനുസ്മരണം സംഘടിപ്പിച്ചു. കവി ചവറ കെ.എസ്.പിള്ള ഉദ്ഘാടനം ചെയ്തു. ലൈബ്രറി പ്രസിഡന്റ് ആശ്രാമം ഭാസി അധ്യക്ഷത വഹിച്ചു. സലിം നാരായണൻ, ശ്രീഘനൻ എന്നിവർ പ്രസംഗിച്ചു. ഒ.എൻ.വി. മലയാളം പഠനകേന്ദ്രം ലൈബ്രറി സംഘടിപ്പിച്ച ഒ.എൻ.വി. അനുസ്മരണപരിപാടിയിൽ ഡോ. ആർ.എസ്.രാജീവ് അനുസ്മരണപ്രഭാഷണം നടത്തി. ലൈബ്രറി പ്രസിഡന്റ് എക്സ്.ഏണസ്റ്റ് അധ്യക്ഷത വഹിച്ചു. രാധാ കാക്കനാടൻ, പി.ജെ.അർച്ചന കെ.എസ്.ജ്യോതി, സെക്രട്ടറി എ.റഷീദ്, ട്രഷറർ എ.സബീബുള്ള എന്നിവർ പ്രസംഗിച്ചു.

**14/02/2025 KOLLAM Pg 02**

# ഒ.എൻ.വി അനുസ്മരണവും ഗാനവിരുന്നും

മാധ്യമം

**Madhyamam 14.02.2025, P4**

**കൊല്ലം:** ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജ് ലൈബ്രറിയും മലയാള വിഭാഗവും അധ്യാപക കലാസാഹിതിയുമായി സഹകരിച്ച് ഒ.എൻ.വിയുടെ ഒമ്പതാം ചരമവാർഷികം ആചരിച്ചു. പ്രിൻസിപ്പൽ പ്രഫ. എം.ജെ. ഷീബ ഉദ്ഘാടനം ചെയ്തു. മലയാള വിഭാഗം മേധാവി ഹസീന അനുസ്മരണ പ്രഭാഷണം നിർവഹിച്ചു. അധ്യാപക കലാസാഹിതി സംസ്ഥാന പ്രസിഡന്റ് ഷാനവാസ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി കുരീപ്പുഴ ഫ്രാൻസിസ്, കോളജ് ലൈബ്രേറിയൽ ഡോ. മുഹമ്മദ് മുസ്തഫ, വിദ്യാർഥി യൂനിയൻ വൈസ് ചെയർപേഴ്സൻ ഷഹന ഷാഹുൽ എന്നിവർ സംസാരിച്ചു. കൊച്ചിൻ ബ്ലൂസ്റ്റാർ ഓർക്കസ്ട്രയുടെ നേതൃത്വത്തിൽ ഒ.എൻ.വി ഗാനങ്ങളുടെ ആലാപന വിരുന്ന് നടത്തി.

# ഒ എൻ വി അനുസ്മരണവും ഗാനവിരുന്നും



**Deshabhimani 14.02.2025, P4**

ടികെഎം ആർട്സ് കോളേജിൽ നടന്ന ഒഎൻവി അനുസ്മരണം പ്രിൻസിപ്പൽ ഡോ. എം ജെ ഷീബ ഉദ്ഘാടനംചെയ്യുന്നു

**കൊല്ലം**

ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജ് ലൈബ്രറിയും മലയാള വിഭാഗവും അധ്യാപക കലാസാഹിതിയുമായി സഹകരിച്ച് ഒ എൻ വിയുടെ ഒമ്പതാം ചരമവാർഷികം ആചരിച്ചു. പ്രിൻസിപ്പൽ എം ജെ ഷീബ ഉദ്ഘാടനംചെയ്തു. മലയാള വിഭാഗം മേധാവി ഹസീന എസ് അനുസ്മരണ പ്രഭാഷണം നടത്തി. അധ്യാപക കലാസാഹിതി സംസ്ഥാന പ്രസിഡന്റ് ഷാനവാസ് അധ്യക്ഷനായി. സെക്രട്ടറി കുരീപ്പുഴ ഫ്രാൻസിസ് സംസാരിച്ചു. കൊച്ചിൻ ബ്ലൂസ്റ്റാർ ഓർക്കസ്ട്രയുടെ നേതൃത്വത്തിൽ ഒ എൻ വി ഗാനങ്ങളുടെ ആലാപന വിരുന്ന് സംഘടിപ്പിച്ചു. ഡോ. മുഹമ്മദ് മുസ്തഫ സ്വാഗതവും വിദ്യാർഥി യൂണിയൻ വൈസ് ചെയർപേഴ്സൺ ഷഹ്ന ഷാഹുൽ നന്ദിയും പറഞ്ഞു. ഡോ. എം ജെ ഷീബ, ഡോ. കെ മുഹമ്മദ് മുസ്തഫ എന്നിവർക്ക് കൗമുദി ടീച്ചർ രജത ജൂബിലി പുരസ്കാരം സമ്മാനിച്ചു.

മലയാള മനോരമ



ടികെഎം ആർട്സ് കോളജിൽ നടത്തിയ ഒഎൻവി അനുസ്മരണവും ഗാനവിരുന്നും പ്രിൻസിപ്പൽ പ്രഫ.എം.ജെ.ഷീബ ഉദ്ഘാടനം ചെയ്യുന്നു. ഷാനവാസ് അധ്യക്ഷത വഹിച്ചു. മഎസ്.ഹസീന, കുരീപ്പുഴ ഫ്രാൻസിസ്, ഡോ.മുഹമ്മദ് മുസ്തഫ, ഷഹന ഷാഹുൽ എന്നിവർ പ്രസംഗിച്ചു. ഡോ.എം.ജെ ഷീബ, ഡോ കെ.മുഹമ്മദ് മുസ്തഫ എന്നിവർക്ക് കൗമുദി ടീച്ചർ രജത ജൂബിലി പുരസ്കാരം സമ്മാനിച്ചു.

**Malayala Manorama, 14.02.2025 Pii**

## നാടക ശിൽപശാല

കൊല്ലം: ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഇംഗ്ലീഷ് വിഭാഗം ബിരുദാനന്തരബിരുദ വിദ്യാർഥികൾക്ക് നാടക ശിൽപശാല സംഘടിപ്പിച്ചു. തിയറ്റർ പ്രവർത്തകനും എഴുത്തുകാരനുമായ ഡോ. ടി. ആരോമൽ നേതൃത്വം നൽകി. പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ ഉദ്ഘാടനം ചെയ്തു. ഇംഗ്ലീഷ് വിഭാഗം മേധാവി ഡോ. ഷഫാന ഷാഫി, നിയാസ്, ആയിഷ ഷറഫ് എന്നിവർ സംസാരിച്ചു.

**Madhyamam 23.02.2025, P4**

മാതൃഭൂമി

## ടി.കെ.എം.കോളേജിൽ നാടകശില്പശാല

കൊല്ലം ▸ടി.കെ.എം.കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ ഇംഗ്ലീഷ് വിഭാഗം ബിരുദാനന്തര ബിരുദ വിദ്യാർഥികൾ നാടക ശില്പശാല സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഡോ. എം.ജെ.ഷീബ ഉദ്ഘാടനം ചെയ്തു. തിയേറ്റർ പ്രവർത്തകൻ ഡോ. ടി.ആരോമൽ ശില്പശാലയ്ക്ക് നേതൃത്വം നൽകി. ഇംഗ്ലീഷ് വിഭാഗം മേധാവി ഡോ. ഷഫാന ഷാഫി, എസ്.എം.നിയാസ്, ആയിഷ ഷറഫ് എന്നിവർ സംസാരിച്ചു.

**Mathrubhumi, 23.02.2025 P3**

Mathrubhumi
മാതൃഭൂമി

# ‘ഇന്റർനെറ്റും മാനസിക ആരോഗ്യവും’ സെമിനാർ



ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ബയോകെമിസ്ട്രി വിഭാഗവും ഹെൽത്ത് ക്ലബ്ബും കൊല്ലം കിംസ് ഹെൽത്ത് ഹോസ്പിറ്റലിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച സെമിനാർ പ്രിൻസിപ്പൽ ഡോ. എം.ജെ.ഷീബ ഉദ്ഘാടനം ചെയ്യുന്നു

**കൊല്ലം** ► ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ബയോകെമിസ്ട്രി വിഭാഗവും ഹെൽത്ത് ക്ലബ്ബും കൊല്ലം കിംസ് ഹെൽത്ത് ഹോസ്പിറ്റലിന്റെ സഹകരണത്തോടെ 'ഇന്റർനെറ്റും മാനസികാരോഗ്യവും' എന്ന വിഷയത്തിൽ സെമിനാർ നടത്തി.

യുവാക്കളിൽ ഇൻർനെറ്റ് ആസക്തിമൂലം ഉണ്ടാകുന്ന മാനസികാരോഗ്യപ്രശ്നങ്ങളെക്കുറിച്ചും പരിഹാരമാർഗങ്ങളെക്കുറിച്ചും കിംസ് ഹെൽത്ത് ഹോസ്പിറ്റലിലെ മാനസികാരോഗ്യവിദഗ്ധൻ ഡോ. എബ്രഹാം ജെറോം സംസാരിച്ചു.

കോളേജ് പ്രിൻസിപ്പൽ ഡോ. എം.ജെ.ഷീബ ഉദ്ഘാടനം ചെയ്തു. ഡോ. പി.എൻ.അൻസിൽ, ബയോകെമിസ്ട്രി വിഭാഗം മേധാവി ഡോ. എ.അജിൻസ, ഹെൽത്ത് ക്ലബ് കോഡിനേറ്റർ ഡോ. എസ്.സൗമ്യ തുടങ്ങിയവർ പ്രസംഗിച്ചു.

18/01/2025 KOLLAM Pg 02




ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ ദേശീയ ശാസ്ത്ര ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പരിസ്ഥിതി സെമിനാർ ഡോ. ജി.നരേന്ദ്രപ്രഭു ഉദ്ഘാടനം ചെയ്യുന്നു.

## ടികെഎം കോളജിൽ ശാസ്ത്ര ദിനാചരണം

കൊല്ലം ● വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ബോട്ടണി വിഭാഗം, കേരള സംസ്ഥാന ശാസ്ത്ര - സാങ്കേതിക - പാരിസ്ഥിതിക കൗൺസിലുമായി സഹകരിച്ചു ദേശീയ ശാസ്ത്ര ദിനാചരണം നടത്തി. സെമിനാർ ഡോ. ജി. നരേന്ദ്രപ്രഭു ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ പ്രഫ. എം.ജി.ഷീബ അധ്യക്ഷത വഹിച്ചു. ഡോ. എ.ബിജുകുമാർ, ഡോ. ഇ.എ.സിറിൽ, ഡോ. ഇ.ഷാജി, ഡോ. സാബു ജോസഫ് എന്നിവർ വിഷയാവതരണം നടത്തി. ടികെഎം കോളജ് ട്രസ്റ്റ് അംഗം ജെ.അഫ്സൽ മുസല്യാർ, ബോട്ടണി വിഭാഗം മേധാവി ഡോ. ബോബി ടി. എഡ്വിൻ, ഡോ. രോഹിണി കൃഷ്ണ, ഡോ. മുംതാസ് യഹിയ, ഡോ. ജി.സംഗീത എന്നിവർ പ്രസംഗിച്ചു.

**Malayala Manorama, 09.02.2025 P2**

## ടി.കെ.എം. ആർട്സ് കോളേജിൽ പാരിസ്ഥിതിക സെമിനാർ




ടി.കെ.എം. ആർട്സ് കോളേജിലെ പാരിസ്ഥിതിക സെമിനാറുകളുടെ ഉദ്ഘാടനം ജി.നരേന്ദ്രപ്രഭു നിർവഹിക്കുന്നു

കൊല്ലം ▸ ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി, ബോട്ടണി വിഭാഗത്തിന്റെ നേതൃത്വത്തിൽ കെ.എസ്.സി.എസ്.ടി.ഇ.യുമായി സഹകരിച്ച് ദേശീയ ശാസ്ത്ര ദിനം ആചരിച്ചു.

പാരിസ്ഥിതിക അസന്തുലിതാവസ്ഥയെക്കുറിച്ചുള്ള വിവിധ സെമിനാറുകൾ ജി.നരേന്ദ്രപ്രഭു ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ എം.ജി.ഷീബ അധ്യക്ഷയായി. കോളേജ് ട്രസ്റ്റ് അംഗം ജെ.അഫ്സൽ മുസലിയാർ, ബോട്ടണി വിഭാഗം തലവൻ ബോബി ടി.എഡ്വിൻ, രോഹിണി കൃഷ്ണ, മുംതാസ് യഹിയ, ജി.സംഗീത തുടങ്ങിയവർ പ്രസംഗിച്ചു.

വിവിധ സെഷനുകളിലായി എ.ബിജുകുമാർ, ഇ.എ.സിറിൽ, ഇ.ഷാജി, സാബു ജോസഫ് തുടങ്ങിയവർ വിഷയം അവതരിപ്പിച്ചു. വിവിധ കോളേജുകളിൽനിന്നുള്ള വിദ്യാർഥികൾ പ്രബന്ധാവതരണം നടത്തി.

**Mathrubhumi, 08.02.2025 P5**

## ടി.കെ.എം ആർട്സ് കോളജിൽ പരിസ്ഥിതി സെമിനാർ

കൊല്ലം: ഡയമണ്ട് ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ബോട്ടണി വിഭാഗം കേരള സംസ്ഥാന ശാസ്ത്ര-സങ്കേതിക-പരിസ്ഥിതി കൗൺസിലുമായി (കെ.എസ്.സി.എസ്.ടി.ഇ) സഹകരിച്ച് ദേശീയ ശാസ്ത്രദിനം ആചരിച്ചു. ദിനാചരണത്തിന്റെ ഭാഗമായി പാരിസ്ഥിതിക അസന്തുലിതാവസ്ഥയെക്കുറിച്ച് രണ്ടുദിവസം നീളുന്ന സെമിനാറുകൾ നടന്നു. ഡോ. ജി. നരേന്ദ്രപ്രഭു ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ പ്രഫ. എം.ജി. ഷീബ അധ്യക്ഷത വഹിച്ചു. ടി.കെ.എം കോളജ് ട്രസ്റ്റ് അംഗം ജെ. അഫ്സൽ മുസലിയാർ, ബോട്ടണി വിഭാഗം തലവൻ ഡോ. ബോബി ടി. എഡ്വിൻ, ഡോ. രോഹിണി കൃഷ്ണ, ഡോ. മുംതാസ് യഹിയ, ഡോ. ജി. സംഗീത തുടങ്ങിയവർ സംസാരിച്ചു. വിവിധ സെഷനുകളിലായി ഡോ. എ. ബിജുകുമാർ, ഡോ. ഇ.എ. സിറിൽ, ഡോ. ഇ. ഷാജി, ഡോ. സാബു ജോസഫ് തുടങ്ങിയവർ വിഷയം അവതരിപ്പിച്ചു. കേരളത്തിലെ വിവിധ കോളജുകളിൽനിന്നുള്ള വിദ്യാർഥികൾ പ്രബന്ധാവതരണം നടത്തി. മികച്ച പ്രബന്ധങ്ങൾക്ക് അവാർഡുകൾ നൽകി.

**Madhyamam 08.02.2025, P4**



സംസ്ഥാന വനിത കമ്മിഷനും ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ മിത്ര വിമൻ സെൽ, വിമൻ സ്റ്റഡി യൂണിറ്റ്, എഫ്ഡിഎസ്ജെ ക്ലബ് എന്നിവ ചേർന്നു നടത്തിയ മുഖാമുഖം സംവാദം വനിതാ കമ്മിഷൻ അംഗം ഇന്ദിര രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

**Malayala Manorama, 30.02.2025 Pii**



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഇംഗ്ലിഷ് വിഭാഗം നടത്തിയ നാടക ശിൽപശാലയിൽ തിയറ്റർ പ്രവർത്തകനും എഴുത്തുകാരനുമായ ഡോ.ടി.ആരോമൽ പ്രസംഗിക്കുന്നു. പ്രിൻസിപ്പൽ ഡോ. എം.ജെ.ഷീബ ശിൽപശാല ഉദ്ഘാടനം ചെയ്തു. ഇംഗ്ലിഷ് വിഭാഗം മേധാവി ഡോ.ഷഹാന ഷാഫി, എസ്.എം.നിയാസ്, ആയിഷ ഷറഫ് എന്നിവർ പ്രസംഗിച്ചു.

**Malayala Manorama, 23.02.2025 P3**

മാതൃഭൂമി

## അധ്യാപക ഒഴിവ്

കൊല്ലം ▸ ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ താത്കാലിക കൊമേഴ്സ് അധ്യാപക ഒഴിവ്. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും നെറ്റുമാണ് യോഗ്യത. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഗസ്റ്റ് പാനലിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഉദ്യോഗാർഥികൾ ബയോഡേറ്റയും വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ കോപ്പിയും സഹിതം tkmartsguest@gmail.com എന്ന ഇ-മെയിലിൽ 16-നകം അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0474 271 2240.

**Mathrubhumi, 13.08.2025 P3**

## തങ്ങൾ കുഞ്ഞ് മുസ്ലിയാർ അനുസ്മരണം

കൊല്ലം: വ്യവസായിയും പത്രപ്രവർത്തകനും വിദ്യാഭ്യാസ വിചക്ഷണനും ആയിരുന്ന തങ്ങൾ കുഞ്ഞ് മുസലിയാർ ഓർമ്മിക്കപ്പെടുന്നത് അദ്ദേഹം നൽകിയ മൗലികമായ സംഭാവനകളിലൂടെയാണെന്ന് ഗ്രാൻഡ്മാസ്റ്റർ ജി.എസ്.പ്രദീപ് കരിക്കോട് ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസിൽ തങ്ങൾ കുഞ്ഞ് മുസലിയാർ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

മധുര കാമരാജ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ പ്രൊഫ. എം.സാലിഹ, പ്രമോദ് രാമൻ, ഐ.എസ്.ആർ.ഒ മുൻ സീനിയർ സയന്റിസ്റ്റ് എൻജിനിയർ ഷിഹാബുദ്ദീൻ, സൈലം ലേണിംഗ് സി.ഇ.ഒ ഡോ. എസ്.അനന്തു (യുവ സംരംഭകൻ) എന്നിവർക്ക് ഈ വർഷത്തെ തങ്ങൾ കുഞ്ഞ് മുസലിയാർ സ്മാരക അവാർഡുകൾ സമ്മാനിച്ചു. ടി.കെ.എം കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹാൽ ഹസൻ മുസലിയാർ അദ്ധ്യക്ഷനായി. ട്രഷറർ ജലാലുദ്ദീൻ മുസലിയാർ അവാർഡ് ജേതാക്കളെ ആദരിച്ചു. ടി.കെ.എം കോളേജ് ട്രസ്റ്റ് അംഗങ്ങളായ ജമാലുദ്ദീൻ മുസ്‌ലിയാർ, അക്ബർ ഹൈദർ മുസ്‌ലിയാർ, ഖാലിദ് മുസ്‌ലിയാർ, ഡോ. എം. ഹാറൂൺ, എക്സി. ഡയറക്ടർ ഡോ. എസ്.അയ്യൂബ്, ടി.കെ.എം സ്കൂൾ ഒഫ് കമ്മ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ ടെക്നോളജി ഡയറക്ടർ എസ്.യഹിയ എന്നിവർ സംസാരിച്ചു. ടി.കെ.അബ്ദുൽ കരീം മുസ്‌ലിയാർ സ്വാഗതവും സാദിഖ് എസ്ത്വാഹ നന്ദിയും പറഞ്ഞു.

**Kerala Kaumudi 20.02.2025 P3**

# തങ്ങൾകുഞ്ഞ് മുസലിയാർ ഓർമിക്കപ്പെടുന്നത് മൗലിക ജീവിത സംഭാവനകളിലൂടെ -ജി.എസ്. പ്രദീപ്

**കൊല്ലം:** തങ്ങൾകുഞ്ഞ് മുസലിയാർ ഓർമിക്കപ്പെടുന്നത് അദ്ദേഹം നൽകിയ മൗലിക ജീവിത സംഭാവനത്തിലൂടെയാണെന്ന് ഗ്രാൻഡ് മാസ്റ്റർ ജി.എസ്. പ്രദീപ്. ടി.കെ.എം കോളജ് ട്രസ്റ്റിന്റെ തങ്ങൾകുഞ്ഞ് മുസലിയാർ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസ, വ്യാവസായ പ്രവർത്തനങ്ങളിലൂടെ മറ്റുള്ളവരുടെയും നന്മ ആഗ്രഹിച്ച വ്യക്തിയായിരുന്നു. 'നമ്മൾ' എന്ന വികാരം മനസ്സിൽ ഉണ്ടാകുമ്പോഴാണ് സാധാരണക്കാരൻ അസാധാരണ വ്യക്തിത്വത്തിന് ഉടമയാകുന്നതെന്നും വീണുപോയവർക്ക് ജീവിതത്തിന്റെ വഴികളിൽ താങ്ങാവുന്ന മനുഷ്യനായിരുന്നു തങ്ങൾകുഞ്ഞ് മുസലിയാരെന്നും അദ്ദേഹം പറഞ്ഞു. മധുര കാമരാജ് യൂനിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ പ്രഫ. എം. സാലിഹു (വിദ്യാഭ്യാസം), മീഡിയ വൺ ചീഫ് എഡിറ്റർ പ്രമോദ് രാമൻ (പത്രപ്രവർത്തനം), ഐ.എസ്.ആർ.ഒ മുൻ സീനിയർ സയന്റിസ്റ്റ് എൻജിനീയർ ഷഹാബുദീൻ (ശാസ്ത്രം), സൈലം ലേണിങ് സി.ഇ.ഒ ഡോ. എസ്. അനന്തു (യുവ സംരംഭകൻ) എന്നിവർക്ക് ഈ വർഷത്തെ തങ്ങൾകുഞ്ഞ് മുസലിയാർ സ്മാരക അവാർഡുകൾ സമ്മാനിച്ചു.

ടി.കെ.എം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹാൽ ഹസൻ മുസലിയാർ അധ്യക്ഷത വഹിച്ചു. ട്രഷറർ ജലാലുദീൻ മുസലിയാർ അവാർഡ് ജേതാക്കളെ ആദരിച്ചു. ടി.കെ.എം കോളജ് ട്രസ്റ്റ് അംഗങ്ങളായ ജമാലുദ്ദീൻ മുസലിയാർ, അക്ബർ ഹൈദർ മുസലിയാർ, ഖാലിദ് മുസലിയാർ, ഡോ. എം ഹാറൂൺ, എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എസ്. അയ്യൂബ്, ടി.കെ.എം സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ ടെക്നോളജി ഡയറക്ടർ എസ്. യഹിയ എന്നിവർ സംസാരിച്ചു. ടി.കെ അബ്ദുൽ കരീം മുസലിയാർ സ്വാഗതവും സാദിഖ് എസ്. ത്വാഹ നന്ദിയും പറഞ്ഞു.




*ടി.കെ.എം ഫൗണ്ടേഴ്സ് ഡേയിൽ ഗ്രാൻഡ് മാസ്റ്റർ ജി.എസ് പ്രദീപ് തങ്ങൾ കുഞ്ഞു മുസലിയാർ അനുസ്മരണ പ്രഭാഷണം നടത്തുന്നു*

**Madhyamam 20.02.2025, P3**

# തങ്ങൾ കുഞ്ഞു മുസലിയാർ നവകേരള ശിൽപ്പി

ഡോ. കായംകുളം യൂനുസ്



ഇന്ന് തങ്ങൾ കുഞ്ഞു മുസലിയാർ ഓർമദിനം



**Metro Vartha 19.02.2025 P6**



ടികെഎം കോളജ് ട്രസ്റ്റിന്റെ തങ്ങൾ കുഞ്ഞ് മുസല്യാർ അനുസ്മരണ ചടങ്ങിൽ ജി.എസ്.പ്രദീപ് പ്രഭാഷണം നടത്തുന്നു.

# തങ്ങൾ കുഞ്ഞ് മുസല്യാർ അനുസ്മരണം നടത്തി

കൊല്ലം● വിദ്യാഭ്യാസ, വ്യവസായ പ്രവർത്തനങ്ങളിലൂടെ മറ്റുള്ളവരുടെയും നന്മ ആഗ്രഹിച്ച വ്യക്തിയായിരുന്നു തങ്ങൾ കുഞ്ഞു മുസല്യാർ എന്നു ജി.എസ്. പ്രദീപ് പറഞ്ഞു. ടികെഎം കോളജ് ട്രസ്റ്റിന്റെ തങ്ങൾ കുഞ്ഞ് മുസല്യാർ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ടികെഎം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ടി.കെ. ഷഹൽ ഹസൻ മുസല്യാർ അധ്യക്ഷനായിരുന്നു. ട്രസ്റ്റ് അംഗങ്ങളായ ടി.കെ. ജലാലുദ്ദീൻ മുസല്യാർ, ടി.കെ. ജമാലുദ്ദീൻ മുസല്യാർ, ടി.കെ. അബ്ദുൽ കരീം മുസല്യാർ, സാദിഖ് എസ്. താഹ, ടികെഎം സ്കൂൾ ഓഫ് കമ്യൂണിക്കേഷൻ ആൻഡ് ഐടി ഡയറക്ടർ എസ്. യഹിയ, ട്രസ്റ്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എസ്. അയൂബ് തുടങ്ങിയവർ പ്രസംഗിച്ചു. വിദ്യാഭ്യാസ പുരസ്കാരം മധുര കാമരാജ് സർവകലാശാല മുൻ വൈസ് ചാൻസലർ പ്രഫ. എം. സാലിഹുവിനു സമ്മാനിച്ചു. മാധ്യമ പുരസ്കാരം മാധ്യമ പ്രവർത്തകൻ പ്രമോദ് രാമനും ശാസ്ത്രപുരസ്കാരം വിഎസ്എസ്സി മുൻ ശാസ്ത്രജ്ഞൻ ഷഹാബുദ്ദീനും സംരംഭകത്വ പുരസ്കാരം സൈലം സിഇഒ ഡോ. എസ്.അനന്തുവിനും സമ്മാനിച്ചു.

**Malayala Manorama, 20.02.2025 P3**

# തങ്ങൾ കുഞ്ഞ് മുസല്യാർ അനുസ്മരണവും പുരസ്കാര സമർപ്പണവും 19 ന്

കൊല്ലം● പ്രമുഖ വ്യവസായിയും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന തങ്ങൾ കുഞ്ഞ് മുസല്യാർ അനുസ്മരണവും പുരസ്കാര സമർപ്പണവും 19 നു 10.30നു കരിക്കോട് ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജിൽ നടക്കും. ജി.എസ്.പ്രദീപ് അനുസ്മരണ പ്രഭാഷണം നടത്തും. ടികെഎം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ടി.കെ ഷഹാൽ ഹസൻ മുസല്യാർ അധ്യക്ഷത വഹിക്കും.

വിദ്യാഭ്യാസ പ്രവർത്തകനും മധുര കാമരാജ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലറുമായ പ്രഫ. എം.സാലിഹ്, മാധ്യമ പ്രവർത്തകൻ പ്രമോദ് രാമൻ, ഐഎസ്ആർഒ ശാസ്ത്രജ്ഞനും ടികെഎം എൻജിനീയറിങ് കോളജ് പൂർവ വിദ്യാർഥിയുമായ ഷഹാബുദ്ദീൻ, സൈലം ലേണിങ് സിഇഒ ഡോ. എസ്.അനന്തു എന്നിവർക്കാണ് പുരസ്കാരം സമർപ്പിക്കുന്നതെന്നു ടികെഎം കോളജ് ട്രസ്റ്റ് അംഗം ടി. കെ ജമാലുദ്ദീൻ മുസല്യാർ, എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.എസ് അയൂബ്, പ്രിൻസിപ്പൽ പ്രഫ. എം. ജെ ഷീബ, ടികെഎം സ്കൂൾ ഓഫ് കമ്യൂണിക്കേഷൻ ഡയറക്ടർ യഹിയ എന്നിവർ പറഞ്ഞു.

**Malayala Manorama, 15.02.2025 Pii**

# ടി കെ എം ആർട്സ് കോളജ് ലഹരി വിരുദ്ധ റാലിയും ബോധവൽക്കരണവും

കൊല്ലം: ടി കെ എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലുംനി അസോസിയേഷന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ റാലിയും ബോധവൽക്കരണ സെമിനാറും സംഘടിപ്പിച്ചു. പൂർവവിദ്യാർത്ഥികളും അധ്യാപകരും എൻഎസ്എസ്, എൻസിസി വളണ്ടിയർമാരും വിദ്യാർത്ഥികളും പങ്കെടുത്ത ലഹരി വിരുദ്ധ സന്ദേശ റാലി പൂർവ്വ വിദ്യാർത്ഥി പ്രതിനിധി അൽത്താഫുദ്ദീൻ എ കെ ഫ്ലാഗ് ഓഫ് ചെയ്തു. റിട്ടയേഡ് സബ് ഇൻസ്പെക്ടർ എ ഷാജഹാൻ ലഹരി വിരുദ്ധ സന്ദേശം നൽകി. പ്രോഗ്രാം കൺവീനർ നജിമുദ്ദീൻ പി എം, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ഡോ. സുൽഫിയ സമദ്, എൻസിസി ഓഫീസർ ഡോ. തരുൺ റഊഫ്, ക്യാപ്ടൻ ലിപി കെ എസ്, ഡോ. ഹരിശങ്കർ തുടങ്ങിയവർ നേതൃത്വം നൽകി.

ടി കെ എം എൻജിനീയറിങ് കോളേജ് ഓഡിറ്റോറിയത്തിൽ ചേർന്ന ബോധവൽക്കരണ സെമിനാർ ആർട്സ് കോളജ് പ്രിൻസിപ്പൽ ഡോ. എം ജെ ഷീബ ഉദ്ഘാടനം ചെയ്തു. അലുംനി അസോസിയേഷൻ ചെയർമാൻ സാജൻ ഹിലാൽ അധ്യക്ഷത വഹിച്ചു. ലഹരിക്കെതിരെ ബോധവൽക്കരണവുമായി സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും സൈക്കിൾ യാത്ര നടത്തിയ പൂർവ്വ വിദ്യാർത്ഥിയും റിട്ടയേർഡ് സബ് ഇൻസ്പെക്ടറു മായ എ. ഷാജഹാനെ കിളികൊല്ലൂർ എസ്. എച്ച്. ഒ. ശിവപ്രകാശ് ആദരിച്ചു. ടി.കെ. എം. കോളേജ് ട്രസ്റ്റ് അംഗം ഡോ. മുഹമ്മദ് ഹാറൂൺ പൊന്നാട അണിയിച്ചു. മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എച്ച് ഹുസൈൻ, അലുമ്നി കോഡിനേറ്റർ മുഹമ്മദ് സിദ്ദീഖ്, ടി കെ എം എൻജിനീയറിങ് കോളേജ് പ്രിൻസിപ്പൽ ഡോ. എ. സിദ്ദീഖ് തുടങ്ങിയവർ സംസാരിച്ചു. അലുമിനി അസോസിയേഷൻ സെക്രട്ടറി ശ്രീവൽസ കുമാർ സ്വാഗതവും ട്രഷറർ ഫിറോസ്ഖാൻ എ നന്ദിയും പറഞ്ഞു. ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾ ഫ്ലാഷ് മോബ് സംഘടിപ്പിച്ചു.

**Chandrika, 17.07.2025 P2**



കരിക്കോട് ടി കെ എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ തങ്ങൾ കുഞ്ഞു മുസലിയാർ അനുസ്മരണ പ്രഭാഷണം ജി എസ് പ്രദിപ് നിർവഹിക്കുന്നു

# തങ്ങൾ കുഞ്ഞു മുസലിയാർ എക്കാലവും ഓർമിക്കപ്പെടും : ജി എസ് പ്രദീപ്

കൊല്ലം: തങ്ങൾകുഞ്ഞ് മുസലിയാർ എക്കാലവും ഓർമിക്കപ്പെടുമെന്ന് ഗ്രാൻഡ് മാസ്റ്റർ ജി എസ് പ്രദിപ്. വിണ്ടുപോകാൻ തുടങ്ങുന്ന മനുഷ്യർക്ക് ജീവിതത്തിൽ മുന്നോട്ടുപോകാൻ വഴിയൊരുക്കിയ സാമൂഹിക വിപ്ലവകാരി കൂടിയായിരുന്നു അദ്ദേഹം എന്നും ജി എസ് പ്രദിപ് അഭിപ്രായപ്പെട്ടു. കരിക്കോട് ടി കെ എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ തങ്ങൾ കുഞ്ഞു മുസലിയാർ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മധുര കാമരാജ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ പ്രൊഫ. എം സാലിഹു, മീഡിയ വൺ ചീഫ് എഡിറ്റർ പ്രമോദ് രാമൻ , ഐ എസ് ആർ ഒ മുൻ സീനിയർ സയന്റിസ്റ്റ് എൻജിനീയർ ഷഹാബുദ്ദീൻ, സൈലം ലേണിങ് സി.ഇ.ഒ. ഡോ. അനന്തു എസ് എന്നിവർക്ക് ഈ വർഷത്തെ തങ്ങൾ കുഞ്ഞു മുസലിയാർ സ്മാരക അവാർഡുകൾ സമ്മാനിച്ചു. ടി.കെ.എം കോളജ് ട്രസ്റ്റ് പ്രസിഡണ്ട് ഡോ. ഷഹാൽ ഹസ്സൻ മുസലിയാർ അധ്യക്ഷനായി. ട്രഷറർ ജലാലുദ്ദീൻ മുസലിയാർ അവാർഡ് ജേതാക്കളെ ആദരിച്ചു. ടി ാക എം കോളേജ് ട്രസ്റ്റ് അംഗങ്ങളായ ജമാലുദ്ദീൻ മുസ്‌ലിയാർ, അക്ബർ ഹൈദർ മുസ്ലിയാർ, ഖാലിദ് മുസ്ലിയാർ, ഡോ. എം ഹാറൂൺ, എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എസ് അയ്യൂബ്, ടി കെ എം സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ ടെക്നോളജി ഡയറക്ടർ യഹിയ എസ്. എന്നിവർ സംസാരിച്ചു. ടി കെ അബ്ദുൽ കരിം മുസ്ലിയാർ സ്വാഗതവും സാദിഖ് എസ് ത്വാഹ നന്ദിയും പറഞ്ഞു.

**Chandrika. 20.02.2025 P6**

ജനയുഗം

# തങ്ങൾ കുഞ്ഞു മുസലിയാർ ഓർമ്മിക്കപ്പെടുന്നത് മൗലിക ജീവിത സംഭാവനകളിലൂടെ: ജി എസ് പ്രദീപ്

കൊല്ലം: വ്യവസായിയും പത്രപ്രവർത്തകനും വിദ്യാഭ്യാസ വിചക്ഷണനും ആയിരുന്ന തങ്ങൾ കുഞ്ഞു മുസലിയാർ ഓർമ്മിക്കപ്പെടുന്നത് അദ്ദേഹം നൽകിയ മൗലിക ജീവിത സംഭാവനത്തിലൂടെയാണെന്ന് ഗ്രാൻഡ് മാസ്റ്റർ ജി എസ് പ്രദീപ്. വീണുപോകാൻ തുടങ്ങുന്ന മനുഷ്യർക്ക് ജീവിതത്തിൽ മുന്നോട്ടുപോകാൻ വഴിയൊരുക്കിയ സാമൂഹിക വിപ്ലവകാരി കൂടിയായിരുന്നു അദ്ദേഹം എന്നും ജി എസ് പ്രദീപ് അഭിപ്രായപ്പെട്ടു. കരിക്കോട് ടി കെ എം കോളജ് ഓഫ് ആർട്ട്സ് ആന്റ് സയൻസിൽ തങ്ങൾ കുഞ്ഞു മുസലിയാർ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്ന അദ്ദേഹം.



ഗ്രാന്റ് മാസ്റ്റർ ജി എസ് പ്രദീപ് തങ്ങൾ കുഞ്ഞ് മുസ്ലിയാർ അനുസ്മരണ പ്രഭാഷണം നടത്തുന്നു

മധുര കാമരാജ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ പ്രൊഫ. എം സാലിഹു (വിദ്യാഭ്യാസം), മീഡിയ വൺ ചീഫ് എഡിറ്റർ പ്രമോദ് രാമൻ (പത്രപ്രവർത്തനം), ഐഎസ്ആർഒ മുൻ സീനിയർ സയന്റിസ്റ്റ് എൻജിനീയർ ഷഹാബുദ്ദീൻ (ശാസ്ത്രം), സൈലം ലേണിങ് സിഇഒ ഡോ. അനന്തു എസ് (യുവ സംരംഭകൻ) എന്നിവർക്ക് തങ്ങൾ കുഞ്ഞു മുസലിയാർ സ്മാരക അവാർഡുകൾ സമ്മാനിച്ചു.

ടികെഎം കോളേജ് ട്രസ്റ്റ് പ്രസിഡണ്ട് ഡോ. ഷഹാൽ ഹസൻ മുസലിയാർ അധ്യക്ഷത വഹിച്ചു. ട്രഷറർ ജലാലുദ്ദീൻ മുസലിയാർ അവാർഡ് ജേതാക്കളെ ആദരിച്ചു. ടികെഎം കോളജ് ട്രസ്റ്റ് അംഗങ്ങളായ ജമാലുദ്ദീൻ മുസലിയാർ, അക്ബർ ഹൈദർ മുസലിയാർ, ഖാലിദ് മുസലിയാർ, ഡോ. എം ഹാറൂൺ, എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എസ് അയ്യൂബ്, ടികെഎം സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ഇൻഫർമേഷൻ ടെക്നോളജി ഡയറക്ടർ യഹിയ എസ് എന്നിവർ സംസാരിച്ചു. ടി കെ അബ്ദുൽ കരീം മുസലിയാർ സ്വാഗതവും സാദിഖ് എസ് ത്വാഹ നന്ദിയും പറഞ്ഞു.

Janayukam 20.02.2025

Mathrubhumi മാതൃഭൂമി

# തങ്ങൾകുഞ്ഞ് മുസലിയാർ അനുസ്മരണം

കൊല്ലം ▸ പ്രമുഖ വ്യവസായിയും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന തങ്ങൾകുഞ്ഞ് മുസലിയാരെ അനുസ്മരിച്ചുള്ള യോഗവും അദ്ദേഹത്തിന്റെ പേരിലുള്ള അവാർഡ് ദാനവും 19-ന് രാവിലെ 10.30-ന് കരിക്കോട് ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജിൽ നടക്കും.

ഈ വർഷത്തെ തങ്ങൾകുഞ്ഞ് മുസലിയാർ അനുസ്മരണ പ്രഭാഷണം നിർവഹിക്കുന്നത് ജി.എസ്.പ്രദീപാണ്.

വിദ്യാഭ്യാസപ്രവർത്തകനും മധുര കാമരാജ് യൂണിവേഴ്സിറ്റി മുൻ ചാൻസലറുമായ എം. സാലിഹ്, മാധ്യമപ്രവർത്തകൻ പ്രമോദ് രാമൻ, ഐ.എസ്.ആർ.ഒ. ശാസ്ത്രജ്ഞനും ടി.കെ.എം. എൻജിനിയറിങ് കോളേജ് പൂർവവിദ്യാർഥിയുമായ ഷഹാബുദീൻ, യുവസംരംഭകനും സൈലം ലേണിങ് വൈസ് സി.ഇ.ഒ.യുമായ എസ്.അനന്തു എന്നിവർക്കാണ് ഇത്തവണത്തെ സ്മാരക അവാർഡുകൾ.

19-ന് രാവിലെ 10.30-ന് നടക്കുന്ന ചടങ്ങിൽ കോളേജ് ട്രസ്റ്റ് പ്രസിഡൻറ് ടി.കെ.ഷഹാൽ ഹസൻ മുസലിയാർ യോഗത്തിൽ അധ്യക്ഷനാകും.

**Mathrubhumi, 15.02.2025 P5**

# ധാരണപത്രം ഒപ്പുവെച്ചു

കൊല്ലം: ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസും അക്കാദമിക-ഗവേഷണ മേഖലയിലെ സഹകരണത്തിന് ധാരണ പത്രം ഒപ്പുവെച്ചു. ഇരു സ്ഥാപനങ്ങളും സംയുക്തമായി പുതിയ ഗവേഷണങ്ങൾ ആരംഭിക്കുകയും വിദഗ്ധ അധ്യാപകരുടെ സേവനം പങ്കുവെക്കുകയും ചെയ്യും. ദേശീയ-അന്തർദേശീയ സെമിനാറുകളും ഫാക്കൽട്ടി ഡെവലപ്മെൻറ് പ്രോഗ്രാമുകളും സംഘടിപ്പിക്കും. ഇന്റേൺഷിപ്പും, ഹ്രസ്വകാല ട്രെയിനിങ് കോഴ്സുകളും സംഘടിപ്പിക്കും. ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സി.എച്ച്. സുരേഷ്, ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് പ്രിൻസിപ്പൽ പ്രഫ. എം. ജെ. ഷീബ എന്നിവർ ധാരണപത്രത്തിൽ ഒപ്പുവെച്ചു. ഐ.ക്യു.എ.സി. കോഓഡിനേറ്റർ ഡോ. ആദർശ്, വൈസ് പ്രിൻസിപ്പൽ ഡോ. ബോബി ടി. എഡ്വിൻ, ഡോ. സുമലക്ഷ്മി, ഡോ.എസ്. അനസ്, ഡോ. അശ്വതി, ഡോ. രോഹിണി കൃഷ്ണ, ഡോ. മനോജ്, ഡോ. സൗമ്യ, ഡോ. മുഹമ്മദ് മുസ്തഫ എന്നിവർ സംബന്ധിച്ചു.

**Madhyamam 05.03.2025, P4**

മലയാള മനോരമ



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ വിമൻസ് സ്റ്റഡി യൂണിറ്റ്, ഡിപ്പാർട്മെന്റ് ഓഫ് സുവോളജി, ഹ്യൂമൻ റൈറ്റ്സ് ഫോറം, എഫ്ഡിഎസ്ജെ ഫോറം, ജീവനി സെന്റർ എന്നിവ ചേർന്ന് നടത്തിയ വനിതാ ദിനാഘോഷത്തിൽ അലോറ പീഡിയാട്രിക് വെൽനെസ് ഫൗണ്ടർ ബിജിത എസ്.ഖാൻ പ്രസംഗിക്കുന്നു. പ്രിൻസിപ്പൽ എം. ജെ.ഷീബ, പ്രോഗ്രാം കോഓർഡിനേറ്റർമാരായ എം.വി.രോഹിണി കൃഷ്ണ, ഷർജിന ബീഗം, മുംതാസ് യഹിയ, ജസിൻ റഹ്മാൻ, ജീവനി കൗൺസിലർ സ്റ്റെഫി ചാക്കോ എന്നിവർ പ്രസംഗിച്ചു.

**Malayala Manorama, 09.03.2025 P2**

# അപേക്ഷ ക്ഷണിച്ചു

കൊല്ലം ● ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജിലെ സിവിൽ സർവീസ് അക്കാദമിയിൽ ഹൈസ്കൂൾ, ഹയർസെക്കൻഡറി (സ്റ്റേറ്റ്/സിബിഎസ്ഇ/ഐസിഎസ്ഇ) വിദ്യാർഥികൾക്കായി ടാലന്റ് ഡവലപ്മെന്റ്, സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സുകളിലേക്ക് kscsa.org മുഖേന അപേക്ഷിക്കാം. ക്ലാസുകൾ ജൂലൈ ആറ് മുതൽ ആരംഭിക്കും. ഫോൺ: 8281098867, 0474 2967711.

**Manorama, 19.06.2025 P2**

മലയാള മനോരമ



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസും ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസും അക്കാദമിക ഗവേഷണ മേഖലകളിൽ സഹകരണത്തിന് ധാരണാ പത്രം കൈമാറുന്നു.

# ടികെഎം കോളജും ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ടും ധാരണാ പത്രം ഒപ്പുവച്ചു

കൊല്ലം● അക്കാദമിക്-ഗവേഷണ മേഖലയിലെ സഹകരണത്തിന് ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസും ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസും ധാരണാ പത്രം ഒപ്പുവച്ചു. ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സി.എച്ച് സുരേഷ്, ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് പ്രിൻസിപ്പൽ പ്രഫ. എം.ജെ ഷീബ എന്നിവരാണു ധാരണാ പത്രത്തിൽ ഒപ്പുവച്ചത്. ഐക്യുഎസി. കോ-ഓർഡിനേറ്റർ ഡോ.വി.കെ ആദർശ്, വൈസ് പ്രിൻസിപ്പൽ ഡോ.ബോബി.ടി എഡ്വിൻ, ഡോ.സുമലക്ഷ്മി, ഡോ.എസ്.അനസ്, ഡോ. എം.ആർ അശ്വതി, ഡോ. രോഹിണി കൃഷ്ണ, ഡോ. പി.കെ മനോജ്, ഡോ.സൗമ്യ, ഡോ. മുഹമ്മദ് മുസ്തഫ എന്നിവർ പ്രസംഗിച്ചു.

05/03/2025 | Kollam | Page : 2
Source : https://epaper.manoramaonline.com/



ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസും ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസും അക്കാദമിക ഗവേഷണ മേഖലകളിൽ സഹകരണത്തിന് ധാരണ പത്രം കൈമാറുന്നു

**Madhyamam 05.03.2025, P4**

മലയാള മനോരമ
10.03.2025 P2



ടികെഎം കോളജിൽ സംഘടിപ്പിച്ച ദേശീയ കോൺഫറൻസിന്റെയും ശിൽപശാലയുടെയും സമാപന സമ്മേളനം ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സി.എച്ച്.സുരേഷ് ഉദ്ഘാടനം ചെയ്യുന്നു.

# ടികെഎമ്മിലെ ദേശീയ കോൺഫറൻസ് സമാപിച്ചു

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഗണിതശാസ്ത്ര വിഭാഗം, ഭോപാൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യുക്കേഷൻ ആൻഡ് റിസർച്, ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ് എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച ദേശീയ കോൺഫറൻസും ശിൽപശാലയും സമാപിച്ചു.

4 ദിവസങ്ങളിലായി നടന്ന കോൺഫറൻസിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

ഭോപാൽ ഐസറിൽ നിന്നുള്ള എം.മാണിക്യം, കരം ശങ്കദാർ, രാഹുൽ ഗാർഗ്, അംബുജ് പാണ്ഡെ തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

എം.എം.ശ്രീജിത്ത്, മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ടിലെ സന്ദീപ്, എന്നിവർ ശിൽപശാല നയിച്ചു. സമാപന സമ്മേളനം ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സി.എച്ച്.സുരേഷ് ഉദ്ഘാടനം ചെയ്തു.

പ്രിൻസിപ്പൽ പ്രഫ. എം.ജെ. ഷീബ അധ്യക്ഷത വഹിച്ചു. ബോബി ടി.എഡ്വിൻ, എസ്.അനസ്, മുഹമ്മദ് മുസ്തഫ, എൽ.ആർ.അപർണ, ആർ.അനിൽകുമാർ, എൻ.ഹരിലാൽ, നിസാമുദ്ദീൻ ആഷിക്, ടി.എ.റിസാന, ഐക്യുഎസി കോഓർഡിനേറ്റർ വി.കെ.ആദർശ്, ഗണിതശാസ്ത്ര വിഭാഗം മേധാവി എം.ആർ. അശ്വതി തുടങ്ങിയവർ പ്രസംഗിച്ചു.

## തങ്ങൾകുഞ്ഞ് മുസ്‌ലിയാർ എൻഡോവ്മെന്റ്: അപേക്ഷ ക്ഷണിച്ചു

2024ലെ തങ്ങൾകുഞ്ഞ് മുസ്‌ലിയാർ എൻഡോവ്മെന്റ് അവാർഡിനുള്ള അപേക്ഷ ക്ഷണിച്ചു. യോഗ്യതയും മറ്റ് മാനദണ്ഡങ്ങളും സർവകലാശാല വെബ്സൈറ്റിൽ. ജൂലൈ 21ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. വിശദവിവരം www.keralauniversity.ac.inൽ.

Madhyamam 22.06.2025, P8

മാതൃഭൂമി
Mathrubhumi, 20.06.2025 P2

കരിക്കോട് ▸ ദേശീയ വായനദിനത്തോടനുബന്ധിച്ച് ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ലൈബ്രറിയും ഭാഷാപഠനവിഭാഗവും സംയുക്തമായി 'ബുക്കോർമ്മ' സംഘടിപ്പിച്ചു. അധ്യാപകരെയും വിദ്യാർഥികളെയും സ്വാധീനിച്ച പുസ്തകങ്ങളും വായനാനുഭവങ്ങളും പങ്കുവെച്ചു. പുതുതലമുറയുടെ വായനാഭിരുചികളെക്കുറിച്ച് ചർച്ച നടന്നു. പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ ഉദ്ഘാടനം ചെയ്തു. ലൈബ്രേറിയൻ ഡോ. മുഹമ്മദ് മുസ്തഫ പി.എൻ. പണിക്കർ അനുസ്മരണം നിർവഹിച്ചു.

ചന്ദ്രിക
30.07.2025 P2



## ടി.കെ.എം കോളജിൽ എൻ.എസ്.എസ് സർവേ സെമിനാർ

കൊല്ലം: ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ 75ാം വാർഷികം ആഘോഷിച്ച്, ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജിൽ എൻ.എസ്.എസ് സർവേകൾ ആശയങ്ങളും സാങ്കേതിക വിദ്യകളും പ്രാധാന്യങ്ങളും" എന്ന വിഷയത്തിൽ ഏകദിന സെമിനാർ നടത്തി.

കോളജ് കൊമേഴ്സ് വിഭാഗവും എൻഎസ്ഒ ഉപപ്രാദേശിക ഓഫീസും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. എൻ.എസ്.ഒ തിരുവനന്തപുരം റീജിയണൽ ഓഫീസ് ഉപമേഖലാ ഡയറക്ടർ ജനറൽ വിബീഷ് ഇ.എം., ഐ എസ് എസ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

പ്രിൻസിപ്പാൾ ഡോ. ഷീബ എം.ജെ സ്വാഗതം പറഞ്ഞു. ടികെഎം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ടികെ. ഷാഹൽ ഹസ്സൻ മുസലിയാർ അദ്ധ്യക്ഷനായി.

കൊമേഴ്സ് വകുപ്പ് മേധാവി ഡോ. ഷെഹനാസ് എസ് ആർ, അധ്യാപകരായ ഡോ. റുക്സാന സുൽത്താന എ എ്.പി, ഫിറോസ് ഖാൻ എ തുടങ്ങിയവർ സംസാരിച്ചു.

എൻ എസ് ഒ റീജിയണൽ ഡയറക്ടർ ശ്രീ ജോമോൻ കുരുവിക്കാട്ട്, ഐ എസ് എസ് നന്ദി പറഞ്ഞു.

തന്ത്രവിദ്യാ സെഷനുകളിൽ സ്റ്റാറ്റിസ്റ്റിക്സിലെ തൊഴിൽ സാധ്യതകളും എൻ.എസ്.എസ് സർവേകളുടെ ദേശീയ വികസനത്തിൽ ഉള്ള പങ്കും ചർച്ചയായി. വിദ്യാർത്ഥികൾക്ക് എൻ.എസ്.ഒയിലെ വിദഗ്ധരുമായി സംവദിക്കാനും കഴിഞ്ഞു.

Mathrubhumi
മാതൃഭൂമി

# വധശിക്ഷ നീതിയോ... ചൂടുപിടിച്ച് സംവാദം



കൊല്ലം ടി.കെ.എം. ആർട്സ് കോളേജിൽ നടന്ന ഫെഡറൽ ബാങ്ക് സ്പീക് ഫോർ ഇന്ത്യ ജില്ലാതല മത്സരത്തിൽ പങ്കെടുത്തവർ ഉദ്ഘാടകനായ സബ് കളക്ടർ നിഷാന്ത് സിഹാരയ്ക്കൊപ്പം (മധ്യത്തിൽ). സിദ്ധാർഥ് എം.ജോയ്, ആർ.ബിജുമോഹൻ, ഫെഡറൽ ബാങ്ക് കുണ്ടറ ബ്രാഞ്ച് ഹെഡ് ആൻഡ് ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് എസ്.ബിജുമോൻ, കോളേജ് പ്രിൻസിപ്പൽ എം.ജെ.ഷീബ, മാതൃഭൂമി സ്പെഷ്യൽ കറസ്പോണ്ടന്റ് ജി.സജിത്ത്കുമാർ, മാതൃഭൂമി സീനിയർ റീജണൽ മാനേജർ എൻ.എസ്.വിനോദ്കുമാർ, അധ്യാപകരായ ചിത്ര ഗോപിനാഥ്, മുഹമ്മദ് അലി തുടങ്ങിയവർ സമീപം

കൊല്ലം ► 'വധശിക്ഷ നീതി നടപ്പാക്കുന്നില്ല...' സംവാദവിഷയം അതായിരുന്നു. നീതിയാണ് അത് നടപ്പാക്കുന്നതെന്ന് ഒരു വിഭാഗം വാദിച്ചപ്പോൾ, കൊലയ്ക്കുപകരം കൊല എന്നത് പ്രാകൃതശിക്ഷാനിയമവും മനുഷ്യാവകാശത്തെ ഹനിക്കുന്നതാണെന്നും മറുവിഭാഗം വാദിച്ചു. വാക്പോരുകളിൽ ആശയധാരകളും വർത്തമാനകാല സംഭവങ്ങളുമെല്ലാം കടന്നുവന്നപ്പോൾ കേൾവിക്കാരിൽ അത് ചിന്തകളുടെ താക്കോലായി.

ഫെഡറൽ ബാങ്ക്, മാതൃഭൂമിയുമായി കൈകോർത്ത് ഒരുക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ സംവാദമത്സരം ഫെഡറൽ ബാങ്ക് 'സ്പീക് ഫോർ ഇന്ത്യ'യുടെ കൊല്ലം ജില്ലാതല മത്സരമാണ് ചിന്തയുടെ വാതായനം തുറന്നത്. കൊല്ലം ടി.കെ.എം.ആർട്സ് കോളേജായിരുന്നു വേദി.

കണ്ണിനുപകരം കണ്ണ് എന്ന ന്യായം ലോകത്തെ മുഴുവൻ അന്ധതയിലേക്കേ നയിക്കൂ എന്ന ഗാന്ധിവചനം വധശിക്ഷയെ അനുകൂലിക്കാത്തവർ ഏറ്റുപിടിച്ചപ്പോൾ, മറുപക്ഷക്കാർ ഇരകളുടെ മനുഷ്യാവകാശത്തെ മാനിക്കാത്തവർക്ക് എന്ത് മനുഷ്യാവകാശമാണെന്ന ചോദ്യമുയർത്തി.

കൊലപാതകം നടത്തിയയാളെ കൊല്ലുന്നതിലൂടെ പ്രതിയും നീതിന്യായ വ്യവസ്ഥയും തമ്മിലെന്തു വ്യത്യാസമാണുള്ളതെന്ന ചോദ്യവുമുയർന്നു. കുറ്റവാളികളെ നല്ലവഴിയിലേക്ക് കൊണ്ടുവരാനുള്ള ശ്രമമാണ് ഉണ്ടാകേണ്ടത്. അവരെ നല്ല മനുഷ്യരാക്കി പുനരധിവസിപ്പിക്കുന്ന വ്യവസ്ഥ.

എന്നാൽ ഇരകളാക്കപ്പെട്ടവരുടെ വീക്ഷണകോണിലൂടെയും ഇത്തരം ശിക്ഷാവിധികളെ കാണണമെന്ന അഭിപ്രായവുമുയർന്നു. ഇംഗ്ലീഷിലും മലയാളത്തിലുമായി ചർച്ച ചൂടുപിടിച്ചു.

സംവാദം കൊല്ലം സബ്കളക്ടർ നിഷാന്ത് സിഹാര ഉദ്ഘാടനം ചെയ്തു. സാങ്കേതിക അറിവുകൾ ഏറെ വർധിച്ച വർത്തമാനകാലത്ത് യുക്തിയും വിവേകവും വളർത്താൻ സംവാദങ്ങൾ സഹായകമാണെന്ന് അദ്ദേഹം പറഞ്ഞു.

ഫെഡറൽ ബാങ്ക് ഡെപ്യൂട്ടി വൈസ് പ്രസിഡന്റും കുണ്ടറ ബ്രാഞ്ച് ഹെഡുമായ എസ്.ബിജുമോൻ, കോളേജ് പ്രിൻസിപ്പൽ എം.ജെ.ഷീബ, മാതൃഭൂമി സീനിയർ റീജണൽ മാനേജർ എൻ.എസ്.വിനോദ്കുമാർ, ന്യൂസ് എഡിറ്റർ പി.വി.ജ്യോതി, ബ്യൂറോ ചീഫ് ജി.സജിത്ത്കുമാർ, അധ്യാപകരായ ചിത്രാ ഗോപിനാഥ്, മുഹമ്മദ് അലി തുടങ്ങിയവർ പങ്കെടുത്തു.

മുൻപ് സ്പീക് ഫോർ ഇന്ത്യയിൽ മത്സരാർഥിയായിരുന്ന കൊല്ലം പരവൂർ സ്വദേശി സിദ്ധാർഥ് എം.ജോയ് ഈ എഡിഷൻ വിധികർത്താവായി എത്തിയത് കൗതുകമായി. ആർ.ബിജുമോഹൻ ആയിരുന്നു മറ്റൊരു ജഡ്ജി.

ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷനാണ് സംവാദം ഒരുക്കിയത്. ജില്ലാതല വിജയികൾക്ക് സോണൽ, സെമിഫൈനൽ, ഗ്രാൻഡ് ഫിനാലെ മത്സരങ്ങളുമുണ്ടാകും. ഏഴുലക്ഷം രൂപയുടെ കാഷ് പ്രൈസും മറ്റു സമ്മാനങ്ങളുമാണ് വിജയികൾക്കു ലഭിക്കുക. ഗ്രാൻഡ് ഫിനാലെയിൽ ഒന്നാംസ്ഥാനത്തിനു രണ്ടരലക്ഷം രൂപയും ഫസ്റ്റ് റണ്ണറപ്പിന് ഒന്നരലക്ഷം രൂപയുമാണ് സമ്മാനം. ഫിനാലെയിലെത്തുന്ന ബാക്കി ആറുപേർക്ക് 50,000 രൂപവീതവും ലഭിക്കും.

FEDERAL BANK
SPEAK FOR INDIA
KERALA EDITION 2024-25

**Mathrubhumi, 08.03.2025 P3**

മലയാള മനോരമ | 2QL1 KLM | www.manoramaonline.com/news | 2025 മാർച്ച് 22 ശനി



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ നടത്തിയ രാജ്യാന്തര വന-ജലദിന പരിപാടിയിൽ വനം ഡപ്യൂട്ടി കൺസർവേറ്റർ ബി.അനിൽ പ്രസംഗിക്കുന്നു.

## ജലദിനം ആചരിച്ചു

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ ഭൂമിത്രസേന ക്ലബ്, മിത്ര വനിതാ സെൽ, സുവോളജി വകുപ്പ് എന്നിവ കേരള വന-വന്യജീവി വകുപ്പുമായി സഹകരിച്ച് രാജ്യാന്തര വന-ജലദിനം ആഘോഷിച്ചു. വനം ഡപ്യൂട്ടി കൺസർവേറ്റർ ബി.അനിൽ മുഖ്യ പ്രഭാഷണം നടത്തി. 'പറവകൾക്കൊരു കുളിരിടം' പദ്ധതി ഉദ്ഘാടനം ചെയ്തു. ഡപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫിസർ എസ്.കെ.ജനീവ്, പ്രിൻസിപ്പൽ ഡോ. എം.ജെ.ഷീബ, ഫാക്കൽറ്റി കോ-ഓർഡിനേറ്റർമാരായ ഡോ. എം.വി.രോഹിണി കൃഷ്ണ, ഡോ. മുംതാസ് യഹിയ, ഡോ. വി.കെ.ജാസിൻ റഹ്മാൻ, ഡോ. തനൂജ താഹ, എസ്.ഹസീന എന്നിവർ പ്രസംഗിച്ചു.

**Malayala Manorama, 22.03.2025 P2**

Mathrubhumi
മാതൃഭൂമി

# എന്റെ വഴി ലഹരിയുടേതല്ല...

### യുവതലമുറയെ ലക്ഷ്യമിട്ടുള്ള പ്രവർത്തനം

### ശിക്ഷ ദാക്ഷിണ്യമില്ലാതെ വേണം

### സ്വയം നിയന്ത്രണം വേണം

### സുരക്ഷിതമായി അറിയിക്കാൻ പറ്റണം

### പ്രലോഭനത്തിന്റെ കെണി

### എങ്ങനെ ലഭിക്കുന്നു...?

### ഓൺലൈൻ ക്ലാസ് എന്ന വ്യാജേന...

### സിനിമകൾ ലഹരിയെ മഹത്വവത്കരിക്കുന്നു

### കൂടിച്ചേർന്നിരിക്കണം

### ഉറവിടം കണ്ടെത്തണം

### സമയമില്ല ആർക്കും

### ഡി-അഡിക്ഷൻ സെന്റർ ഇല്ല

### സെലിബ്രിറ്റികൾക്ക് ഉത്തരവാദിത്വം വേണം

### സുലഭമാണല്ലോ, അതല്ലേ പ്രശ്നം

11/03/2025 PUNALUR Pg 03

# ടികെഎം കോളേജിൽ സെമിനാർ

കൊല്ലം ▶ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ മിത്ര വനിതാ സെൽ, ഇസ്‌ലാമിക് ഹിസ്റ്ററി, അഡീഷണൽ ലാംഗ്വേജസ് വകുപ്പുകളുമായി സഹകരിച്ച് ന്യൂറോപ്ലാസ്റ്റിക് വെൽനസിനെക്കുറിച്ച് സെമിനാർ നടത്തി. പ്രിൻസിപ്പൽ ഡോ.എം.ജെ. ഷീബ ഉദ്ഘാടനം ചെയ്തു. ഡോ. ഫ്രെസ്റ്റൽ ദാസ് മുഖ്യപ്രഭാഷണം നടത്തി. തലച്ചോറിന്റെ പ്ലാസ്റ്റിസിറ്റി, മൈൻഡ്ഫുൾനെസ്, വൈജ്ഞാനികവികസനം എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു. വിമൻസ് സെൽ കോഡിനേറ്റർ എസ്.ഹസീന, ഡോ.തനൂജ താഹ, ഡോ. വി.കെ.ജസിൻ റഹ്മാൻ, ഡോ.ഇ.നജീം എന്നിവർ പ്രസംഗിച്ചു.

Mathrubhumi മാതൃഭൂമി
www.mathrubhumi.com
2025 മാർച്ച് 10 • തിങ്കളാഴ്ച മാതൃഭൂമി
നാട്ടുവർത്തമാനം 05
QC KLM



# എന്റെ വഴി ലഹരിയുടേതല്ല...



ലഹരിക്കെതിരെയുള്ള ഇടപെടലിന്റെ ഭാഗമായി കലാലയ വിദ്യാർഥികൾക്കായി കൊല്ലം ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ മാതൃഭൂമി സംഘടിപ്പിച്ച സംവാദ പരിപാടിയിൽ കോളേജ് പ്രിൻസിപ്പൽ ഡോ.എം.ജെ. ഷീബയുടെ നേതൃത്വത്തിൽ പങ്കെടുക്കുന്ന അധ്യാപകരും വിദ്യാർഥികളും

*യുവത്വത്തെ കാർന്നുതിന്നുന്ന സാമൂഹികാർബുദമാണ് ലഹരി. ഒരുതലമുറയെ അതില്ലാതാക്കുന്നു. നമ്മുടെ ബൗദ്ധികസ്വത്ത് കൊള്ളയടിക്കുന്നു. ആർക്കും വേണ്ടാത്ത ഒരു ജനതയെ സൃഷ്ടിക്കുന്നു. അതുവഴി ലാഭം കൊയ്യുന്നവർ രാജ്യദ്രോഹികളാണ്. അവർക്കെതിരേ കലാലയം പ്രതികരിക്കുന്നു. അധ്യാപകരും കുട്ടികളും ഒരു മരച്ചുവട്ടിൽ ഒത്തുകൂടി ആശയങ്ങൾ പങ്കുവെച്ചപ്പോൾ, ഇത്തരം ശക്തികളുടെ അഭാവവും വർത്തമാനകാല പ്രശ്നമാണെന്ന് കുട്ടികൾ പറഞ്ഞു. ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ ഈ തലമുറയ്ക്കൊപ്പം മാതൃഭൂമിയും*

## ഇല്ലാതാക്കേണ്ടത് ഉറവിടം 'മാറ്റങ്ങൾ അറിയണം'

കുട്ടികളിലുണ്ടാകുന്ന ഓരോ മാറ്റവും രക്ഷിതാക്കൾക്കും അധ്യാപകർക്കുമാണ് അടുത്തറിയാനാവുക. മയക്കുമരുന്നിലേക്ക് ഒരു കുട്ടി വീണുകഴിഞ്ഞാൽ അവന്റെ പെരുമാറ്റം മാറും. പഠനത്തോടുള്ള താത്പര്യം, കൂട്ടുകൂടുന്ന രീതി, ദേഷ്യം തുടങ്ങി പലതിലും അത് പ്രതിഫലിക്കും. രക്ഷിതാക്കൾ കുട്ടികളിൽ പോസിറ്റീവ് എനർജി നൽകണം. ഭക്ഷണം കഴിക്കുന്നതും ഒപ്പമിരുന്ന് സംസാരിക്കുന്നതും പോലുള്ള സ്നേഹനിമിഷങ്ങൾ അനിവാര്യമാണീ കാലത്ത്. ബോംബിനെക്കാൾ മാരകമാണ് ലഹരിയെന്നും നാം തിരിച്ചറിയേണ്ടതുണ്ട്.

**- ഡോ. ചിത്രാ ഗോപിനാഥ്,**
അസി.പ്രൊഫ.കെമിസ്ട്രി വിഭാഗം

## സോഷ്യൽ മീഡിയയ്ക്കും പങ്കുണ്ട്

ലഹരിവ്യാപനത്തിൽ ഇൻസ്റ്റഗ്രാം പോലുള്ള മീഡിയയ്ക്ക് വലിയ പങ്കുണ്ട്. സാമൂഹിക മാധ്യമങ്ങളും കലകളുമെല്ലാം ഇവയ്ക്കെതിരേയുള്ള സന്ദേശം പകരുന്നവയായി മാറണം. മദ്യവും മയക്കുമരുന്നും എവിടെയും എപ്പോഴും കിട്ടുന്ന അവസ്ഥയുമാണിപ്പോൾ. സർക്കാർ തലത്തിലും രാഷ്ട്രീയപ്പാർട്ടികളുടെ തലത്തിലും സമൂഹത്തിലെ എല്ലാ സംഘടനകളും കൂട്ടായി പ്രവർത്തിച്ച് ലഹരിക്ക് പൂട്ടിടേണ്ട കാലമായി.

**- ഡോ. മുഹമ്മദ് മുസ്തഫ,**
ലൈബ്രേറിയൻ

## ബോധവത്കരണം ശക്തമാക്കണം

ഇന്ന് പൊതുവേ കുട്ടികൾ ഉൾവലിയുന്നൊരു പ്രവണതയാണ് കാണുന്നത്. മനസ്സ് തുറക്കുന്നില്ല പലരും. ഇങ്ങനെപോയാൽ ഒരു തലമുറ കൈയിൽനിന്നു പോകുന്ന അവസ്ഥയാകും. കലാരൂപങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും ശക്തമായ ബോധവത്കരണം നടത്തണം. ഇന്ത്യയൊട്ടാകെയുണ്ടാകേണ്ടതാണത്.

**- ഡോ. എം.ജെ.ഷീബ,**
പ്രിൻസിപ്പൽ ടി.കെ.എം. കോളേജ്

## ചികിത്സയേക്കാൾ നല്ലത് പ്രതിരോധം

ചികിത്സയെക്കാൾ നല്ലത് രോഗം വരാതെ നോക്കുക എന്നതാണ്. കുട്ടികളുടെ മാനസികസമ്മർദം മനസ്സിലാക്കണം. അവർക്ക് കാര്യങ്ങൾ പങ്കുവെക്കാനിടമില്ലാത്തത് തിരിച്ചറിയണം. നോ പറയേണ്ട കാര്യത്തിൽ കൃത്യമായ ബോധം വളർത്തണം. മാനസികാരോഗ്യത്തിന് പ്രാധാന്യം നൽകണം. മദ്യവും ലോട്ടറിയുമാണ് സർക്കാരിന്റെ വരുമാനസ്രോതസ്സ് എന്നതിലുമൊരു വൈരുധ്യമില്ലേ.

**- എലീനാതോമസ്,**
വിദ്യാർഥി എക്കണോമിക്സ്

## ഇരുപത് രൂപ ചോദിച്ചൊരു ഒൻപതാം ക്ലാസ്സുകാരൻ

ഒരിക്കൽ കൊട്ടാരക്കര ബസ് സ്റ്റാൻഡിൽ വെച്ച് ഒരു ഒൻപതാം ക്ലാസുകാരൻ എന്നോട് 20 രൂപ ചോദിച്ചു. വെള്ളം കുടിക്കാനാണെന്നാണ് പറഞ്ഞത്. ഞാൻ വാങ്ങിത്തരാം എന്നു പറഞ്ഞിട്ടവൻ കൂട്ടാക്കിയില്ല. പിന്നീട് എക്സൈസ് ഉദ്യോഗസ്ഥർ പറഞ്ഞപ്പോഴാണ് ഭീകരാവസ്ഥ മനസ്സിലാക്കിയത്. 100 രൂപ ചോദിച്ചാൽ നിങ്ങൾ കൊടുക്കില്ല. പലരിൽനിന്നായി ഇരുപത് രൂപവീതം വാങ്ങി അവൻ കാര്യം സാധിക്കും. കുട്ടികളുടെമേൽ മാതാപിതാക്കളുടെ ഇഷ്ടം അടിച്ചേൽപ്പിക്കുന്നതും പ്രശ്നമാണെന്നു തോന്നിയിട്ടുണ്ട്

**- ഡോ. ആർ.ഫൗസിയ,**
അസി.പ്രൊഫസർ കൊമേഴ്സ് വിഭാഗം

## സമചിത്തതയോടെ ഇടപെടണം

രക്ഷിതാക്കൾക്ക് ഇതേക്കുറിച്ച് നല്ല അവബോധം വേണം. വിവരങ്ങൾ അറിഞ്ഞുകഴിഞ്ഞാൽ മറച്ചുവെക്കാതെ സുരക്ഷിതമായി തിരുത്താനുള്ള ശ്രമങ്ങളാണ് ഉണ്ടാകേണ്ടത്. കോളേജിൽ തന്നെ അത്തരത്തിലൊരു നല്ല ഗ്രൂപ്പ് ഉണ്ടാകണം. വിവരം അറിഞ്ഞാൽ എല്ലാവരോടും പറഞ്ഞ് സങ്കീർണമാക്കുന്നവരാകരുത്. സമചിത്തതയോടെ ഇടപെട്ട് എങ്ങനെ രക്ഷിക്കാം എന്നറിയുന്നവരുടെ കൂട്ടായ്മ വേണം. രഹസ്യാത്മകത അതിപ്രധാനമായിരിക്കണം അത്.

**- തൻസി,**
ചെയർപേഴ്സൺ

## നല്ലത് ഉൾക്കൊള്ളണം

ലഹരി ഹരമാണെന്ന മട്ടിൽ ഒട്ടേറെ കാര്യങ്ങൾ സിനിമയിലൂടെ കാണിക്കുന്നുണ്ട്. നല്ല കാര്യങ്ങളും സിനിമയിലുണ്ടാകുന്നുണ്ട്. നല്ലകാര്യങ്ങളെ ഉൾക്കൊള്ളുകയും സാമൂഹികമായും ശാരീരികമായും ദോഷകരമായ കാര്യങ്ങളെ തള്ളിക്കളയുകയും വേണം. അത്തരമൊരു കാഴ്ചപ്പാടാണ് ഉണ്ടാകേണ്ടത്.

**- തുസ്റ,**
തേർഡ് ഇയർ ബി.എ. ഇംഗ്ലീഷ്

## വേണ്ടത് വിവേചനബുദ്ധി

അറിവുകൾ ധാരാളം ലഭിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. അത് എങ്ങനെ എടുക്കുന്നു എന്നിടത്താണ് കാര്യം. വിവേചനബുദ്ധിയോടെ കാര്യങ്ങൾ വിലയിരുത്താനും ഹാനികരമായതിനെ മാറ്റിനിർത്താനും കഴിയണം നമുക്ക്. ലഹരി പെരുകുന്നതിന് സമൂഹത്തിന് വലിയൊരു പങ്കുണ്ട്. അതില്ലാതാക്കാനുള്ള പങ്കും നമുക്കുണ്ട് എന്ന ജാഗ്രതയോടെ കൂട്ടായി പ്രവർത്തിക്കണം.

**- ഡോ. സുൽഫിയ സന്തോഷ്,**
അസി. പ്രൊഫസർ ഇംഗ്ലീഷ് വിഭാഗം

## അവനവൻ തീരുമാനിക്കണം

സ്കൂളിലായാലും കോളേജിലായാലും ജോലിസ്ഥലത്തായാലും ലഹരി വീഴുങ്ങുന്നയിടങ്ങൾ നാം അറിയണം. സർക്കാർതലത്തിൽ നടപടിയുണ്ടാകണം. ഒപ്പം ഇതിന് അടിമപ്പെടില്ലെന്ന് ഓരോരുത്തരും തീരുമാനിക്കണം. രക്ഷിതാക്കൾക്കും കുട്ടികൾക്കുമുൾപ്പെടെ എല്ലാവർക്കും കൗൺസലിങ്ങിലൂടെയോ ബോധവത്കരണത്തിലൂടെയോ അവബോധം ഉണ്ടാക്കണം.

**- പാർവതി,**
വിദ്യാർഥി എക്കണോമിക്സ്

## ലഹരിയാവട്ടെ കലാകായികലോകം

ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ ചെറിയ ക്ലാസുകളിൽനിന്നേ തുടങ്ങണം. കുട്ടികളിൽ ഉണ്ടാകുന്ന മാറ്റങ്ങളും പെരുമാറ്റവൈകല്യങ്ങളും രക്ഷിതാക്കളെ അറിയിക്കണം. ലഹരി കൂട്ടുകെട്ടുകളിൽനിന്നവരെ പിൻവലിക്കണം. കായികലോകത്തെയും കലാരംഗത്തെയും ലഹരിയായെടുക്കാൻ പരിശീലിപ്പിക്കണം. വിനോദ വ്യവസായത്തിലും മാറ്റങ്ങൾ വേണം..

**- നിവേദ്,**
ബി.കോം വിദ്യാർഥി

10/03/2025 PUNALUR Pg 05

# ടികെഎം ആർട്സ് കോളേജിൽ അവധിക്കാല നീന്തൽപരിശീലന ക്യാമ്പ് തുടങ്ങി

കൊല്ലം ▸ കരിക്കോട് ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഇൻറർനാഷണൽ അക്വാട്ടിക് സെൻററിൽ സ്കൂൾ-കോളേജ് വിദ്യാർഥികൾക്കായി അവധിക്കാല നീന്തൽപരിശീലന ക്യാമ്പ് തുടങ്ങി. പി.സി. വിഷ്ണുനാഥ് എംഎൽഎ ഉദ്ഘാടനം നിർവഹിച്ചു. 10 വയസ്സു മുതലുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക സെഷനുകളിലായാണ് പരിശീലനം. 50 മീറ്റർ നീളത്തിൽ ഒളിമ്പിക് സ്റ്റാൻഡേർഡിൽ നിർമിച്ച സ്വിമ്മിങ് പൂളിൽ അംഗീകൃത പരിശീലകരുടെയും ലൈഫ് ഗാർഡുകളുടെയും നേതൃത്വത്തിലാണ് ക്യാമ്പ് നടത്തുന്നത്. കോളേജ് പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ അധ്യക്ഷതവഹിച്ചു. ട്രസ്റ്റ് അംഗം ജമാലുദ്ദീൻ മുസലിയാർ, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് എച്ച്. ഹുസൈൻ, ഡോ. മനീഷ് റഷീദ്, കായികവിഭാഗം മേധാവി ഡോ. ടി.സി. അബ്ദുൽ റഫീഖ്, അക്വാട്ടിക് സെൻറർ മാനേജർ രതീഷ്കുമാർ തുടങ്ങിയവർ സംസാരിച്ചു. വിവിധ ബാച്ചുകളിലായി നടക്കുന്ന ക്യാമ്പ് മേയ് അവസാനംവരെ തുടരും. വിവരങ്ങൾക്ക്: 7994992800.



കരിക്കോട് ടികെഎം അക്വാട്ടിക് സെൻററിൽ ആരംഭിച്ച അവധിക്കാല നീന്തൽപരിശീലനം പി.സി. വിഷ്ണുനാഥ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

Mathrubhumi, 12.04.2025 P13

# തങ്ങൾകുഞ്ഞ് മുസലിയാർ അനുസ്മരണം



ടി.കെ.എം. ആർട്സ് കോളേജിൽ നടന്ന തങ്ങൾകുഞ്ഞ് മുസലിയാർ അനുസ്മരണപ്രഭാഷണം ജി.എസ്.പ്രദീപ് നിർവഹിക്കുന്നു

**കരിക്കോട്** ▸ വിദ്യാഭ്യാസ, വ്യവസായ പ്രവർത്തനങ്ങളിലൂടെ മറ്റുള്ളവരുടെ നന്മ ആഗ്രഹിച്ച വ്യക്തിയായിരുന്നു തങ്ങൾകുഞ്ഞ് മുസലിയാരെന്ന് ജി.എസ്.പ്രദീപ്. കരിക്കോട് ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ തങ്ങൾകുഞ്ഞ് മുസലിയാർ അനുസ്മരണപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ട്രസ്റ്റ് പ്രസിഡന്റ് ടി.കെ. ഷഹാൽ ഹസൻ മുസലിയാർ അധ്യക്ഷനായി. ട്രസ്റ്റ് അംഗങ്ങളായ ജമാലുദീൻ മുസലിയാർ, അക്ബർ ഹൈദർ മുസലിയാർ, ഖാലിദ് മുസലിയാർ, എം.ഹാറൂൺ, എസ്.അയ്യൂബ്, എസ്.യഹിയ, ടി.കെ.അബ്ദുൽ കരീം മുസലിയാർ, സാദിഖ് എസ്.ത്വാഹ എന്നിവർ പ്രസംഗിച്ചു.

തങ്ങൾകുഞ്ഞ് മുസലിയാർ സ്മാരക വിദ്യാഭ്യാസപുരസ്കാരം മധുര കാമരാജ് സർവകലാശാലാ മുൻ വൈസ് ചാൻസലർ എം.സാലിഹുവിന് സമ്മാനിച്ചു. മാധ്യമപുരസ്കാരം പ്രമോദ് രാമനും ശാസ്ത്രപുരസ്കാരം വി.എസ്.എസ്.സി. മുൻ ശാസ്ത്രജ്ഞൻ ഷഹാബുദീനും സംരംഭകപുരസ്കാരം എസ്.അനന്തുവിനും സമർപ്പിച്ചു.

**Mathrubhumi, 20.03.2025 P3**

# ഗസ്റ്റ് ലക്ചറർ ഒഴിവ്

കൊല്ലം: കരിക്കോട് ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസിൽ മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, ഇംഗ്ലീഷ്, ഇസ്ലാമിക് ഹിസ്റ്ററി, മലയാളം, ഹിന്ദി, ഇക്കണോമിക്സ് എന്നീ വിഷയങ്ങളിൽ ഗസ്റ്റ് ലക്ചർമാരെ നിയമിക്കുന്നു. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും നെറ്റുമാണ് യോഗ്യത. കോളേജ് വിദ്യാഭ്യാസ പാനലിന്റെ ഗസ്റ്റ് പാനലിൽ രജിസ്റ്റർ ചെയ്തിരിക്കണം. താത്പര്യമുള്ളവർ ബയോഡേറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ കോപ്പികൾ സഹിതം മേയ് 5ന് മുമ്പ് tkmartsguest@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷിക്കുക. ഫോൺ: 0474 2712240.

**Kerala Kaumudi 24.04.2025 P13**

**Malayala Manorama, 15.03.2025 P2**



കൊല്ലം ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ മിത്ര വനിത സെൽ, ഇസ്‌ലാമിക് ഹിസ്റ്ററി, അഡീഷനൽ ലാംഗ്വേജസ് വകുപ്പുകൾ ചേർന്നു സംഘടിപ്പിച്ച ന്യൂറോപ്ലാസ്റ്റിക് വെൽനസ് സെമിനാറിൽ ഡോ.ഫ്രെസ്നൽ ദാസ് പ്രസംഗിക്കുന്നു. കോളജ് പ്രിൻസിപ്പൽ ഡോ.എം.ജെ.ഷീബ ഉദ്ഘാടനം ചെയ്തു. മിത്ര വിമൻസ് സെൽ കോഓർഡിനേറ്റർ എസ്.ഹസീന, ഡോ.തനൂജ താഹ, ഡോ.വി.കെ.ജസിൻ റഹ്മാൻ, ഡോ.ഇ.നജീം എന്നിവർ പ്രസംഗിച്ചു.

മലയാള മനോരമ

Mathrubhumi മാതൃഭൂമി

## ടികെഎം കോളേജിൽ അന്താരാഷ്ട്ര വന-ജലദിനം ആചരിച്ചു



ടികെഎം ആർട്സ് കോളേജിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര വന-ജലദിനാഘോഷത്തിൽ ബി. അനിൽ പ്രഭാഷണം നടത്തുന്നു

**കൊല്ലം▸** ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ ഭൂമിത്രസേന ക്ലബ്, മിത്ര വനിതാസെൽ, സുവോളജി വകുപ്പ് എന്നിവ കേരള വനം-വന്യജീവി വകുപ്പുമായി സഹകരിച്ച് അന്താരാഷ്ട്ര വന-ജലദിനം ആഘോഷിച്ചു.

'വനങ്ങൾ: സംരക്ഷണത്തിന്റെ താക്കോൽ' എന്ന വിഷയത്തിൽ വനം ഡെപ്യൂട്ടി കൺസർവേറ്റർ ബി. അനിൽ പ്രഭാഷണം നടത്തി. ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ എസ്.കെ. ജനീവ് പരിസ്ഥിതിസംരക്ഷണത്തിലെ സമൂഹ പങ്കാളിത്തത്തെക്കുറിച്ച് സംസാരിച്ചു.

'പറവകൾക്കൊരു കുളിരിടം' പദ്ധതിയും ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ എം.ജെ. ഷീബ, ഫാക്കൽറ്റി കോഡിനേറ്റർമാരായ എം.വി.രോഹിണി കൃഷ്ണ, മുംതാസ് യഹിയ, വി.കെ. ജാസിൻ റഹ്മാൻ, തനൂജ താഹ, എസ്.ഹസീന എന്നിവർ പ്രസംഗിച്ചു.

24/03/2025 KOLLAM Pg 02

Mathrubhumi മാതൃഭൂമി

## ടികെഎം കോളേജിൽ സെമിനാർ

**കൊല്ലം▸** ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ മിത്ര വനിതാ സെൽ, ഇസ്‌ലാമിക് ഹിസ്റ്ററി, അഡീഷണൽ ലാംഗ്വേജസ് വകുപ്പുകളുമായി സഹകരിച്ച് ന്യൂറോപ്ലാസ്റ്റിക് വെൽനസിനെക്കുറിച്ച് സെമിനാർ നടത്തി. പ്രിൻസിപ്പൽ ഡോ.എം.ജെ. ഷീബ ഉദ്ഘാടനം ചെയ്തു. ഡോ. ഫ്രെസ്റ്റൽ ദാസ് മുഖ്യപ്രഭാഷണം നടത്തി. തലച്ചോറിന്റെ പ്ലാസ്റ്റിസിറ്റി, മൈൻഡ്ഫുൾനെസ്, വൈജ്ഞാനികവികസനം എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു. വിമൻസ് സെൽ കോഡിനേറ്റർ എസ്.ഹസീന, ഡോ.തനൂജ താഹ, ഡോ. വി.കെ.ജസിൻ റഹ്മാൻ, ഡോ.ഇ.നജീം എന്നിവർ പ്രസംഗിച്ചു.

25/03/2025 KOLLAM Pg 02

## ന്യൂറോപ്ലാസ്റ്റിക് വെൽനസ് സെമിനാർ

**കൊല്ലം:** ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ മിത്ര വനിതാ സെൽ, ഇസ്‌ലാമിക് ഹിസ്റ്ററി, അഡീഷനൽ ലാംഗ്വേജസ് വകുപ്പുകളുമായി സഹകരിച്ച് ന്യൂറോ പ്ലാസ്റ്റിക് വെൽനസിനെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ ഉദ്ഘാടനം ചെയ്തു. ഡോ. ഫ്രെസ്റ്റൽ ദാസ് മുഖ്യപ്രഭാഷണം നടത്തി. തലച്ചോറിന്റെ പ്ലാസ്റ്റിസിറ്റി, മൈൻഡ്ഫുൾനെസ്, വൈജ്ഞാനിക വികസനം എന്നിവ ചർച്ച ചെയ്തു. മിത്ര വിമൻസ് സെൽ കോഓഡിനേറ്റർ എസ്. ഹസീന, ഡോ. തനൂജ താഹ, ഡോ. വി.കെ. ജസിൻ റഹ്മാൻ, ഡോ. നജീം എന്നിവർ സംസാരിച്ചു.

Madhyamam 26.03.2025, P4

## നീന്തൽ മത്സരം

**കൊല്ലം●** ജില്ലാ അക്വാട്ടിക് അസോസിയേഷൻ നടത്തുന്ന ജില്ലാതല ജൂനിയർ, സബ് ജൂനിയർ നീന്തൽ മത്സരങ്ങൾ 22ന് എട്ട് മുതൽ ടികെഎം ഇന്റർനാഷനൽ അക്വാട്ടിക് സെന്ററിൽ നടത്തും. മന്ത്രി ജെ.ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡ

Manorama, 19.06.2025 P2

Mathrubhumi
മാതൃഭൂമി

# വനിതാദിനാഘോഷം നടത്തി



ടികെഎം ആർട്സ് കോളേജിലെ വനിതാദിനാഘോഷം ബിജിത എസ്. ഖാൻ ഉദ്ഘാടനം ചെയ്യുന്നു

**കൊല്ലം ▸** ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വിമെൻസ് സ്റ്റഡീസ് യൂണിറ്റ്, സുവോളജി വിഭാഗം, ഹ്യൂമൻ റൈറ്റ്സ് ഫോറം, എഫ്ഡിഎസ്ജെ ഫോറം, ജീവനി സെന്റർ എന്നിവ സംയുക്തമായി അന്താരാഷ്ട്ര വനിതാദിനാഘോഷം സംഘടിപ്പിച്ചു. മുൻ വനിതാ-ശിശു വികസനവകുപ്പ് ഉദ്യോഗസ്ഥ ബിജിത എസ്. ഖാൻ ഉദ്ഘാടനം നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ, പ്രോഗ്രാം കോഡിനേറ്റർമാരായ ഡോ. എം.വി. രോഹിണി കൃഷ്ണ, ഡോ. ഷർജിന ബീഗം, ഡോ. മുംതാസ് യഹിയ, ഡോ. ജസിൻ റഹ്മാൻ, ജീവനി കൗൺസിലർ സ്റ്റെഫി ചാക്കോ എന്നിവർ പ്രസംഗിച്ചു.

**കൊല്ലം ▸** പ്രസാദം ഡേ കെയറിന്റെ നേതൃത്വത്തിൽ വനിതാദിനം ആഘോഷിച്ചു. കോർപ്പറേഷൻ പൊതുമരാമത്ത് മുൻ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷ ചിന്ത എൽ. സജിത്ത്, ജീവനക്കാരായ പ്രസന്ന, മിനി, രമണി, ഇന്ദിര എന്നിവരെ ആദരിച്ചു.

13/03/2025 KOLLAM Pg 02

# നീന്തൽ മത്സരം

**കൊല്ലം ▸** ജില്ലാ അക്വാട്ടിക് അസോസിയേഷൻ സംഘടിപ്പിക്കുന്ന ജില്ലാതല ജൂനിയർ, സബ് ജൂനിയർ നീന്തൽ മത്സരങ്ങൾ 22-ന് രാവിലെ എട്ടുമുതൽ ടികെഎം ഇന്റർനാഷണൽ അക്വാട്ടിക് സെന്ററിൽ നടത്തും. രാവിലെ 10-ന് മന്ത്രി ജെ. ചിഞ്ചുറാണി സമ്മേളനം ഉദ്ഘാടനം ചെയ്യും. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എക്സ്. ഏണസ്റ്റ് അധ്യക്ഷനാകും. മത്സരങ്ങളിൽ യോഗ്യത നേടുന്നവർക്ക് സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കാം. രജിസ്ട്രേഷൻ വ്യാഴാഴ്ചവരെ ഓൺലൈൻ മുഖേന നടത്താം. ഫോൺ: 9447491042, 8547238823.

**Mathrubhumi, 19.06.2025 P2**

# എന്റെ കേരളം പ്രദർശന വിപണന മേളയിൽ ടികെഎം എൻഎസ്എസ് യൂണിറ്റിന്റെ ജൈവ അരി വിൽപ്പനയ്ക്ക്

**കൊല്ലം ▸** സംസ്ഥാനസർക്കാരിന്റെ വാർഷികാഘോഷത്തിന്റെ ഭാഗമായി നടക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേളയിൽ വിപണന സ്റ്റാളുമായി ടികെഎം എൻഎസ്എസ് യൂണിറ്റ്. വിവിധതരം ജൈവ അരിയും മെഹന്തി സ്റ്റാളുമാണ് ക്രമീകരിച്ചിരിക്കുന്നത്. പാടശേഖരസമിതി കർഷകക്കൂട്ടായ്മയിൽനിന്നു സമാഹരിച്ച പോഷകമൂല്യമുള്ള അഞ്ചുതരം ജൈവ അരിയാണ് സ്റ്റാളിലെ പ്രധാന ആർഷണം. സ്റ്റാള് സന്ദർശിക്കുന്നവർക്ക് മെഹന്തി ഇട്ടുനൽകുകയും എൻഎസ്എസ് വൊളൻറിയേഴ്സ് നിർമിച്ച, രാസക്കൂട്ടുകളില്ലാത്ത മെഹന്തി കോണുകളുടെ വിൽപ്പനയും ഇവിടെയുണ്ട്.




എന്റെ കേരളം പ്രദർശന വിപണന മേളയിൽ ടികെഎം എൻഎസ്എസ് യൂണിറ്റ് ഒരുക്കിയ സ്റ്റാൾ

കേരള ചരിത്രം, നാഷണൽ സർവീസ് സ്കീം, ലഹരിയുടെ ദൂഷ്യഫലങ്ങൾ എന്നീ വിഷയങ്ങളിൽ അധിഷ്ഠിതമായ ക്വിസ് പ്രോഗ്രാമും കുട്ടികളുടെ പ്രസംഗകലയെ പ്രോത്സാഹിപ്പിക്കാൻ ഒരുമിനിറ്റ് സംസാരിച്ച് സമ്മാനം നേടാനുള്ള എൻഎസ്എസ് സ്പീക്ക് പോയന്റും മേളയിൽ ഒരുക്കിയിട്ടുണ്ട്.

## വിദ്യാഭ്യാസ പ്രദർശനം

▸ സംസ്ഥാന സർക്കാർ ആശ്രാമം മൈതാനത്ത് സംഘടിപ്പിക്കുന്ന 'എന്റെ കേരളം' പരിപാടിയുടെ ഭാഗമായി ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഉന്നതവിദ്യാഭ്യാസ പ്രദർശനം ഒരുക്കി. നാലുവർഷ ബിരുദ കോഴ്സുകളെക്കുറിച്ച് വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും വേണ്ട മാർഗനിർദേശങ്ങളും കൗൺസലിങ്ങും ഒരുക്കിയിട്ടുണ്ട്.

ലഭ്യമായിട്ടുള്ള കോഴ്സുകൾ, പഠനസൗകര്യങ്ങൾ ഉപരിപഠന സാധ്യതകൾ തുടങ്ങിയ വിശദവിവരങ്ങൾ അടങ്ങിയ ലഘുലേഖകൾ തയ്യാറാക്കിയിട്ടുണ്ട്.

മാതൃഭൂമി

**Mathrubhumi, 16.05.2025 P2**

# ടികെഎം ആർട്സ് കോളേജിൽ സുവോളജി വിഭാഗം പൂർവ വിദ്യാർഥി സംഗമം

മാതൃഭൂമി



ടികെഎം ആർട്സ് കോളേജിലെ പൂർവ വിദ്യാർഥി സംഗമം എസ്. ബാലകൃഷ്ണപിള്ള ഉദ്ഘാടനം ചെയ്യുന്നു

കൊല്ലം ▸ ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ സുവോളജി വകുപ്പ് പൂർവ വിദ്യാർഥി സംഗമം സംഘടിപ്പിച്ചു. ഡിപ്പാർട്ട്മെന്റ് സ്ഥാപക അധ്യാപകൻ എസ്. ബാലകൃഷ്ണപിള്ള ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ എം.ജെ. ഷീബ അധ്യക്ഷയായി.

അർഹരായ വിദ്യാർഥികൾക്കുള്ള സാമ്പത്തികസഹായം പൂർവ വിദ്യാർഥി സുൽഫിക്കർ പ്രിൻസിപ്പലിന് കൈമാറി. അധ്യാപകരായ അബ്ദുൽ ഹക്കീം, എ. കഹാർ, കെ. നെജ്മി, ബി. ഗീതാകുമാരി, ആർ. കൈരളി, എസ്. സമീദ, രോഹിണി കൃഷ്ണ, മുംതാസ് യഹിയ, ജസിൻ റഹ്മാൻ എന്നിവർ പ്രസംഗിച്ചു.

**Mathrubhumi, 18.05.2025 P6**

മലയാള മനോരമ



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് സുവോളജി വിഭാഗം സംഘടിപ്പിച്ച പൂർവ വിദ്യാർഥി സംഗമം പ്രഫ. എസ്.ബാലകൃഷ്ണ പിള്ള ഉദ്ഘാടനം ചെയ്യുന്നു.

## പൂർവ വിദ്യാർഥി സംഗമം

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് സയൻസ് സുവോളജി വിഭാഗം സംഘടിപ്പിച്ച പൂർവ വിദ്യാർഥി സംഗമം വകുപ്പു സ്ഥാപക മേധാവി പ്രഫ. എസ്. ബാലകൃഷ്ണ പിള്ള ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഡോ. എം.ജെ.ഷീബ അധ്യക്ഷത വഹിച്ചു. പൂർവ അധ്യാപകരെയും ഉന്നത വിജയം നേടിയ വിദ്യാർഥികളെയും ചടങ്ങിൽ ആദരിച്ചു. അർഹരായ വിദ്യാർഥികൾക്കുള്ള സാമ്പത്തിക സഹായം പൂർവ വിദ്യാർഥി സുൽഫിക്കറിൽ നിന്നു പ്രിൻസിപ്പൽ ഏറ്റുവാങ്ങി. മുൻ അധ്യാപകരായ അബ്ദുൽ ഹക്കീം, എ.കഹാർ, ഡോ. കെ.നെജ്മി, ബി.ഗീതാകുമാരി, ആർ.കൈരളി, എസ്.സമീദ, സുവോളജി വിഭാഗം അധ്യാപകരായ ഡോ. രോഹിണി കൃഷ്ണ, ഡോ. മുംതാസ് യഹിയ, ഡോ. ജസിൻ റഹ്മാൻ എന്നിവർ പ്രസംഗിച്ചു.

**Malayala Manorama, 18.05.2025 P2**

മാധ്യമം

2025 മേയ് 30 വെള്ളി



കേരള യൂനിവേഴ്സിറ്റി ബി.എ ഇസ്‍ലാമിക് ഹിസ്റ്ററി പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ആസിയ ഷെരീഫ് (ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജ്, കൊല്ലം)

**Madhyamam 30.05.2025, P4**

# കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകും: മന്ത്രി ജെ ചിഞ്ചുറാണി



ജില്ലാ അക്വാട്ടിക് അസോസിയേഷൻ സംഘടിപ്പിച്ച ജില്ലാതല ജൂനിയർ, സബ് ജൂനിയർ നീന്തൽ ചാമ്പ്യൻഷിപ് മന്ത്രി ജെ ചിഞ്ചുറാണി ഉദ്ഘാടനംചെയ്യുന്നു

**കൊല്ലം**

ജലാശയങ്ങളിൽ വീണുള്ള അപകടങ്ങൾ കുറയ്ക്കാൻ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി പറഞ്ഞു. ജില്ലാ അക്വാട്ടിക് അസോസിയേഷൻ സംഘടിപ്പിച്ച ജില്ലാതല ജൂനിയർ, സബ് ജൂനിയർ നീന്തൽ ചാമ്പ്യൻഷിപ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ലാൽ ബഹാദൂർ സ്റ്റേഡിയത്തിലെ സ്വിമ്മിങ് പൂളിന്റെ നിർമാണം പുനഃരാരംഭിക്കും. മറ്റ് കായിക ഇനങ്ങൾക്കും മികച്ച പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കും. ഹോക്കി സ്റ്റേഡിയം നിർമിക്കുമെന്നും മന്ത്രി പറഞ്ഞു. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എക്സ് ഏണസ്റ്റ് അധ്യക്ഷനായി. ജില്ലാ അക്വാട്ടിക് അസോസിയേഷൻ പ്രസിഡന്റ് എൻ ജയലാൽ, സെക്രട്ടറി ആസാദ് അബ്ദുൽ കലാം, ടിഐഎഎസി മാനേജർ ആർ രതീഷ് കുമാർ, മുൻ രാജ്യാന്തര സ്വിമ്മർ എസ് മണമയിൽ എന്നിവർ പങ്കെടുത്തു.

മാധ്യമം

**Madhyamam 23.06.2025, P3**



പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് ഏർപ്പെടുത്തിയ മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ മികച്ച സംസ്ഥാനതല ഓഡിറ്റിങ് അവാർഡ് നേടിയ ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ ഭൂമിത്ര സേന ക്ലബ് കോഓർഡിനേറ്റർമാരായ ഡോ. മുംതാസ് യഹിയ, ഡോ. ജസിൻ റഹ്മാൻ എന്നിവരും ക്ലബ് അംഗങ്ങളായ വിദ്യാർഥികളും ചേർന്ന് ഏറ്റുവാങ്ങുന്നു.

**Malayala Manorama, 06.06.2025 P2**

8999826060.

## ഗസ്റ്റ് ലക്ചറർ

കൊല്ലം:ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ കോമേഴ്സ് വിഷയത്തിൽ ഗസ്റ്റ് ലക്ചററെ നിയമിക്കുന്നു. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും നെറ്റുമാണ് യോഗ്യത. കോളജ് വിദ്യാഭ്യാസ വകുപ്പിന്റെ ഗസ്റ്റ് പാനലിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഉദ്യോഗാർഥികൾ ബയോഡാറ്റയും വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ കോപ്പികൾ സഹിതം tkmartsguest@gmail.com എന്ന ഇൗമെയിലിൽ 16നകം അയക്കണം. കൂടുതൽ വിവരങ്ങൾക്ക്::0474 2712240.

**Madhyamam 14.08.2025, P2**

## സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ്

കൊല്ലം: ടി.കെ.എം ആർട്സ് കോളേജിലെ സിവിൽ സർവീസ് അക്കാഡമിയിൽ ഹൈസ്കൂൾ, ഹയർസെക്കൻഡറി(സ്റ്റേറ്റ്/സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ) വിദ്യാർത്ഥികൾക്കായി ടാലന്റ് ഡെവലപ്മെന്റ്, സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സുകളിലേക്ക് kscsa.org മുഖേന അപേക്ഷിക്കാം. ക്ലാസുകൾ ജൂലായ് 6 മുതൽ ആരംഭിക്കും. ഫോൺ: 8281098867, 04742967711.

കേരളകൗമുദി **Kerala Kaumudi 25.06.2025 P2**

## സിവിൽ സർവിസ് ഫൗണ്ടേഷൻ കോഴ്സ്

കൊല്ലം: ടി.കെ.എം ആർട്സ് കോളജിലുള്ള സിവിൽ സർവിസ് അക്കാദമിയിൽ ഹൈസ്കൂൾ, ഹയർ സെക്കൻഡറി (സ്റ്റേറ്റ്/സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ) വിദ്യാർഥികൾക്കായി വിവിധ കോഴ്സുകളിലേക്ക് kscsa.org മുഖേന അപേക്ഷിക്കാം. 8281098867, 0474 2967711.

മാധ്യമം **Madhyamam 19.06.2025, P2**

## ടി.കെ എം 'ബുക്കോർമ്മ'

കൊല്ലം: ദേശീയ വായനാദിനത്തോടനുബന്ധിച്ച് ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ലൈബ്രറിയും ഭാഷാ പഠന വിഭാഗവും സംയുക്തമായി 'ബുക്കോർമ്മ' സംഘടിപ്പിച്ചു. അധ്യാപകരെയും വിദ്യാർത്ഥികളെയും സ്വാധീനിച്ച പുസ്തകങ്ങളും വായനാനുഭവങ്ങളും പങ്കുവെച്ചു. പുതുതലമുറയുടെ വായനാഭിരുചികളെ കുറിച്ച് ചർച്ച നടന്നു. പ്രിൻസിപ്പൽ ഡോ എം ജെ ഷീബ ഉദ്ഘാടനം ചെയ്തു. ലൈബ്രേറിയൻ ഡോ. മുഹമ്മദ് മുസ്തഫ പി എൻ പണിക്കർ അനുസ്മരണം നിർവഹിച്ചു. ഡോ. ഈ നജീം, നിയാസ് എസ് എം , ഹസീന, ദീപ രാമചന്ദ്രൻ, ആർച്ച മുകുന്ദൻ, മിഥുൻ, തമന്ന, അപർണ്ണ, ഹുസ്ന, സൗരവ്, ദിയ കുര്യൻ, അർവ്വ അമീറുദ്ദീൻ, സനം, എലീന സംസാരിച്ചു.

ചന്ദ്രിക **21.06.2025 P2**

## ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജിൽ 'ഇന്നലെകൾ – 5.0 2കെ25'

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ പൂർവ വിദ്യാർഥി കൂട്ടായ്മ "ഇന്നലെകൾ – 5.0 2കെ25" സംഘടിപ്പിച്ചു. പി.സി.വിഷ്ണുനാഥ് എംഎൽഎ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. എം.ജെ.ഷീബ അധ്യക്ഷത വഹിച്ചു. കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസല്യാർ മുഖ്യാതിഥിയായി. റാങ്ക് ജേതാക്കൾക്കുള്ള അവാർഡ്, സ്കോളർഷിപ് വിതരണം എം. നൗഷാദ് എംഎൽഎയും മികച്ച കായിക താരങ്ങൾക്ക് ഉള്ള അവാർഡും സ്കോളർഷിപ്പും നടൻ രഞ്ജിത്ത് ലളിതവും നിർവഹിച്ചു. കൗൺസിലർ മുസ്തഫ സലാം, ടികെഎം അലംനൈ സെക്രട്ടറി വി.എം.പ്രേംഷാജ്, പ്രഫ. എ.ഫിറോസ് ഖാൻ എന്നിവർ പ്രസംഗിച്ചു.

**Malayala Manorama, 29.15.2025 Pii**

കേരളകൗമുദി

## നീന്തൽ മത്സരങ്ങൾ 22ന്

കൊല്ലം: ജില്ലാ അക്വാട്ടിക് അസോസിയേഷന്റെ നേതൃത്വത്തിൽ ടി.കെ.എം ഇന്റർനാഷണൽ അക്വാട്ടിക് സെന്ററിൽ നടക്കുന്ന നീന്തൽ മത്സരങ്ങളുടെ ഉദ്ഘാടനം 22ന് രാവിലെ 10ന് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ജില്ലാതല ജൂനിയർ, സബ് ജൂനിയർ നീന്തൽ മത്സരങ്ങൾ രാവിലെ എട്ട് മുതൽ നടക്കും. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എക്സ് ഏണസ്റ്റ് അദ്ധ്യക്ഷനാകും. യോഗ്യത നേടുന്നവർക്ക് തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കാം. രജിസ്ട്രേഷൻ ഓൺലൈൻ മുഖേന ജൂൺ 19 വരെ. ഫോൺ: 9447491042, 8547238823, 9497896596.

**Kerala Kaumudi 20.06.2025 P2**

മലയാള മനോരമ

## വായന ദിനം

കൊല്ലം● ദേശീയ വായന ദിനത്തോട് അനുബന്ധിച്ച് ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ലൈബ്രറിയും ഭാഷാ പഠന വിഭാഗവും സംയുക്തമായി 'ബുക്കോർമ' സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഡോ.എം.ജെ ഷീബ ഉദ്ഘാടനം ചെയ്തു.

ലൈബ്രേറിയൻ ഡോ.മുഹമ്മദ് മുസ്തഫ പി എൻ പണിക്കർ അനുസ്മരണം നിർവഹിച്ചു. ഡോ. ഇ.നജീം, എസ്.എം.നിയാസ്, ഹസീന, ദീപ രാമചന്ദ്രൻ, ആർച്ച മുകുന്ദൻ, മിഥുൻ, തമന്ന, അപർണ, ഹുസ്ന, സൗരവ്, ദിയ കുര്യൻ, അർവ അമീറുദ്ദീൻ, സനം, എലീന തുടങ്ങിയവർ പ്രസംഗിച്ചു. അധ്യാപകരെയും വിദ്യാർഥികളെയും സ്വാധീനിച്ച പുസ്തകങ്ങളും വായന അനുഭവങ്ങളും പങ്കുവച്ചു.

**Malayala Manorama, 26.06.2025 P2**

# കുടുംബ സംഗമവും സ്കോളർഷിപ് വിതരണവും സംഘടിപ്പിച്ചു

**കൊല്ലം**

ടി കെ എം ആർട്സ് കോളേജിലെ 1987 ബാച്ചിലെ വിദ്യാർഥികളുടെ സംഘടനയായ സഹപാഠി tkmc'87 ന്റെ കുടുംബ സംഗമവും സ്കോളർഷിപ് വിതരണവും കിളികൊല്ലൂർ ബാങ്ക് ഓഡിറ്റോറിയത്തിൽ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എക്സ് ഏണസ്റ്റ് ഉദ്ഘാടനം ചെയ്തു. ലൈബ്രറി കൗൺസിൽ താലൂക്ക് യൂണിയൻ സെക്രട്ടറി കെ പി സജിനാഥ് മുഖ്യ പ്രഭാഷണം നടത്തി. ആർ സുജിത്കുമാർ അധ്യക്ഷനായി. ഈവർഷത്തെ ഒരുവർഷം നീണ്ടുനിൽക്കുന്ന സ്കോളർഷിപ് പത്താം ക്ലാസ് പരീക്ഷയിൽ ഉന്നതവിജയം നേടിയ വിശ്വനാഥൻ എസ് നായർക്ക് നൽകി. കൊല്ലം കോർപറേഷനിൽ കൗൺസിലറായി സേവനമനുഷ്ഠിച്ച് 25 വർഷം പൂർത്തിയാക്കുന്ന എസ് ഗീതാകുമാരിയെയും സഹപാഠി കുടുംബങ്ങളിൽ നിന്നും ഉന്നത വിജയം നേടിയ വിദ്യാർഥികളെയും വിവിധ മേഖലകളിൽ ഉന്നത സ്ഥാനങ്ങളിൽ എത്തിച്ചേർന്ന സഹപാഠികളെയും അനുമോദിച്ചു. സെക്രട്ടറി അജിത്കുമാർ, എ എം ജുനൈദ്, ഷഹാറുദീൻ, അമീർ , സുനിൽ കുമാർ എന്നിവർ സംസാരിച്ചു.



ടി കെ എം ആർട്സ് കോളേജിലെ 1987 ബാച്ചിലെ വിദ്യാർഥികളുടെ സംഘടനയായ സഹപാഠിയുടെ കുടുംബ സംഗമവും സ്കോളർഷിപ്പ് വിതരണവും ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എക്സ് ഏണസ്റ്റ് ഉദ്ഘാടനംചെയ്യുന്നു

ദേശാഭിമാനി **Deshabhimani 20.06.2025**

# ലഹരി വിരുദ്ധ റാലി സംഘടിപ്പിച്ചു

കൊല്ലം: ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലുംനി അസോസിയേഷന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ റാലിയും ബോധവൽക്കരണ സെമിനാറും സംഘടിപ്പിച്ചു. പൂർവ വിദ്യാർഥി പ്രതിനിധി അൽത്താഫുദ്ദീൻ ഫ്ലാഗ് ഓഫ് ചെയ്തു. റിട്ട. സബ് ഇൻസ്പെക്ടർ എ. ഷാജഹാൻ ലഹരി വിരുദ്ധ സന്ദേശം നൽകി. പ്രോഗ്രാം കൺവീനർ നജിമുദീൻ, ഡോ. സുൽഫിയ സമദ്, ഡോ. തരുൺ റഊഫ്, ലിപി, ഡോ. ഹരിശങ്കർ തുടങ്ങിയവർ നേതൃത്വം നൽകി.

കോളജ് ഓഡിറ്റോറിയത്തിൽ ചേർന്ന ബോധവൽക്കരണ സെമിനാർ കോളജ് പ്രിൻസിപ്പൽ ഡോ.എം.ജെ. ഷീബ ഉദ്ഘാടനം ചെയ്തു. അലുംനി അസോസിയേഷൻ ചെയർമാൻ സാജൻ ഹിലാൽ അധ്യക്ഷത വഹിച്ചു.

ലഹരിക്കെതിരെ ബോധവൽക്കരണവുമായി സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും സൈക്കിൾ യാത്ര നടത്തിയ പൂർവ വിദ്യാർഥി എ. ഷാജഹാനെ കിളികൊല്ലൂർ എസ്.എച്ച്.ഒ ശിവപ്രകാശ് ആദരിച്ചു. കോളേജ് ട്രസ്റ്റ് അംഗം ഡോ. മുഹമ്മദ് ഹാറൂൺ പൊന്നാട അണിയിച്ചു.

മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്. ഹുസൈൻ, അലുംനി കോഡിനേറ്റർ മുഹമ്മദ് സിദ്ദീഖ്, എൻജിനിയറിങ് കോളജ് പ്രിൻസിപ്പൽ ഡോ. എ. സിദ്ദീഖ് തുടങ്ങിയവർ സംസാരിച്ചു. ശ്രീവൽസ കുമാർ സ്വാഗതവും ഫിറോസ്ഖാൻ നന്ദിയും പറഞ്ഞു.

**Madhyamam 17.07.2025, P4** മാധ്യമം

സംസ്ഥാന സർക്കാരിന്റെ **കേരള ശ്രീ പുരസ്കാര ജേതാക്കൾ**



ശശികുമാർ (മാധ്യമപ്രവർത്തനം), ടികെഎം ട്രസ്റ്റ് ചെയർമാൻ ഷഹൽ ഹസൻ മുസല്യാർ (വിദ്യാഭ്യാസം), എം.കെ.വിമൽ ഗോവിന്ദ് (സ്റ്റാർട്ടപ്), അഭിലാഷ് ടോമി (കായികം), ജിലുമോൾ മാരിയറ്റ് തോമസ് (വിവിധ മേഖലകളിലെ പ്രവർത്തനം)

**Malayala Manorama, 01.11.2025 P9**



നാഷണൽ സാമ്പിൾ സർവെ സെമിനാർ എൻ.എസ്.ഒ കേരള-ലക്ഷദ്വീപ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഇ.എം. വിബീഷ് ഉദ്ഘാടനം ചെയ്യുന്നു

# നാഷണൽ സാമ്പിൾ സർവെ സെമിനാർ നടത്തി

**കൊല്ലം:** നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ (എൻ.എസ്.ഒ) 75മത് വാർഷികവും ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജിന്റെ 60മത് വാർഷികവും പ്രമാണിച്ച് നാഷണൽ സാമ്പിൾ സർവെ സെമിനാർ സംഘടിപ്പിച്ചു. എൻ.എസ്.ഒ കേരള-ലക്ഷദ്വീപ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഇ.എം. വിബീഷ് ഉദ്ഘാടനം നിർവഹിച്ചു. ടി.കെ.എം ട്രസ്റ്റ് ചെയർമാൻ ഡോ. ടി.കെ. ഷഹൽ ഹസൻ മുസലിയാർ അധ്യക്ഷത വഹിച്ചു.

ഡോ. ആർ. സുഭാഷ് 'ദേശീയ വികസനത്തിന് എൻ.എസ്.ഒ. സർവേകളുടെ പ്രസക്തി' വിഷയത്തിൽ സെമിനാർ അവതരിപ്പിച്ചു. സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ ബി. ശ്രീഹരി സ്റ്റാറ്റിസ്റ്റിക്സിലെ കരിയർ സാധ്യതകളെക്കുറിച്ച് ക്ലാസെടുത്തു. എൻ.എസ്.ഒ ഓഫിസിന്റെ 75മത് വാർഷികാഘോഷങ്ങളുടെ ഭാഗമായി പ്രിൻസിപ്പൽ പ്രഫ. ഡോ. എം.ജെ. ഷീബ, ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഇ.എം. വിബീഷ്, എൻ.എസ്.ഒ. അസിസ്റ്റന്റ് ഡയറക്ടർ ജോമോൻ കുഞ്ചാറക്കാട്ട് എന്നിവരുടെ നേതൃത്വത്തിൽ കോളജ് വളപ്പിൽ വൃക്ഷത്തൈ നട്ടു.

മാധ്യമം

**Madhyamam 31.07.2025, P2**

# ടികെഎം @ 80 സ്മൃതിസന്ധ്യ നാളെ

കൊല്ലം ▸ ടികെഎം ആർട്സ് കോളേജിൽ 1975-85 കാലയളവിലെ വിദ്യാർഥികളുടെ കൂട്ടായ്മ ടികെഎം @ 80-സിന്റെ നേതൃത്വത്തിൽ സ്മൃതിസന്ധ്യ സംഘടിപ്പിക്കുന്നു. ഞായറാഴ്ച ഉച്ചയ്ക്ക് രണ്ടിന് ടികെഎം ആർട്സ് കോളേജ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങ് ടികെഎം ട്രസ്റ്റ് അംഗം ടി.കെ. ജമാലുദ്ദീൻ മുസലിയാർ ഉദ്ഘാടനം ചെയ്യും. ട്രസ്റ്റ് ചെയർമാൻ ഡോ. ടി.കെ. ഷഹാൽ ഹസൻ മുസലിയാരെ ആദരിക്കും. കോളേജ് ആരംഭിച്ചപ്പോൾമുതൽ കഴിഞ്ഞ അക്കാദമികവർഷംവരെ വിവിധ വിഷയങ്ങളിൽ യൂണിവേഴ്സിറ്റി ഒന്ന്, രണ്ട്, മൂന്ന് റാങ്കുകൾ നേടിയവരെയും ആദരിക്കും. തുടർന്ന് അഞ്ചുമുതൽ കൂട്ടായ്മ അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും കലാപരിപാടികളുണ്ടാകും.

കൂട്ടായ്മ പ്രസിഡന്റ് പെരുമ്പുഴ ഷാജഹാൻ, സെക്രട്ടറി എൻ. പത്മകുമാർ, പ്രവർത്തകസമിതി അംഗങ്ങളായ വർക്കല അഷറഫ്, മുഹമ്മദ് ഷെരീഫ്, അഷറഫ്കുട്ടി ഞാറയ്ക്കൽ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

**Mathrubhumi, 26.07.2025 P12**



സംസ്ഥാന സർക്കാറിന്റെ കേരളശ്രീ പുരസ്കാരം നേടിയ കൊല്ലം ടി.കെ.എം ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസലിയാർ

**Madhyamam 01.11.2025, P4**





**Madhyamam 02.11.2025, P1**

# അലുംനി അസോസിയേഷൻ

**കൊല്ലം:** കരീക്കോട് ടി.കെ.എം ആർട്സ് കോളജ് അലുംനി അസോസിയേഷൻ വാർഷിക പൊതുയോഗം ഒക്ടോബർ രണ്ടിന് കോളജ് ഓഡിറ്റോറിയത്തിൽ നടക്കും. ടി.കെ.എം ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസലിയാർ ഉദ്ഘാടനം ചെയ്യും.

**Madhyamam 28.09.2025, P4**



*നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ നേതൃത്വത്തിൽ നടത്തിയ ക്വിസ് മത്സരം സംസ്ഥാന സ്റ്റാറ്റിസ്റ്റിക്സ് കമ്മിഷൻ ചെയർമാൻ പി.സി.മോഹനൻ ഉദ്ഘാടനം ചെയ്യുന്നു*

# അന്വേഷ ക്വിസ് മത്സരം

തിരുവനന്തപുരം: ദേശീയ സാമ്പിൾ സർവേകൾ 75 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ നേതൃത്വത്തിൽ കോളേജ്-യൂണിവേഴ്സിറ്റി വിദ്യാർഥികൾക്കായി 'അന്വേഷ 2.0' എന്ന പേരിൽ ക്വിസ് മത്സരം ഹോട്ടൽ ഡിമോറയിൽ സംഘടിപ്പിച്ചു.

സംസ്ഥാന സ്റ്റാറ്റിസ്റ്റിക്സ് കമ്മിഷൻ ചെയർമാൻ പി.സി.മോഹനൻ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഇ.എം.വിബീഷ്, കോഴിക്കോട് റീജിയണൽ ഡയറക്ടർ മുഹമ്മദ് യാസിർ, കേരള സംസ്ഥാന ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ ജി.എസ്.രജത്ത് തുടങ്ങിയവർ പങ്കെടുത്തു. കൊല്ലം ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ ശ്രീലക്ഷ്മി.എസ്.പൈ, യു.വൈഷ്ണവി എന്നിവരുടെ ടീം ഒന്നാംസ്ഥാനം കരസ്ഥമാക്കി. ധനുവച്ചപുരം വി.ടി.എം എൻ.എസ്.എസ് കോളേജിലെ ജെ.സന്ദീപും എ.എ.അദ്വൈതും രണ്ടാം സ്ഥാനവും മാറനല്ലൂർ ക്രൈസ്റ്റ് നഗർ കോളേജിലെ എസ്.ലിഡിയ, എസ്.ഷിന്റോ സുരേഷ് എന്നിവർ മൂന്നാംസ്ഥാനവും നേടി.

**Madhyamam 20.07.2025, P3**

# പൂർവ വിദ്യാർത്ഥി സ്മൃതിസന്ധ്യ

കൊല്ലം: കരിക്കോട് ടി.കെ.എം ആർട്സ് കോളേജിലെ 1975-85 ബാച്ച് പൂർവവിദ്യാർത്ഥികളുടെ കൂട്ടായ്മയായ 'ടി.കെ.എം @80' ന്റെ നേതൃത്വത്തിൽ 27ന് സ്മൃതിസന്ധ്യ സംഘടിപ്പിക്കും. ഉച്ചയ്ക്ക് 2 മുതൽ രാത്രി 10 വരെ കോളേജ് ഓഡിറ്റോറിയത്തിലാണ് പരിപാടികൾ. ആദരിക്കൽ, അനുമോദനം, കലാപരിപാടികൾ എന്നിവ നടക്കും. ടി.കെ.എം ട്രസ്റ്റ് ചെയർമാൻ ഡോ. ടി.കെ.ഷഹാൽ ഹസൻമുസലിയാരെ ചടങ്ങിൽ ആദരിക്കും. കോളേജിൽ നിന്ന് നാളിതുവരെ യൂണിവേഴ്സിറ്റി തലത്തിൽ റാങ്ക് നേടിയവരെ അനുമോദിക്കും. കൂട്ടായ്മ പ്രസിഡന്റ് പെരുമ്പുഴ ഷാജഹാൻ അദ്ധ്യക്ഷനാകും. ടി.കെ. ജമാലുദ്ദീൻ മുസലിയാർ ഉദ്ഘാടനം ചെയ്യും. സെക്രട്ടറി എൻ.പത്മകുമാർ, പ്രിൻസിപ്പൽ എം.ജെ.ഷീബ, ടി.സി.അജയകുമാർ, എ.അഷ്റഫ്, മുഹമ്മദ് ഷരീഫ്, ഡോ. മുഹമ്മദ് ഹാറൂൺ, ഡോ. ചിത്ര ഗോപിനാഥ്, സി.കെ.ജിനായർ, സാജൻ ഹിലാൽ എന്നിവർ സംസാരിക്കും. പത്രസമ്മേളനത്തിൽ പെരുമ്പുഴ ഷാജഹാൻ, എൻ.പത്മകുമാർ, വർക്കല അഷ്റഫ്, മുഹമ്മദ് ഷെരീഫ്, കടവൂർ ബി.അനിൽകുമാർ എന്നിവർ പങ്കെടുത്തു.

**Kerala Kaumudi 26.07.2025 P10**



*കേരള സർവകലാശാലയിൽ നിന്ന് ഇസ്ലാമിക ചരിത്രത്തിൽ പി.എച്ച്.ഡി ബിരുദം നേടിയ എ.സജീന ബീവി. കൊല്ലം ടി.കെ. എം ആർട്സ് ആൻഡ് സയൻസ് കോളജിലെ ഗസ്റ്റ് ലക്ചറർ ആണ്. കാട്ടുപുതുശ്ശേരി പള്ളിക്കൽ സ്വദേശിയാണ്. കൊല്ലം ഉമയനല്ലൂർ മാവിള വീട്ടിൽ അൻസാരിയുടെ ഭാര്യയാണ്.*

**Madhyamam 08.09.2025, P4**

## നേട്ടം



കൊമേഴ്സിൽ പിഎച്ച്ഡി നേടിയ (കേരള) എ.എച്ച്.റുക്സാന സുൽത്താന. കരിക്കോട് ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജ് കൊമേഴ്സ് വിഭാഗം അസി.പ്രഫസറാണ്. കൊല്ലം കിളികൊല്ലൂർ കണ്ടൻചാലിൽ വീട്ടിൽ ടി.കെ.അക്ബർ ഹൈദർ മുസല്യാരുടെയും അനീന അക്ബറിന്റെയും മകളാണ്.

**Malayala Manorama, 03.09.2025**

മലയാള മനോരമ

# അലമ്നൈ അസോ. വാർഷികം

കൊല്ലം ● കരിക്കോട് ടികെഎം ആർട്സ് കോളജ് അലമ്നൈ അസോസിയേഷൻ വാർഷിക പൊതുയോഗം 2ന് നടത്തും. ട്രസ്റ്റ് ചെയർമാൻ ഡോ.ഷഹാൽ ഹസൻ മുസല്യാർ ഉദ്ഘാടനം ചെയ്യും. കോളജ് പ്രിൻസിപ്പൽ ഡോ.എം.ജെ ഷീബ അധ്യക്ഷത വഹിക്കും.

**Malayala Manorama, 03.09.2025 P12**

മലയാള മനോരമ



ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജിൽ നടന്ന സെമിനാർ എൻഎസ്ഒ (എഫ്ഒഡി) തിരുവനന്തപുരം റീജനൽ ഓഫിസ് ഉപമേഖല ഡയറക്ടർ ജനറൽ ഇ.എം.വിബീഷ് ഉദ്ഘാടനം ചെയ്യുന്നു.

## സെമിനാർ സംഘടിപ്പിച്ചു

കൊല്ലം ● ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ഓഫിസ് 75ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജ് കൊമേഴ്സ് വിഭാഗവും എൻഎസ്ഒ ഉപപ്രാദേശിക ഓഫിസും ചേർന്ന് 'എൻഎസ്എസ് സർവേകൾ – ആശയങ്ങളും സാങ്കേതിക വിദ്യകളും പ്രാധാന്യങ്ങളും' എന്ന വിഷയത്തിൽ സെമിനാർ നടത്തി. എൻഎസ്ഒ (എഫ്ഒഡി) തിരുവനന്തപുരം ജനറൽ ഓഫിസ് ഉപമേഖല ഡയറക്ടർ ജനറൽ ഇ.എം.വിബീഷ് ഉദ്ഘാടനം ചെയ്തു. കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ.ടി.കെ. ഷാഹൽ ഹസൻ മുസല്യാർ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. എം.ജെ.ഷീബ, കൊമേഴ്സ് വിഭാഗം മേധാവി ഡോ. എസ്.ആർ.ഷഹനാസ്, അധ്യാപകരായ ഡോ. എ.എച്ച്.റുക്സാന സുൽത്താന, എ.ഫിറോസ് ഖാൻ, എൻഎസ്ഒ റീജനൽ ഡയറക്ടർ ജോമോൻ കുഞ്ചരക്കാട്ട് എന്നിവർ പ്രസംഗിച്ചു.

**Malayala Manorama, 30.07.2025 P2**

## ടി.കെ.എം കോളജ് എൻ.എസ്.എസ് യൂനിറ്റിന് പുരസ്കാരം

കൊല്ലം: കൊറ്റങ്കര പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സംയുക്താഭിമുഖ്യത്തിൽ കർഷക ദിനത്തോടനുബന്ധിച്ച് മികവുറ്റ കാർഷിക പ്രവർത്തനത്തിന് നൽകിയ ആദരവ് ടി.കെ.എം കോളജ് എൻ.എസ്.എസ് യൂനിറ്റിന്. മാമ്പുഴ പാടശേഖര സമിതിയുമായി സഹകരിച്ച് കൊറ്റങ്കര കൃഷിഭവന്റെ കീഴിൽ നടത്തിവരുന്ന നെൽകൃഷിക്കാണ് പുരസ്കാരം.

ചടങ്ങിൽ പി.സി. വിഷ്ണുനാഥ് എം.എൽ.എ അവാർഡുകൾ വിതരണം ചെയ്തു. എൻ.എസ്.എസ് യൂനിറ്റിന് വേണ്ടി പ്രോഗ്രാം ഓഫീസർ മുഹമ്മദ് റോഷനും എൻ.എസ്.എസ് വളണ്ടിയർമാരും ചേർന്ന് അവാർഡ് സ്വീകരിച്ചു.

**Madhyamam 18.08.2025, P4**

## എൻഎസ്ഒ വാർഷികം സംഘടിപ്പിച്ചു

കൊല്ലം

ദേശാഭിമാനി



എൻഎസ്ഒ 75–ാം വാർഷികത്തോട് അനുബന്ധിച്ച് ടികെഎം കോളേജിൽ നടന്ന സെമിനാറിൽ എൻഎസ്ഒ കേരള, ലക്ഷദ്വീപ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഇ എം വിബീഷ് സംസാരിക്കുന്നു

നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ (എൻഎസ്ഒ) 75–ാം വാർഷികവും ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ 60–ാം വാർഷികവും സംഘടിപ്പിച്ചു.

കോളേജ് ക്യാമ്പസിൽ നടന്ന യോഗത്തിൽ ടി കെ ഷഹാൽ ഹസൻ മുസലിയാർ അധ്യക്ഷനായി. ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രിൻസിപ്പൽ എം ജെ ഷീബ, എസ് ആർ ഷെഹനാസ്, എൻഎസ്ഒ കേരള, ലക്ഷദ്വീപ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഇ എം വിബീഷ് , അസി. പ്രൊഫസർമാരായ റുക്സാന എ എച്ച് സുൽത്താന, എ ഫിറോസ്ഖാൻ, സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ എച്ച് നിഷി, എൻഎസ്ഒ അസിസ്റ്റന്റ് ഡയറക്ടർ ജോമോൻ കുഞ്ചാറക്കാട്ട് എന്നിവർ സംസാരിച്ചു.

ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനക്കാരായ യു വൈഷ്ണവി, ശ്രീലക്ഷ്മി എസ് പൈ എന്നിവർക്ക് പ്രിൻസിപ്പൽ എം ജെ ഷീബ സമ്മാനദാനം നടത്തി. 'ദേശീയ വികസനത്തിന് എൻഎസ്ഒ സർവേകളുടെ പ്രസക്തി' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ ആർ സുഭാഷ് വിഷയം അവതരിപ്പിച്ചു. സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ ബി ശ്രീഹരി ക്ലാസെടുത്തു.

**Deshabhimani 01.08.2025, P2**

# ടികെഎം കോളേജിൽ സർവേ സെമിനാർ

മാതൃഭൂമി

കൊല്ലം ▸ ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ 75-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജിൽ 'ദേശീയ സാമ്പിൾ സർവേകൾ-ആശയങ്ങളും സാങ്കേതികവിദ്യകളും പ്രാധാന്യങ്ങളും' എന്ന വിഷയത്തിൽ ഏകദിന സെമിനാർ നടത്തി.

തിരുവനന്തപുരം റീജണൽ ഓഫീസ് ഉപമേഖലാ ഡയറക്ടർ ജനറൽ ഇ.എം. വിബീഷ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ടികെഎം കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ടി.കെ. ഷാഹൽ ഹസൻ മുസലിയാർ അധ്യക്ഷനായി. പ്രിൻസിപ്പൽ എം.ജെ. ഷീബ, കൊമേഴ്സ് വകുപ്പ് മേധാവി എസ്. ആർ. ഷെഹനാസ്, അധ്യാപകരായ റുക്സാന സുൽത്താന, എ. ഫിറോസ് ഖാൻ, എൻഎസ്ഒ റീജണൽ ഡയറക്ടർ ജോമോൻ കുഞ്ചാറക്കാട്ട്, സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ എച്ച്. നിഷി തുടങ്ങിയവർ പ്രസംഗിച്ചു.

ആർ. സുഭാഷ്, ബി. ഹരി എന്നിവർ ക്ലാസ് നയിച്ചു. കൊമേഴ്സ് വിഭാഗവും എൻഎസ്ഒ ഉപപ്രാദേശിക ഓഫീസും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.



▶ ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജിൽ നടന്ന ഏകദിന സെമിനാർ ഇ.എം. വിബീഷ് ഉദ്ഘാടനം ചെയ്യുന്നു

**Mathrubhumi, 01.08.2025 P3**

# ടികെഎമ്മിൽ യോഗ ക്ലാസിന് തുടക്കം

മാധ്യമം



ടികെഎം ആർട്സ് കോളേജിൽ വനിതകൾക്കായി ആരംഭിച്ച പ്രത്യേക യോഗ പരിശീലനം ചെങ്ങന്നൂർ എസ്എൻ കോളേജ് അസിസ്റ്റന്റ് പ്രൊഫ. കെ ഷെറിൻ ഉദ്ഘാടനംചെയ്യുന്നു

**കൊല്ലം**

ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജിൽ വിദ്യാർഥിനികൾക്കും അധ്യാപികമാർക്കും പ്രത്യേക യോഗ പരിശീലനം ആരംഭിച്ചു. യോഗ ആൻഡ് മെഡിറ്റേഷൻ ക്ലബ്ബും ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗവും ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടി ചെങ്ങന്നൂർ എസ്എൻ കോളേജ് അസിസ്റ്റന്റ് പ്രൊഫസർ കെ ഷെറിൻ ഉദ്ഘാടനംചെയ്തു. വൈസ് പ്രിൻസിപ്പൽ ബോബി ടി എഡ്വിൻ അധ്യക്ഷനായി. വി കെ ആദർശ്, മുഹമ്മദ് മുസ്തഫ, എ ഫിറോസ് ഖാൻ, ടി സി അബ്ദുൽ റഫീഖ്, എസ് സൗമ്യ, ക്ലബ് കോ– ഓർഡിനേറ്റർ പി സംഗീത, ക്യാപ്റ്റൻ കെ എസ് ലിപി എന്നിവർ സംസാരിച്ചു.

**Madhyamam 18.08.2025, P4**

Mathrubhumi
മാതൃഭൂമി

# തൈറോയ്ഡ് പരിശോധനാ ക്യാമ്പ്



ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ബയോകെമിസ്ട്രി അലംനൈയും ഹെൽത്ത് ക്ലബ്ബും കൊറ്റങ്കര ഗ്രാമപ്പഞ്ചായത്തും ചേർന്നു സംഘടിപ്പിച്ച തൈറോയ്ഡ് പരിശോധനാ ക്യാമ്പ് കോളേജ് പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ ഉദ്ഘാടനം ചെയ്യുന്നു

കൊല്ലം ▸ ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ബയോകെമിസ്ട്രി അലംനൈയും ഹെൽത്ത് ക്ലബ്ബും കൊറ്റങ്കര ഗ്രാമപ്പഞ്ചായത്തും ചേർന്ന് കോളേജിൽ തൈറോയ്ഡ് പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. ഡിഡിആർസി കടപ്പാക്കട ശാഖയുടെ നേതൃത്വത്തിലായിരുന്നു ക്യാമ്പ്. കോളേജ് പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ ഉദ്ഘാടനം ചെയ്തു. ബയോകെമിസ്ട്
വിഭാഗം മേധാവി ഡോ. ബി
ലത, മുഖത്തല ബ്ലോക്ക് പഞ്ചാ
യത്ത് വൈസ് പ്രസിഡൻറ് എച്ച്
ഹുസൈൻ, ഹെൽത്ത് ക്ലബ് കോ
ഡിനേറ്റർ ഡോ. എസ്. സൗമ്
എന്നിവർ സംസാരിച്ചു. ബയോ
കെമിസ്ട്രി വിഭാഗം അധ്യാപക
രായ ഡോ. സുമയ്യ, ഡോ. ഹര
ശങ്കർ, പൂർവവിദ്യാർഥിയായ ശ്ര
ലാൽ എന്നിവർ നേതൃത്വം നൽകി

03/08/2025 KOLLAM Pg 02



കൊല്ലം ആശ്രാമം എയ്റ്റ് പോയിന്റ് ആർട്ട് കഫേയിൽ ആരംഭിച്ച 'അ' പെയിന്റിങ്, ശാന്ത ടീച്ചറുടെയും ഉമാറാണി ഷൺമുഖത്തിന്റെയും ചിത്രത്തുന്നൽ പ്രദർശനം സംവിധായകൻ അനിൽ മുഖത്തല ടികെഎം ട്രസ്റ്റ് ട്രഷറർ ജലാലുദീൻ മുസലിയാർക്ക് തങ്ങൾകുഞ്ഞ് മുസലിയാരുടെ ഛായാചിത്രം നൽകി ഉദ്ഘാടനം ചെയ്യുന്നു

**Mathrubhumi, 14.09.2025 P2**

മാധ്യമം

# ദേശീയ കായികദിനാഘോഷം

കൊല്ലം: ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കായിക വിദ്യാഭ്യാസ വകുപ്പ് ദേശീയ കായികദിനം ആഘോഷിച്ചു. കൊല്ലം സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ സ്റ്റുഡൻസ് ട്രെയിനിങ് സെന്റർ മുഖ്യ പരിശീലകൻ രാജീവ് തോമസ് അധ്യക്ഷത വഹിച്ചു. കോളജ് പ്രിൻസിപ്പാൾ ഡോ.എം.ജെ. ഷീബ ഉദ്ഘാടനം നിർവഹിച്ചു. കായിക വകുപ്പ് മേധാവി ഡോ. ടി.സി. അബ്ദുൽ റഫീഖ് മുഖ്യപ്രഭാഷണം നടത്തി. സായ് പരിശീലകൻ ബാലകൃഷ്ണയുടെ നേതൃത്വത്തിൽ സ്പോർട്സ് ക്വിസ്, കബഡി കോച്ച് രാജ്പാൽ സിംഗിന്റെ നേതൃത്വത്തിൽ ഫിറ്റ്നസ് ചാലഞ്ചും മൈനർ ഗെയിംസ് മത്സരങ്ങളും നടത്തി. കേരള ചീഫ് അത്‌ലറ്റിക് കോച്ച് ആർ. ജയകുമാർ, കേരള സർവകലാശാല സെനറ്റ് അംഗം ഫിറോസ് ഖാൻ, ഫുട്ബാൾ കോച്ച് വി.അഫ്സൽ, ഡോ. സംഗീത എന്നിവർ സംസാരിച്ചു.

**Madhyamam 28.08.2025, P4**



മലയാള മനോരമ



കൊല്ലം ആശ്രാമം 8 പോയിന്റ് ആർട്ട് കഫേയിൽ നടക്കുന്ന ശാന്ത കുമാരിയുടെയും ഉമ റാണി ഷൺമുഖത്തിന്റെയും കലാപ്രദർശനത്തിൽ നിന്ന്. പ്രദർശനം ഇന്ന് സമാപിക്കും. *ചിത്രം: മനോരമ*

# നൂലിഴകളിലൂടെയും വർണങ്ങളിലൂടെയും...

കൊല്ലം ● നൂലും വരയും കൊണ്ട് രണ്ട് അമ്മമാർ തീർക്കുന്ന കലാവിസ്മയങ്ങളുടെ പ്രദർശനത്തിന് തുടക്കം. റിട്ട. കോളജ് പ്രഫ.ശാന്തകുമാരിയും വീട്ടമ്മയായ ഉമ റാണി ഷൺമുഖവുമാണ് ആശ്രാമം 8 പോയിന്റ് ആർട് കഫെയിൽ കലാവിരുതിന്റെ മേളയൊരുക്കുന്നത്. ചിത്രങ്ങളോടും തുന്നലുകളോടുമുള്ള ഇഷ്ടവും താൽപര്യവും വിടാതെയാണ് ജീവിതത്തിന്റെ സായാഹ്നത്തിലും ഇരുവരും മേഖലയിൽ സജീവമാകുന്നത്. കൊല്ലം ഷൺമുഖം സ്റ്റുഡിയോ ഉടമ പരേതനായ രവി സുന്ദറിന്റെ ഭാര്യയാണ് ഉമാറാണി. ടികെഎം ആർട്സ് കോളജിലെ അധ്യാപികയായിരുന്നു പ്രഫ. ശാന്തകുമാരി.

മാസങ്ങളുടെ സൂക്ഷ്മതയും ശ്രദ്ധയും കൊണ്ട് മാത്രം പൂർത്തിയാക്കാൻ കഴിയുന്ന ചിത്രതുന്നൽ ക്രോസ് സ്റ്റിച്ച് സങ്കേതത്തിൽ 30 ഇഞ്ച് 45 വലുപ്പത്തിൽ മലയാളം, ഹിന്ദി, തമിഴ്, ഇംഗ്ലിഷ് തുടങ്ങിയ ഭാഷകളിൽ തുന്നിയെടുത്ത ഇന്ത്യൻ ഭരണഘടനയുടെ ആമുഖവും ഇരുപതിലധികം പാറ്റേണുകളും ഡിസൈനുകളുമാണ് ഉമാറാണിയുടെ പ്രദർശനത്തിൽ അണിനിരക്കുന്നത്. പ്രകൃതി ദൃശ്യങ്ങളും കഥകളിയും ബുദ്ധനും കൃഷ്ണനുമാണ് ശാന്തകുമാരിയുടെ കരവിരുതിൽ ദൃശ്യവിരുന്നായി മാറുന്നത്.

ശാന്തകുമാരി ടീച്ചർ വരച്ച തങ്ങൾ കുഞ്ഞ് മുസല്യാരുടെ ചിത്രം മുഖ്യാതിഥി ടികെഎം ട്രസ്റ്റ് ട്രഷറർ ജലാലുദ്ദീൻ മുസല്യാർക്ക് നൽകി ചലച്ചിത്ര സംവിധായകൻ അനിൽ മുഖത്തല പ്രദർശനം ഉദ്ഘാടനം ചെയ്തു. ടികെഎം ആർട്സ് കോളജ് മുൻ പ്രിൻസിപ്പൽ ഡോ. സി.കെ.ജി.നായർ അധ്യക്ഷത വഹിച്ചു.

എഴുത്തുകാരൻ നന്ദകുമാർ കടപ്പാൽ, കൊല്ലം താലൂക്ക് ലൈബ്രറി കൗൺസിൽ അംഗം കെ.എം. ഭാസ്കരൻ നായർ, പ്രദർശനത്തിന്റെ കോഓർഡിനേറ്റർ കണ്ണൻ ഷൺമുഖം എന്നിവർ പ്രസംഗിച്ചു. രാവിലെ 11 മുതൽ വൈകിട്ട് 7 വരെ നടക്കുന്ന പ്രദർശനം ഇന്ന് അവസാനിക്കും.

# പെയിന്റിംഗ്- ചിത്രം തുന്നൽ പ്രദർശനം 13, 14 തീയതികളിൽ

കൊല്ലം: കരിക്കോട് ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസിൽ മൂന്ന് പതിറ്റാണ്ട് മലയാളം വിഭാഗം അദ്ധ്യാപികയായിരുന്ന പ്രൊഫ. ശാന്തയുടെ ചിത്ര പ്രദർശനവും വീട്ടമ്മയായ ഉമാറാണി ഷൺമുഖത്തിന്റെ ചിത്രത്തുന്നൽ പ്രദർശനവും 13,14 തീയതികളിൽ ആശ്രാമം എയ്റ്റ് പോയിന്റ് ആർട്ട് കഫേയിൽ നടക്കും. രാവിലെ 11 മുതൽ വൈകിട്ട് 7 വരെയാണ് പ്രദർശനം. പ്രൊഫ. ശാന്തയുടെ 25 ചിത്രങ്ങൾ പ്രദർശനത്തിലുണ്ടാകും. 30 വർഷത്തോളമായി ചിത്രം തുന്നൽ രംഗത്തുള്ള ഉമാറാണി, ഭരണഘടനയുടെ ആമുഖം വിവിധ ഭാഷകളിൽ ചിത്രം തുന്നലിലൂടെ ആവിഷ്കരിച്ചിട്ടുണ്ട്.



ഗാസയിൽ ഇസ്രയേൽ നടത്തുന്ന കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് ബി.എസ്.എൻ.എൽ എംപ്ലോയീസ് യൂണിയന്റെ നേതൃത്വത്തിൽ ബി.എസ്.എൻ.എൽ കൊല്ലം ജില്ലാ മാനേജരുടെ ഓഫീസിന് മുന്നിൽ നടത്തിയ യോഗം യൂണിയൻ മുൻ അസിസ്റ്റന്റ് ജനറൽ സെക്രട്ടറി കെ എൻ. ജ്യോതിലക്ഷ്മി ഉദ്ഘാടനം ചെയ്യുന്നു

**Kerala Kaumudi 09.09.2025 P2**

# ടികെഎം ആർട്സ് കോളജിൽ സെമിനാർ

കൊല്ലം ● ടികെഎം ആർട്സ് കോളജിലെ സുവോളജി വകുപ്പും ഭൂമിത്രസേന ക്ലബ്ബും സംയുക്തമായി ഇന്നു മുതൽ കോളജിൽ 2 ദിവസത്തെ നാഷനൽ സെമിനാർ നടത്തും. 'പ്ലാസ്റ്റിക്കുകളുടെ മറഞ്ഞിരിക്കുന്ന ബാധ്യതകൾ: ആവാസവ്യവസ്ഥയിലും വന്യജീവികളിലും ചെലുത്തുന്ന പാരിസ്ഥിതിക ആഘാതങ്ങൾ' എന്ന വിഷയത്തിലെ സെമിനാർ ഇന്ന് രാവിലെ 10ന് കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ ഡോ.എൻ.അനിൽകുമാർ ഉദ്ഘാടനം ചെയ്യും. കോളജ് പ്രിൻസിപ്പൽ ഡോ. എം.ജെ.ഷീബ അധ്യക്ഷത വഹിക്കും.

**Malayala Manorama, 18.09.2025 P2**



# കേരള പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

ഡോ. എം ആർ രാഘവവാരിയർക്ക് കേരള ജ്യോതി

കേരള പ്രഭ



രാജശ്രീ വാര്യർ



പി ബി അനീഷ്

കേരള ശ്രീ



ശശികുമാർ, ഷഹൽ ഹസ്സൻ മുസലിയാർ, എം കെ വിമൽ ഗോവിന്ദ്, ജിലുമോൾ മാരിയറ്റ് തോമസ്, അഭിലാഷ് ടോമി

**Kerala Kaumudi 01.11.2025 P2**



ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജിലെ സുവോളജി വകുപ്പും ഭൂമിത്രസേന ക്ലബ്ബും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡുമായി (കെഎസ്ബിബി) സഹകരിച്ച് നടത്തിയ ദ്വിദിന ദേശീയ സെമിനാർ കെഎസ്ബിബി ചെയർമാൻ ഡോ. എൻ.അനിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു.

## ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു

കൊല്ലം ● ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജിലെ സുവോളജി വകുപ്പും ഭൂമിത്രസേന ക്ലബ്ബും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡുമായി (കെഎസ്ബിബി) സഹകരിച്ച് 'പ്ലാസ്റ്റിക്കിന്റെ മറഞ്ഞിരിക്കുന്ന ഭവിഷ്യത്ത്: വന്യജീവികളിലും പരിസ്ഥിതി വ്യവസ്ഥകളിലും ചെലുത്തുന്ന പാരിസ്ഥിതിക ആഘാതങ്ങൾ' എന്ന വിഷയത്തിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. കെഎസ്ബിബി ചെയർമാൻ ഡോ. എൻ.അനിൽ കുമാർ ഉദ്ഘാടനം ചെയ്തു. കോളജ് വൈസ് പ്രിൻസിപ്പൽ പ്രഫ. ഡോ. ബോബി ടി.എഡ്വിൻ, സുവോളജി വകുപ്പ് അധ്യക്ഷയും പ്രോഗ്രാം കൺവീനറുമായ ഡോ. എം.വി.രോഹിണി കൃഷ്ണ, പ്രോഗ്രാം കോഓർഡിനേറ്റർ ഡോ. മുംതാസ് യഹിയ, അസി. കോഓർഡിനേറ്റർ ഡോ. വി.കെ.ജസിൻ റഹ്മാൻ എന്നിവർ പ്രസംഗിച്ചു.

ടി.കെ.ജലാലുദ്ദീൻ മുസല്യാർ മുഖ്യാതിഥികളെ ആദരിച്ചു. പരിസ്ഥിതി ശാസ്ത്രജ്ഞരും ജൈവവൈവിധ്യ വിദഗ്ധരുമായ റേച്ചൽ തോമസ്, ഡോ. സി.എസ്.വിമൽ കുമാർ, വിഷ്ണു വിജയ്, കെ.അനിൽ കുമാർ, ഡോ. എം.കെ.അനിൽ, വി.പ്രിജി, ബീന എന്നിവർ പ്രഭാഷണം നടത്തി.

**Malayala Manorama, 20.09.2025 Pii**

## ക്വാണ്ടം സയൻസ് പ്രദർശനം 21 മുതൽ

കൊല്ലം: ക്വാണ്ടം സയൻസിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ചു ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, കൊച്ചിൻ യൂനിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നിവയുടെ സഹകരണത്തോടെ വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി ശാസ്ത്രപ്രദർശനം സംഘടിപ്പിക്കുന്നു. കോളജിന്റെ ഡയമണ്ട് ജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് പ്രദർശനം ഒരുക്കുന്നത്. ക്വാണ്ടം സയൻസിന്റെ നൂറു വർഷത്തെ വളർച്ചയും പ്രായോഗികതയും വിശദീകരിക്കുന്ന മോഡലുകളും പ്രദർശനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

ഹൈസ്കൂൾതലം മുതലുള്ള വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും മുൻകൂട്ടി രജിസ്റ്റർചെയ്ത് പ്രദർശനം കാണാം. 21 മുതൽ 25 വരെ നീളുന്ന പ്രദർശനത്തിന്റെ സംഘാടകസമിതി രൂപവത്കരിച്ചു.

ടി.കെ.എം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹൽ ഹസൻ മുസലിയാർ രക്ഷാധികാരി, പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ (ചെയർപേഴ്സൻ), ഡോ.എസ് പത്മകുമാർ, ഡോ.ചിത്ര ഗോപിനാഥ് (കൺവീനർ). വിവിധ കമ്മിറ്റികളും രൂപവത്കരിച്ചു. ഡോ.എം.ജെ. ഷീബ അധ്യക്ഷത വഹിച്ചു.

**Madhyamam 15.11.2025, P3**

## റാങ്ക് തിളക്കത്തിൽ ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്

കൊല്ലം ▸ എംഎസ്സി ബയോകെമിസ്ട്രി പരീക്ഷയിൽ ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിന് റാങ്ക് തിളക്കം. പരീക്ഷയിൽ ആദ്യ മൂന്ന് റാങ്കുകളും ഇവിടത്തെ വിദ്യാർഥികൾക്കാണ്. കല്ലുംതാഴം ഫാത്തിമ ഹൗസിൽ ഫാത്തിമാബീവിക്കാണ് ഒന്നാംറാങ്ക്. മങ്ങാട് അമാനയിൽ ഷാസിയ ഷഹലുദീൻ രണ്ടാംറാങ്കും കല്ലറ അംബികാഭവനിൽ ഗോപികാ ഗോപൻ മൂന്നാംറാങ്കും നേടി. ആകെ 11കുട്ടികൾ ഫസ്റ്റ് ക്ലാസ് നേടി.



▶ ഫാത്തിമാ ബീവി



▶ ഷാസിയ ഷഹലുദീൻ



▶ ഗോപികാ ഗോപൻ

**Mathrubhumi, 02.11.2025 P3**

# ടികെഎം കോളേജിൽ ദേശീയ സെമിനാർ



▶ ടികെഎം കോളേജിൽ നടന്ന ദിദ്വിന ദേശീയ സെമിനാർ ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. എൻ. അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു

**കൊല്ലം ▶** ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ സുവോളജിവകുപ്പും ഭൂമിത്രസേന ക്ലബ്ബും 'പ്ലാസ്റ്റിക്കിന്റെ മറഞ്ഞിരിക്കുന്ന ഭവിഷ്യത്ത്: വന്യജീവികളിലും പരിസ്ഥിതിവ്യവസ്ഥകളിലും പാരിസ്ഥിതിക ആഘാതങ്ങളും' എന്ന വിഷയത്തിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. സംസ്ഥാന ജൈവവൈവിധ്യ ബോർഡി(കെഎസ്ബിബി)ന്റെ സഹകരണത്തോടെയായിരുന്നു പരിപാടി. കെഎസ്ബിബി ചെയർമാൻ ഡോ. എൻ. അനിൽകുമാർ ഉദ്ഘാടനം ചെയ്തു.

കോളേജ് വൈസ് പ്രിൻസിപ്പൽ പ്രൊഫ. ബോബി ടി. എഡ്വിൻ, ...

ഡോ. എം.വി. രോഹിണി കൃഷ്ണ, പ്രോഗ്രാം കോഡിനേറ്റർ ഡോ. മുംതാസ് യഹിയ, അസിസ്റ്റന്റ് കോഡിനേറ്റർ ഡോ. വി.കെ. ജസിൻ റഹ്മാൻ എന്നിവർ സംസാരിച്ചു. ടി.കെ. ജലാലുദ്ദീൻ മുസലിയാർ മുഖ്യാതിഥികളെ ആദരിച്ചു. പരിസ്ഥിതി ശാസ്ത്രജ്ഞരും ജൈവവൈവിധ്യ വിദഗ്ധരുമായ റേച്ചൽ തോമസ്, ഡോ. സി.എസ്. വിമൽകുമാർ, വിഷ്ണു വിജയ്, കെ. അനിൽകുമാർ തുടങ്ങിയവർ പ്രഭാഷണം നടത്തി. ജൈവവൈവിധ്യ സംരക്ഷണത്തിൽ പ്ലാസ്റ്റിക്കിന്റെ സ്വാധീനം പ്രദർശിപ്പിക്കുന്ന വിദ്യാർഥികളുടെ പ്രബന്ധം, പോസ്റ്റർ, മാതൃകാ അവതര...

**Mathrubhumi, 20.09.2025 Pii**



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ പൂർവ വിദ്യാർഥി കൂട്ടായ്മ 'ഇന്നലെകൾ - 5.0 2കെ25'യിൽ പങ്കെടുക്കാൻ എത്തിച്ചേർന്നവർ.

**Madhyamam, 30.12.2025 P4**

ദേശാഭിമാനി

# ക്വാണ്ടം ശാസ്ത്ര പ്രദർശനം സമാപിച്ചു

**കൊല്ലം**

ക്വാണ്ടം ശാസ്ത്രത്തിന്റെ നൂറാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കൊച്ചിൻ സർവകലാശാല ഓഫ് സയൻസ് ആൻഡ് ടെക്നോളജി (കുസാറ്റ്), കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, ലൂക്കാ പോർട്ടൽ എന്നിവയുടെ നേതൃത്വത്തിൽ നടത്തിയ ക്വാണ്ടം സയൻസ് പ്രദർശനം സമാപിച്ചു.

ക്വാണ്ടം സയൻസിന്റെ ചരിത്രം, അടിസ്ഥാനസിദ്ധാന്തങ്ങൾ, ജീവിതത്തിലെ പ്രയോഗങ്ങൾ തുടങ്ങിയ വിഷയങ്ങൾ ലളിതവും ആകർഷകവുമായ രീതിയിൽ അവതരിപ്പിച്ചു. സമാപന സമ്മേളനം ഐആർഇഎൽ മേധാവി എൻ എസ് അജിത് ഉദ്ഘാടനംചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. എം ജെ ഷീബ അധ്യക്ഷയായി. എക്സിബിഷൻ കോ–കൺവീനർ ഡോ. മുംതാസ് യഹിയ പ്രദർശന റിപ്പോർട്ട് അവതരിപ്പിച്ചു. പരിഷത്ത് ജില്ലാ പ്രസിഡന്റ് ഡോ. എസ് പത്മകുമാർ, സെക്രട്ടറി എൻ മോഹനൻ, വൈസ് പ്രിൻസിപ്പൽ ഡോ. വി ആദർശ്, കൺവീനർ ചിത്ര ഗോപിനാഥ് എന്നിവർ സംസാരിച്ചു.

**Deshabhimani 26.11.2025, P2**

# അക്ഷരവീഥിയിലെ നക്ഷത്രവെളിച്ചം

**കേരളശ്രീ പുരസ്കാര നിറവിൽ ഷഹാൽ ഹസ്സൻ മുസലിയാർ**

**സ്വന്തം ലേഖകൻ**

**കൊല്ലം**

അക്ഷരലോകത്ത് ചരിത്രമെഴുതിയ ഇതിഹാസമാണ് ഷഹാൽ ഹസ്സൻ മുസലിയാർ. സംസ്ഥാന സർക്കാരിന്റെ ഏറ്റവും വലിയ പുരസ്കാരങ്ങളിൽ ഒന്നായ കേരള ശ്രീ നേടിയ ഷഹാൽ ഹസ്സൻ മുസലിയാരിലൂടെ ജില്ലയുടെ വിദ്യാഭ്യാസ ചരിത്രവും ഉയരങ്ങളേറുന്നു.

വിദ്യാഭ്യാസ മേഖലയിലെ മികവിന്റെ മൂന്നക്ഷരമായി ടികെഎം എന്ന പേര് തലയുയർത്തി നിൽക്കുമ്പോൾ അതിന് പിന്നിലുള്ളത് ഷഹാൽ ഹസ്സൻ മുസലിയാർ നടത്തിയ പുതുതലമുറ കാഴ്ചപ്പാടുകളാണ്. കശുവണ്ടി വ്യവസായത്തിൽ തങ്ങളുടേതായ സ്ഥാനം ഉറപ്പിച്ചശേഷമാണ് കൊല്ലത്ത് ആർട്സ് ആൻഡ് സയൻസ് കോളേജിനായി ഷഹാൽ ഹസ്സൻ മുസലിയാരുടെ ബാപ്പ തങ്ങൾ കുഞ്ഞ് മുസലിയാർ ശ്രമം ആരംഭിച്ചത്. 1958ൽ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ജോസഫ് മുണ്ടശേരിയെ നേരിട്ട് കണ്ട തങ്ങൾ കുഞ്ഞ് മുസലിയാരോട് ഒരു എൻജിനിയറിങ് കോളേജ് ആരംഭിച്ചൂടെ എന്ന ചോദ്യം ഇന്ന് എത്തിനിൽക്കുന്നത് ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച എൻജിനിയറിങ് കോളേജുകളിൽ ഒന്നായ ടികെഎം എൻജിനിയറിങ് കോളേജിലാണ്. 1932 ഏപ്രിൽ 22ന് ജനിച്ച ഷഹാൽ ഹസൻ മുസലിയാർ ആലുവ യുസി കോളേജിൽനിന്ന് ഇന്റർ മീഡിയറ്റ് അമേരിക്കയിലെ ടെക്സാസ് സർവകലാശാലയിൽനിന്ന് കെമിക്കൽ എൻജിനിയറിങ്ങിൽ ബിരുദവും നേടി. 1968ലാണ് ടികെഎം കോളേജ് ട്രസ്റ്റിന്റെ ചെയർമാനായി ചുമതലയേൽക്കുന്നത്. ഇപ്പോൾ ഒമ്പത് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് അദ്ദേഹത്തിന്റെ കീഴിൽ. ടികെഎം ഹൈസ്കൂളും ഹയർ സെക്കൻഡറി സ്കൂളും തുടങ്ങിയത് അദ്ദേഹമാണ്. പിന്നീട് ടികെഎം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, സ്കൂൾ ഓഫ് കമ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, സെന്റിനറി പബ്ലിക് സ്കൂൾ, സെന്റർ ഓഫ് അഡ്വാൻസ്ഡ് ലേണിങ്, സ്കൂൾ ഓഫ് ആർക്കിടെക്ചർ എന്നിവ സ്ഥാപിച്ചു. നിലവിൽ ടികെഎം ഡീംഡ് യൂണിവേഴ്സിറ്റി ആക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങളും ആരംഭിച്ചു. കേരള ശ്രീയിലൂടെ ഷഹാൽ ഹസൻ മുസലിയാർ ആദരിക്കപ്പെടുമ്പോൾ ജില്ലയും അഭിമാനം കൊള്ളുകയാണ്.



ഷഹൽ ഹസ്സൻ മുസലിയാർ

ദേശാഭിമാനി

**Deshabhimani 01.11.2025, P6**



## ടി.കെ.എം ആർട്സ് കോളേജിൽ ക്വാണ്ടം സയൻസ് പ്രദർശനം

കൊല്ലം: ടി കെ എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഡയമണ്ട് ജൂബിലിയുടെ ഭാഗമായി ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന ക്വാണ്ടം സെഞ്ചുറി ശാസ്ത്ര പ്രദർശനം ടി കെ എം കോളേജ് ട്രസ്റ്റ് പ്രസിഡൻറ് ഡോ. ഷഹൽ ഹസൻ മുസലിയർ ഉദ്ഘാടനം ചെയ്തു.

ക്വാണ്ടം സയൻസിന്റെ തുടക്കം മുതൽ ഇന്നുവരെയുള്ള വളർച്ചയുടെ വിവിധ ഘട്ടങ്ങളെ വിശദീകരിക്കുന്ന അഞ്ചു ദിവസം നീണ്ടുനിൽക്കുന്നതാണ് പ്രദർശനം. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും മുൻകൂട്ടി രജിസ്റ്റർ ചെയ്ത് പ്രദർശനം കാണാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രദർശനത്തോടനുബന്ധിച്ച് എല്ലാ ദിവസവും വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ ഉണ്ടായിരിക്കും.

കോളജ് പ്രിൻസിപ്പൽ ഡോ എം ജെ ഷീബ അധ്യക്ഷയായി. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. എൻ ഷാജി മുഖ്യ പ്രഭാഷണം നിർവഹിച്ചു.

ടി കെ ജലാലുദ്ദിൻ മുസ്‌ലിയാർ, രാജശേഖരൻ നായർ, പ്രൊഫ. ബോബി ടി എഡ്വിൻ, എൻ മോഹനൻ തുടങ്ങിയവർ സംസാരിച്ചു.

എക്സിബിഷൻ കൺവീനർ ഡോ. ചിത്ര ഗോപിനാഥ് സ്വാഗതവും ഡോ മുംതാസ് യഹ്‌യ നന്ദിയും പറഞ്ഞു.

**Chandrika. 21.11.2025 P6**

ചന്ദ്രിക

# കേരള ശ്രീ നിറവിൽ ജനാബ് ടി.കെ. ഷഹാൽ ഹസൻ മുസലിയാർ

കൊല്ലം: വിദ്യാഭ്യാസ മേഖലകളിലെ സമഗ്ര സംഭാവനകൾ കണക്കിലെടുത്ത് ഇത്തവണത്തെ സംസ്ഥാന സർക്കാരിന്റെ കേരള പുരസ്കാരങ്ങളിലെ മൂന്നാമത്തെ പരമോന്നത പുരസ്കാരമായ കേരള ശ്രീക്ക് അർഹനായ ടി.കെ.എം ട്രസ്റ്റ് ചെയർമാൻ ജനാബ് ടി.കെ. ഷഹാൽ ഹസൻ മുസലിയാർ ജില്ലയിലെ സാമൂഹിക- വിദ്യാഭ്യാസ - വ്യാവസായിക രംഗങ്ങളിലെ സജീവ സാന്നിദ്ധ്യമാണ്.

ടി.കെ.എം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാപകൻ തങ്ങൾ കുഞ്ഞ് മുസല്യാരുടെ മൂത്തമകനായി 1932 ഒക്ടോബർ 26ന് കിളികൊല്ലൂരിലാണ് ജനിച്ചത്. കൊല്ലത്തെ കോയിക്കൽ ഗവ. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. ആലുവ യു.സി കോളേജ്, അമേരിക്കയിലെ ടെക്സസ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലായി ഉപരിപഠനം. പഠനശേഷം നാട്ടിലെത്തിയ അദ്ദേഹം മുസല്യാർ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടറായി. കശുഅണ്ടി ഷരിപ്പ് കയറ്റുമതിക്കാരുടെ സ്ഥാപനമായ കാഷ്യൂ എക്സ്പോർട്സ് പ്രൊമോഷൻ കൗൺസിൽ ഒഫ് ഇന്ത്യയുടെ ചെയർമാനായി ദീർഘകാലം പ്രവർത്തിച്ചു.



ജനാബ് ടി.കെ. ഷഹാൽ ഹസൻ മുസലിയാർ

അഖിലേന്ത്യ ഷിപ്പേഴ്സ് കൗൺസിൽ, ഫെഡറേഷൻ ഒഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷൻസ്, അഗ്രികൾച്ചറൽ ആൻഡ് പ്രോസസ്ഡ് ഫുഡ് പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിട്ടി എന്നിവയുടെ ഭരണസമിതികളിൽ പ്രവർത്തിച്ചു. വിദ്യാഭ്യാസം സാമൂഹിക പുരോഗതിയുടെ അടിസ്ഥാനമാണെന്ന് തിരിച്ചറിഞ്ഞ അദ്ദേഹം പിതാവിനൊപ്പം ടി.കെ.എം കോളേജ് ട്രസ്റ്റ് വഴി ഒരു വിപ്ലവകരമായ വിദ്യാഭ്യാസ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. സാങ്കേതിക വിദ്യാഭ്യാസത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള അന്നത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരിയുടെ നിർദ്ദേശത്തോട് പ്രതികരിച്ച്, ട്രസ്റ്റ് 1956ൽ കേരളത്തിലെ ആദ്യത്തെ സ്വകാര്യ എൻജിനീയറിംഗ് കോളേജായ ടി.കെ.എം കോളേജ് ഒഫ് എൻജിനീയറിംഗ് സ്ഥാപിച്ചു. 1965ൽ ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസ് സ്ഥാപിച്ചു. തങ്ങൾ കുഞ്ഞു മുസലിയാർ 1996ൽ അന്തരിച്ചതിനെത്തുടർന്ന്, ജനാബ് ഷാഹൽ ഹസൻ മുസലിയാർ ടി.കെ.എം കോളേജ് ട്രസ്റ്റിന്റെ പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്തു.

അദ്ദേഹത്തിൻ്റെ ദീർഘവീക്ഷണമുള്ള നേതൃത്വത്തിന് കീഴിൽ കിന്റർഗാർട്ടൻ മുതൽ ഡോക്ടറൽ തലം വരെയുള്ള പഠിതാക്കളെ ഉൾക്കൊള്ളുന്ന സ്കൂളുകൾ, കോളേജുകൾ, പ്രൊഫഷണൽ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു സമഗ്ര വിദ്യാഭ്യാസ ശൃംഖലയായി ട്രസ്റ്റ് വികസിച്ചു. കേരള യൂണിവേഴ്സിറ്റി, മധുര കാമരാജ് യൂണിവേഴ്സിറ്റി, അണ്ണാ യൂണിവേഴ്സിറ്റി, റീജിയണൽ എൻജിനീയറിംഗ് കോളേജ്, വാറങ്കൽ എന്നിവയുൾപ്പെടെ നിരവധി സർവകലാശാലകളുടെ ഭരണസമിതികളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കേരളകൗമുദി

**Kerala Kaumudi 019.11.2025 P6**

---

## പൊതുജനങ്ങൾക്ക് ഇന്ന് കാണാം

# ശാസ്ത്രപ്രദർശനം 25ന് സമാപിക്കും


**കൊല്ലം**

ക്വാണ്ടം സയൻസിന്റെ 100–ാം വാർഷികത്തോട് അനുബന്ധിച്ച് ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ സംഘടിപ്പിച്ചിരിക്കുന്ന ശാസ്ത്രപ്രദർശനം കാണാൻ ഞായർ രാവിലെ 10മുതൽ പൊതുജനങ്ങൾക്ക് അവസരം ഉണ്ടാകുമെന്ന് സംഘാടകർ അറിയിച്ചു.

ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നിവയുടെ സഹകരണത്തോടെ നടക്കുന്ന ശാസ്ത്ര പ്രദർശനം 25നു സമാപിക്കും.

**Deshabhimani 23.11.2025, P2**

ദേശാഭിമാനി



*തങ്ങൾ കുഞ്ഞു മുസലിയാർ ഡീംഡ് യൂണിവേഴ്സിറ്റിയുടെ മാതൃക*

# ടി.കെ.എം കോളേജ് ട്രസ്റ്റ് ഡീംഡ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നു

**കൊല്ലം:** ടി.കെ.എം. കോളേജ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 'തങ്ങൾ കുഞ്ഞു മുസലിയാർ ഡീംഡ് യൂണിവേഴ്സിറ്റി' സ്ഥാപിക്കുന്നു. നാൽപ്പത് ഏക്കറോളം വിസ്തൃതിയുള്ള ടി.കെ.എം. കാരുവേലിൽ കാമ്പസിലാണ് യൂണിവേഴ്സിറ്റി ആരംഭിക്കുക. എഞ്ചിനീയറിംഗ്, മാനേജ്മെന്റ്, ആർക്കിടെക്ചർ വിഭാഗങ്ങളിൽ നിലവിലുള്ള മൂന്നു അക്രെഡിറ്റഡ് കോളേജുകൾ സംയോജിപ്പിച്ചുകൊണ്ടാവും യൂണിവേഴ്സിറ്റിയുടെ ആദ്യഘട്ടത്തിന് തുടക്കം കുറിക്കുക.

ഫുഡ് സയൻസ് ആൻഡ് എഞ്ചിനീയറിംഗ് മേഖലയാണ് യൂണിവേഴ്സിറ്റിയുടെ കേന്ദ്രബിന്ദു. ശാസ്ത്ര സാങ്കേതിക മേഖലകൾ, മാനേജ്മെന്റ്, വ്യാവസായിക സംരഭകത്വ മേഖലകൾ, ആർക്കിടെക്ചർ പ്ലാനിംഗ് വിഭാഗം, ഫുഡ് പ്രോസസ്സിംഗ് ടെക്നോളജി തുടങ്ങിയ വ്യത്യസ്ഥ വിഭാഗങ്ങൾ പ്രത്യേകമായും സംയോജിപ്പിച്ചും കൊണ്ടുള്ള ആധുനിക കോഴ്സുകളാണ് യൂണിവേഴ്സിറ്റിയിൽ ഉണ്ടാവുക. ഡീംഡ് യൂണിവേഴ്സിറ്റിക്ക് വേണ്ടിയുള്ള വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന് സമർപ്പിച്ചു കഴിഞ്ഞു. മാസ്റ്റർപ്ലാനും തയ്യാറായി.

മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള യൂണിവേഴ്സിറ്റി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന് കാരുവേലിൽ കാമ്പസ്സിൽ ട്രസ്റ്റ് പ്രസിഡന്റ് ഷഹൽ ഹസ്സൻ മുസ്‌ലിയാർ ശിലാസ്ഥാപനം നിർവഹിച്ചു. യോഗത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എസ്. അയൂബ് യൂണിവേഴ്സിറ്റിയുടെ നയരേഖയും ആർക്കിടെക്ട് സെബാസ്റ്റിൻ ജോസ് മാസ്റ്റർപ്ലാനിന്റെ സവിശേഷതകളും അവതരിപ്പിച്ചു. ഡോ.എ.സാദിഖ്, പ്രൊഫ.എസ്. പരമേശ്വരൻ, പ്രൊഫ. സി.കെ.ജി.നായർ, അഫ്സൽ മുസലിയാർ, സാദിഖ് താഹ എന്നിവർ സംസാരിച്ചു. ട്രസ്റ്റ് ട്രഷറർ ജലാലുദ്ദിൻ മുസലിയാർ സ്വാഗതം ആശംസിച്ചു. ട്രസ്റ്റ് അംഗങ്ങളായ ജമാലുദ്ദിൻ മുസലിയാർ, ഉസ്മാൻ മുസലിയാർ, അക്ബർ മുസലിയാർ, കരിം മുസലിയാർ, ഡോ. എം.ഹാറൂൺ, അൻവർ മുസലിയാർ എന്നിവർപങ്കെടുത്തു.

മാധ്യമം

**Madhyamam 12.10.2025, P3**

## ഇൻഡക്ഷൻ പ്രോഗ്രാം

**കൊല്ലം:** ശ്രീനാരായണഗുരു ഓപൺ സർവകലാശാലയുടെ കൊല്ലം പഠനകേന്ദ്രമായ ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ യുജി-പിജി പ്രോഗ്രാമുകൾക്ക് പ്രവേശനം നേടിയവർക്കുള്ള ഇൻഡക്ഷൻ പ്രോഗ്രാം 19 ന് രാവിലെ 10ന് നടക്കും. വിദ്യാർഥികൾ അഡ്മിറ്റ് കാർഡും തിരിച്ചറിയൽ രേഖയുമായാണ് എത്തിച്ചേരേണ്ടത്.

**Madhyamam 18.10.2025, P2**

## അക്വാറ്റിക് സിലക്ഷൻ ട്രയൽസ് 12ന്

കൊല്ലം ● സംസ്ഥാന മാസ്റ്റേഴ്സ് അക്വാറ്റിക് ചാംപ്യൻഷിപ്പിന് മുന്നോടിയായി ജില്ലാ അക്വാറ്റിക് അസോസിയേഷൻ സംഘടിപ്പിക്കുന്ന സിലക്ഷൻ ട്രയൽസ് 12ന് രാവിലെ 8.30ന് ടികെഎം ഇന്റർനാഷനൽ അക്വാറ്റിക് സെന്ററിൽ നടക്കും. ഫോൺ: 9447491042, 8547238823.

**Malayala Manorama, 09.10.2025 Piv**

മലയാള മനോരമ



ടികെഎം ആർട്സ് കോളജ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നിവർ സംയുക്തമായി ക്വാണ്ടം സയൻസിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന ക്വാണ്ടം സെഞ്ചറി ശാസ്ത്ര പ്രദർശനത്തിൽ നിന്ന്. ചിത്രം: മനോരമ

## വിസ്മയക്കാഴ്ചകളൊരുക്കി ക്വാണ്ടം സെഞ്ചറി ശാസ്ത്ര പ്രദർശനം

കൊല്ലം ● ക്വാണ്ടം സയൻസിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ക്വാണ്ടം പൂച്ച ടികെഎമ്മിൽ. പിരിയോഡിക് ടേബിളിലെ മൂലകങ്ങളെ നേരിൽ കാണാനും നിത്യജീവിതത്തിൽ നാം ഉപയോഗിക്കുന്ന പ്രകാശ സംവിധാനങ്ങളുടെയും സാങ്കേതികവിദ്യകളുടെയും ഉപയോഗങ്ങൾ അറിയാനും ശാസ്ത്ര കണ്ടുപിടിത്തങ്ങൾ മനസ്സിലാക്കാനുമായി വിസ്മയ കാഴ്ചയൊരുക്കുകയാണ് ക്വാണ്ടം സെഞ്ചറി ശാസ്ത്ര പ്രദർശനം. ടികെഎം ആർട്സ് കോളജ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. ജില്ലയിലെ നാലായിരത്തോളം കുട്ടികൾ പ്രദർശനം കാണാനെത്തുന്നുണ്ട്.

ടെലിവിഷൻ, കംപ്യൂട്ടറുകൾ, മൊബൈൽ ഫോണുകൾ, ലേസറുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, സ്കാനറുകൾ തുടങ്ങി മനുഷ്യന്റെ വിപ്ലവകരമായ ജീവിതത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്ന ശാസ്ത്ര സാങ്കേതിക മുന്നേറ്റങ്ങൾക്ക് പിന്നിലെ ക്വാണ്ടം സയൻസിന്റെ പ്രാധാന്യവും ശാസ്ത്രജ്ഞരെയും അടുത്തറിയാനുള്ള അവസരമാണ് പ്രദർശനത്തിൽ ഒരുക്കിയിരിക്കുന്നത്. പരീക്ഷണങ്ങൾ, പ്രഭാഷണങ്ങൾ, റോബട്ടിക് ഷോ, കലാപരിപാടികൾ തുടങ്ങിയ അനുബന്ധ പരിപാടികളും പ്രദർശനത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. സ്കൂൾ, കോളജ് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും മുൻകൂട്ടി റജിസ്റ്റർ ചെയ്ത് പ്രദർശനം കാണാം. ദിവസവും രാവിലെ 9 മുതൽ വൈകിട്ട് 7 വരെയാണ് പ്രദർശനം.

**Malayala Manorama, 22.11.2025 P3**

# ടികെഎം കോളേജ് ട്രസ്റ്റ് ഡീംഡ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നു

**കൊല്ലം**

ടികെഎം കോളേജ് ട്രസ്റ്റ് നേതൃത്വത്തിൽ 'തങ്ങൾ കുഞ്ഞു മുസലിയാർ ഡീംഡ് യൂണിവേഴ്സിറ്റി' സ്ഥാപിക്കാനുള്ള ശ്രമങ്ങൾക്ക് തുടക്കം. 40 ഏക്കർ വിസ്തൃതിയുള്ള ടികെഎം കാരുവേലിൽ ക്യാമ്പസിലാണ് യൂണിവേഴ്സിറ്റി ആരംഭിക്കുന്നത്. എൻജിനിയറിങ്, മാനേജ്മെന്റ്, ആർക്കിടെക്ചർ വിഭാഗങ്ങളിൽ നിലവിലുള്ള മൂന്നു അക്രഡിറ്റഡ് കോളേജുകൾ സംയോജിപ്പിക്കും. ഫുഡ് സയൻസ് ആൻഡ് എൻജിനിയറിങ് മേഖലയാണ് യൂണിവേഴ്സിറ്റിയുടെ കേന്ദ്രബിന്ദു. ശാസ്ത്ര സാങ്കേതിക മേഖലകൾ, മാനേജ്മെന്റ്, വ്യാവസായിക സംരഭകത്വ മേഖലകൾ, ആർക്കിടെക്ചർ പ്ലാനിങ് വിഭാഗം, ഫുഡ് പ്രോസസിങ് ടെക്നോളജി തുടങ്ങിയ വ്യത്യസ്ത വിഭാഗങ്ങൾ പ്രത്യേകമായി സംയോജിപ്പിച്ചുള്ള ആധുനിക കോഴ്സുകളാണ് ഉണ്ടാവുക.

യൂണിവേഴ്സിറ്റി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന് കാരുവേലിൽ ക്യാമ്പസ്സിൽ ട്രസ്റ്റ് പ്രസിഡന്റ് ഷഹൽ ഹസ്സൻ മുസലിയാർ കല്ലിട്ടു. ട്രസ്റ്റ് ട്രഷറർ ജലാലുദീൻ മുസലിയാർ, എക്സിക്യൂട്ടീവ് ഡയറക്ടർ എസ് അയൂബ്, ആർക്കിടെക്ട് സെബാസ്റ്റിൻ ജോസ്, എ സാദിഖ്, എസ് പരമേശ്വരൻ, സി കെ ജി നായർ, അഫ്സൽ മുസലിയാർ, സാദിഖ് താഹ, ട്രസ്റ്റ് അംഗങ്ങളായ ജമാലുദീൻ മുസലിയാർ, ഉസ്മാൻ മുസലിയാർ, അക്ബർ മുസലിയാർ, കരിം മുസലിയാർ, എം ഹാറൂൺ, അൻവർ മുസലിയാർ എന്നിവർ സംസാരിച്ചു.



**തങ്ങൾകുഞ്ഞു മുസ്‌ലിയാർ ഡീംഡ് യൂണിവേഴ്സിറ്റി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ കല്ലിടൽ ചടങ്ങിൽ നിന്ന്**

**Deshabhimani 12.10.2025, P4**

# ഇൻഡക്ഷൻ പ്രോഗ്രാം നാളെ

കൊല്ലം ● ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ കൊല്ലം പഠന കേന്ദ്രമായ ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ യുജി - പിജി പ്രോഗ്രാമുകൾക്കു പ്രവേശനം നേടിയ പഠിതാക്കൾക്കുള്ള ഇൻഡക്ഷൻ പ്രോഗ്രാം നാളെ രാവിലെ 10നു നടക്കും. യുജി പ്രോഗ്രാമുകൾ: ബിഎ അറബിക്, ബിഎ ഹിന്ദി, ബിഎ അഫ്സലുൽ ഉലമ, ബിബിഎ, ബികോം, ബിഎ നാനോ ഒന്റ്രപ്രണർഷിപ്, ബിഎ ഇക്കണോമിക്സ്. പിജി പ്രോഗ്രാമുകൾ: എംഎ അറബിക്, എംഎ ഇക്കണോമിക്സ്, എംഎ ഹിന്ദി, എംകോം. പ്രവേശനം നേടിയ പഠിതാക്കൾ അന്നേ ദിവസം അഡ്മിറ്റ് കാർഡ്, തിരിച്ചറിയൽ രേഖ എന്നിവ സഹിതം ഹാജരാകണം. ഫോൺ 9188915947.

**Malayala Manorama, 18.10.2025 Pii**

Mathrubhumi മാതൃഭൂമി



# ഷഹാൽ ഹസൻ മുസലിയാരുടെ പ്രയാണത്തിന് കേരളശ്രീയുടെ തിളക്കം

**കൊല്ലം ▸** വിദ്യാഭ്യാസരംഗത്തെ മികവിന്റെ പര്യായമായി ടികെഎമ്മിനെ വളർത്തിയ ടി.കെ. ഷഹാൽ ഹസൻ മുസലിയാരുടെ പ്രയാണത്തിനിനി കേരളശ്രീയുടെ തിളക്കം. 93-ാമത്തെ വയസ്സിലും കർമ്മനിരതനാണ് ഷഹാൽ ഹസൻ മുസലിയാർ. ടികെഎം കോളേജിൽ എന്ത് പ്രധാന ചടങ്ങുകൾക്കും സ്ഥിരസാന്നിധ്യം. പുരസ്കാര വിവരമറിഞ്ഞ് അദ്ദേഹം ബന്ധുക്കളോട് സന്തോഷം പങ്കിട്ടു.

പിതാവ് തങ്ങൾകുഞ്ഞ് മുസലിയാരെന്ന അതികായന്റെ ആദർശങ്ങളും മൂല്യങ്ങളും നെഞ്ചേറ്റിയായിരുന്നു ഷഹാൽ ഹസൻ മുസലിയാരുടെ ജീവിതം. വിദ്യാഭ്യാസമന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരിയാണ് 1958-ൽ സ്വകാര്യമേഖലയിലെ ആദ്യത്തെ എൻജിനിയറിങ് കോളേജ് ആരംഭിക്കാൻ കശുവണ്ടി വ്യവസായിയായിരുന്ന തങ്ങൾകുഞ്ഞ് മുസലിയാരെ പ്രേരിപ്പിച്ചത്. പിന്നീട് ആർട്സ് ആൻഡ് സയൻസ് കോളേജും തുടങ്ങി. ആലുവ യു.സി. കോളേജിൽ ഇന്റർമീഡിയറ്റ് വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ഷഹാൽ ഹസൻ മുസലിയാർ അമേരിക്കയിലെ ടെക്സാസ് സർവകലാശാലയിൽ കെമിക്കൽ എൻജിനിയറിങ് ബിരുദം പൂർത്തിയാക്കി. പഠനശേഷം നാട്ടിൽ തിരിച്ചെത്തി മുസലിയാർ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡിൻെറ ഡയറക്ടറായി. പിന്നീട് പിതാവിനൊപ്പം വ്യവസായരംഗത്ത് സജീവമായി. എട്ടുവർഷം കാഷ്യൂഎക്സ്പോർട്ട് പ്രമോഷൻ കൗൺസിലിന്റെ അധ്യക്ഷനായിരുന്നു.

1968-ലാണ് ടി.കെ.എം.കോളേജ് ചെയർമാനായത്. നിലവിൽ ഒൻപത് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് അദ്ദേഹത്തിന്റെ കീഴിൽ കരിക്കോട്ടും കാരുവേലിലുമായി പ്രവർത്തിക്കുന്നത്. ടി.കെ.എം.ഹൈസ്കൂളും ഹയർ സെക്കൻഡറി സ്കൂളും തുടങ്ങിയത് അദ്ദേഹമാണ്. പിന്നീട് ടി.കെ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, സ്കൂൾ ഓഫ് കമ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, സെന്റിനറി പബ്ലിക് സ്കൂൾ, ഏറ്റവുമൊടുവിൽ സെന്റർ ഓഫ് അഡ്വാൻസ്ഡ് ലേണിങ്, സ്കൂൾ ഓഫ് ആർക്കിടെക്ചർ എന്നിവ തുടങ്ങി.

പിതാവ് നടത്തിയിരുന്ന പ്രഭാതം പത്രത്തിന്റെ ഓർമ്മയ്ക്കായി പ്രഭാതരശ്മി എന്ന സാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങളിലും ഷഹാൽ ഹസൻ മുസലിയാർ സജീവ സാന്നിധ്യമാണ്.

01/11/2025 PUNALUR Pg 05

# ഉലയാതെ മുന്നേറുന്ന നായകശ്രീ

**കൊല്ലം:** വിദ്യയുടെ കരുത്തിൽ ശക്തരാകുക എന്ന തത്വത്തിൽ ഉറച്ചുനിന്ന് നാടിന്റെ ഉന്നമനത്തിനായി നിലകൊള്ളുന്ന ദീർഘവിക്ഷണത്തിനുള്ള അംഗീകാരമായി കേരളശ്രീ പുരസ്കാര നിറവിൽ ഡോ. ഷഹാൽ ഹസൻ മുസലിയാർ. പിതാവ് കൈപിടിച്ചേൽപ്പിച്ച എൻജിനീയറിങ് കോളജും ആർട്സും കോളജും കടന്ന് ടി.കെ.എം കോളജ് ട്രസ്റ്റിനെ ആഗോളതലത്തിൽ തന്നെ തിളക്കമേറിയ വിദ്യാഭ്യാസ നക്ഷത്രമാക്കി വളർത്തിയ അതുല്യ നേതൃപാടവത്തിന് നാട് നൽകുന്ന സ്നേഹാദരം കൂടിയാണ് അദ്ദേഹത്തെ തേടിയെത്തിയ പുരസ്കാരം.



*ഡോ. ഷഹാൽ ഹസൻ മുസലിയാർ*

പ്രായം 93 എത്തിനിൽക്കുമ്പോഴും ഡോ. ഷഹാൽ ഹസൻ മുസലിയാർ എന്ന ചെയർമാൻ ഓടിയെത്താത്ത ഒരു പരിപാടിയും ടി.കെ.എം അങ്കണങ്ങളിൽ നടക്കുന്നില്ല എന്നത് തന്നെ ആ അർപ്പണബോധത്തിനുള്ള തെളിവാണ്. സംസ്ഥാനത്തെ ആദ്യ സ്വകാര്യ എൻജിനീയറിങ് കോളജിന് തുടക്കമിട്ട പിതാവിന്റെ പാതയിൽ സഞ്ചരിച്ച്, ഇന്ന് ടി.കെ.എമ്മിനെ ഒരു കൽപ്പിത സർവകലാശാലയാക്കുക എന്ന സ്വപ്നം യാഥാർഥ്യമാക്കാനുള്ള പരിശ്രമത്തിനൊപ്പമാണ് ഡോ. ഷഹാൽ സഞ്ചരിക്കുന്നത്.

തങ്ങൾ കുഞ്ഞ് മുസലിയാരുടെയും ഖദിയമ്മ കുഞ്ഞിന്റെയും മൂത്ത മകനായി 1932 ഏപ്രിൽ 22ന് ജനിച്ച ഷഹാൽ പേരുകേട്ട വ്യവസായിയും ബഹുമുഖ പ്രതിഭയുമായിരുന്ന പിതാവിന്റെ അക്ഷരാർഥത്തിലുള്ള പിന്തുടർച്ചാവകാശിയാണെന്ന് തന്റെ പ്രവർത്തനങ്ങളിലൂടെ തെളിയിച്ചയാളാണ്. ലാളിത്യം ജീവിത വ്രതമാക്കാൻ ചെറുപ്പം മുതൽ പഠിക്കണം എന്ന നിർബന്ധം പുലർത്തിയിരുന്ന പിതാവിന്റെ മനസ് കണ്ടറിഞ്ഞാണ് വളർന്നത്. 1956ൽ എൻജിനീയറിങ് കോളജിലൂടെ ടി.കെ.എം കോളജ് ട്രസ്റ്റ് തങ്ങൾ കുഞ്ഞ് മുസലിയാർ തുടങ്ങിയതിന് പിന്നാലെ പഠനം കഴിഞ്ഞ് എത്തിയ ഷഹാൽ ഹസൻ മുസലിയാർക്ക് ലഭിച്ചത് മുസലിയാർ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടർ സ്ഥാനമായിരുന്നു. 1961ൽ ടി.കെ.എം. എൻജിനീയറിങ് കോളജിന്റെ ഗവേണിങ് ബോഡി ചെയർമാനായി. 1966ൽ തങ്ങൾ കുഞ്ഞ് മുസലിയാരുടെ മരണത്തോടെ ആണ് ടി.കെ.എം കോളജ് ട്രസ്റ്റിന്റെ പ്രസിഡന്റ് ആയത്.

കശുവണ്ടി വ്യവസായ-കയറ്റുമതി രംഗത്തും അദേഹം സജീവ സാന്നിധ്യമായി. തുടർച്ചയായി 10 തവണയാണ് കാഷ്യു എക്സ്പോർട് കൗൺസിൽ ഓഫ് ഇന്ത്യയുടെ ചെയർമാനായത്. ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷൻ, ഓൾ ഇന്ത്യ ഷിപ്പേഴ്സ് കൗൺസിൽ, അഗ്രികൾചറൽ പ്രോഡക്ട് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി എന്നിവയുടെ അഡ്മിനിസ്ട്രീവ് കമ്മിറ്റിയിലും അംഗമായിരുന്നു. വിദ്യാഭ്യാസ വിചക്ഷണൻ എന്ന നിലയിൽ അണ്ണാ യൂനിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റിലും അക്കാദമിക് കൗൺസിലിലും ആറ് വർഷത്തോളം അംഗമായി. ആന്ധ്രപ്രദേശിലെ വാറംഗലിൽ റീജണൽ എൻജിനീയറിങ് കോളജിന്റെ ഗവേണിങ് ബോഡിയിലും അംഗമായിരുന്നു. യു.എസ് പൗരയായ നജ്മയെയാണ് ജീവിതസഖിയാക്കിയത്. മൂന്ന് മക്കൾ അടങ്ങിയതാണ് കുടുംബം. ഏതാനും വർഷങ്ങൾക്ക് മുമ്പ് ഭാര്യ മരിച്ചതോടെ പൂർണമായും ടി.കെ.എമ്മിനായി സമയം ചെലവഴിക്കുന്നതിനാണ് അദ്ദേഹത്തിന് താൽപര്യം.

മാധ്യമം

**Madhyamam 02.11.2025, P3**

Mathrubhumi മാതൃഭൂമി

# പി.ബി. അനീഷിനും രാജശ്രീ വാരിയർക്കും കേരളപ്രഭ പുരസ്കാരം

## ഷഹാൽ ഹസൻ മുസ്ല്യാർക്ക് കേരളശ്രീ പുരസ്കാരം









പി.ബി. അനീഷ്, രാജശ്രീ വാരിയർ, ശശികുമാർ, ഷഹാൽ ഹസൻ മുസ്ല്യാർ, എം.കെ. വിമൽ ഗോവിന്ദ്, ജിലുമോൾ മാരിയറ്റ് തോമസ്, അഭിലാഷ് ടോമി

**തിരുവനന്തപുരം** ▸ കാർഷിക മേഖലയിലെ സംഭാവനകൾക്ക് പി.ബി. അനീഷിനും കലാരംഗത്തെ സംഭാവനകൾക്ക് രാജശ്രീ വാരിയർക്കും സംസ്ഥാനസർക്കാർ കേരളപ്രഭപുരസ്കാരം പ്രഖ്യാപിച്ചു.

മാധ്യമപ്രവർത്തകൻ ശശികുമാറിനും വിദ്യാഭ്യാസപ്രവർത്തകൻ ഷഹാൽ ഹസൻ മുസ്ല്യാർക്കും റോബോട്ടിക് വിദഗ്ധൻ എം.കെ. വിമൽ ഗോവിന്ദിനും പായ്‌വഞ്ചിയിൽ ലോകം ചുറ്റിയ നാവികസേനാ റിട്ട. ലെഫ്നന്റ് കമാൻഡർ അഭിലാഷ് ടോമിക്കും ജിലുമോൾ മാരിയറ്റ് തോമസിനും കേരളശ്രീപുരസ്കാരം നൽകും.

കണ്ണൂർ ഉദയഗിരി താബോർ സ്വദേശിയായ പി.ബി. അനീഷ് സംസ്ഥാന സർക്കാരിന്റെ കർഷകോത്തമ പുരസ്കാരംനേടിയ യുവകർഷകനാണ്. ശാസ്ത്രീയനൃത്തരംഗത്ത് ശ്രദ്ധേയയായ രാജശ്രീവാരിയർ മലയാളത്തിലെ ആദ്യകാല ടെലിവിഷൻ അവതാരകയാണ്. പ്രമുഖ മാധ്യമപ്രവർത്തകനായ ശശികുമാർ ഏഷ്യൻ സ്കൂൾ ഓഫ് ജേണലിസത്തിന്റെ സ്ഥാപകനാണ്. ടികെഎമ്മിനെ വിദ്യാഭ്യാസ രംഗത്തെ സാന്നിധ്യമായി മാറ്റിയ വ്യക്തിയാണ് ടികെഎം ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസ്ല്യാർ. മാൻഹോൾ വൃത്തിയാക്കാനായി റോബോട്ട് വികസിപ്പിച്ച ജെൻ റോബോട്ടിക്സ് കമ്പനിയുടെ സ്ഥാപകനാണ് എം.കെ വിമൽ ഗോവിന്ദ്. തൊടുപുഴ കരിമണ്ണൂർ സ്വദേശിനിയായ ജിലുമോൾ മാരിയറ്റ് തോമസ് ഇരുകൈയും ഇല്ലെങ്കിലും വാഹനം ഓടിച്ച് ഡ്രൈവിങ് ലൈസൻസ് നേടിയിരുന്നു.

01/11/2025 PUNALUR Pg 06

മലയാള മനോരമ

## ഷഹൽ ഹസൻ മുസല്യാർക്ക് കേരളശ്രീ പുരസ്കാരം

# ടികെഎം സ്ഥാപനങ്ങളുടെ അമരക്കാരന് അംഗീകാരം

കൊല്ലം ● തങ്ങൾ കുഞ്ഞ് മുസല്യാർ സ്ഥാപിച്ച, ജില്ലയുടെ വിദ്യാഭ്യാസ മേഖലയിലെ അഭിമാന സ്തംഭങ്ങളിലൊന്നായ ടികെഎം സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലെത്തിച്ച ഷഹൽ ഹസൻ മുസല്യാർക്ക് സംസ്ഥാന സർക്കാരിന്റെ കേരളശ്രീ അംഗീകാരം. വിദ്യാഭ്യാസ, ജീവകാരുണ്യ, വ്യവസായ മേഖലകളിൽ നിറഞ്ഞു നിൽക്കുന്ന ടികെഎം ട്രസ്റ്റിനെ മുപ്പതോളം വർഷങ്ങളായി നയിക്കുന്നത് ഷഹൽ ഹസൻ മുസല്യാർ ആണ്.

1956ൽ ആണ് കേരളത്തിലെ ആദ്യത്തെ സ്വകാര്യ എൻജിനീയറിങ് കോളജായ ടികെഎം എൻജിനീയറിങ് കോളജ് സ്ഥാപിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസത്തിൽ വിപ്ലവം സൃഷ്ടിച്ച ഈ കലാലയം ഇതിനോടകം ഐഎസ്ആർഒ ചെയർമാന്മാർ അടക്കമുള്ള ഒട്ടേറെ മികവുറ്റ എൻജിനീയർമാരെ സൃഷ്ടിച്ചിട്ടുണ്ട്. പിന്നീട് 1965 ൽ സമീപത്തു തന്നെ നിലനിന്നിരുന്ന ഒരു ഫാക്ടറിയെ ടികെഎം ആർട്സ് ആൻസ്



ഷഹൽ ഹസൻ മുസല്യാർ

സയൻസ് കോളജാക്കി മാറ്റി. ഒരു ലക്ഷത്തിലധികം വിദ്യാർഥികൾ ഇവിടെ നിന്ന് ബിരുദം നേടിയിട്ടുണ്ട്. ഇന്ന് ടികെഎം ട്രസ്റ്റിന്റെ നേതൃത്വത്തിൽ കരിക്കോട്, കാരുവേലിൽ എന്നിവിടങ്ങളിലായി മാനേജ്മെന്റ് കോളജ്, ആർക്കിടെക്ചർ കോളജ്, ഹയർ സെക്കൻഡറി സ്കൂൾ, സിബിഎസ്ഇ സ്കൂളുകൾ തുടങ്ങി 9 വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. നിലവിൽ പതിനാറായിരത്തിലേറെ കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനങ്ങളിലായി രണ്ടായിരത്തോളം അധ്യാപകരടക്കമുള്ള ജീവനക്കാരുണ്ട്. ഇതിൽ 60 ശതമാനത്തിലധികം ജീവനക്കാരും 70 ശതമാനത്തോളം വിദ്യാർഥികളും സ്ത്രീകളാണ്.

കരിക്കോട് എന്ന ഗ്രാമത്തെ ജില്ലയുടെ വിദ്യാഭ്യാസ ഹബ്ബുകളിലൊന്നാക്കി മാറ്റിയതും ടികെഎം സ്ഥാപനങ്ങളുടെ സാന്നിധ്യമാണ്.

ആലുവ യുസി കോളജ്, യുഎസിലെ ടെക്സസ് സർവകലാശാല എന്നിവിടങ്ങളിലായിരുന്നു ഷഹൽ ഹസൻ മുസല്യാരുടെ പഠനം. തുടർന്ന് മുസല്യാർ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടറായി ടികെഎം സ്ഥാപനങ്ങളുടെ ഭാഗമായി. 8 വർഷത്തോളം കാഷ്യു എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ അധ്യക്ഷനായിരുന്നു. 1996 ൽ ആണ് ഷഹൽ ഹസൻ മുസല്യാർ ടികെഎം ട്രസ്റ്റിന്റെ തലപ്പത്തെത്തുന്നത്. ഇന്നത്തെ തലത്തിലേക്ക് ടികെഎം സ്ഥാപനങ്ങളെ വളർത്തിയതും വൈവിധ്യവൽക്കരിച്ചതും ഇദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു. ജീവകാരുണ്യ മേഖലയിലും അദ്ദേഹം സജീവ സാന്നിധ്യമാണ്. 93-ാം വയസ്സിലും സജീവമായ ഒരു വിദ്യാഭ്യാസ പ്രവർത്തകനും നേതൃഗുണത്തിനും നാട് നൽകുന്ന അംഗീകാരമായി മാറുകയാണ് കേരളശ്രീപുരസ്കാരം.

# കൊല്ലത്തും വേണ്ടേ ഓൺലൈൻ ടാക്സി...?




കൊല്ലം ▸ മീറ്റർ ഇടാതെ ഓടുന്ന ഓട്ടോറിക്ഷകളാണ് നഗരത്തിലെങ്ങും. എല്ലാ കൊല്ലവും ലീഗൽ മെട്രോളജി വകുപ്പ് മീറ്ററുകൾ പരിശോധിച്ച് സീൽ ചെയ്യും. പക്ഷേ, കൊല്ലത്തെ ഒട്ടുമുക്കാൽ ഓട്ടോറിക്ഷകൾക്കും ഇതൊരു അലങ്കാരം മാത്രമാണ്.

കഴിഞ്ഞയാഴ്ച മോട്ടോർവാഹനവകുപ്പ് അധികൃതർ മഫ്തിയിൽ ഓട്ടോറിക്ഷകൾ സവാരിക്ക് വിളിച്ചപ്പോൾ അഞ്ച് ഓട്ടോറിക്ഷകളിൽ ഒരാൾമാത്രം കൃത്യം മീറ്റർ ചാർജ് വാങ്ങി. ബാക്കി നാലുപേർ 52 രൂപ വാങ്ങേണ്ടിടത്ത് 130, 150 എന്നിങ്ങനെ അമിത ചാർജാണ് വാങ്ങിയത്. കൊല്ലത്ത് ഇതൊരു പുതുമയല്ല.

എത്ര പരിശോധന നടത്തിയാലും രണ്ടുദിവസം കഴിയുമ്പോൾ കാര്യങ്ങൾ പഴയപടിയാകും. ചിന്നക്കടയിലെ പ്രീ-പെയ്ഡ് ഓട്ടോറിക്ഷ കൗണ്ടർ അടച്ചിട്ട് ഏറെക്കാലമായി.

റെയിൽവേ സ്റ്റേഷനിൽ മാത്രമാണ് നിലവിൽ പ്രീപെയ്ഡ് ഓട്ടോ സേവനമുള്ളത്.

ഇതിന് ഒരു പരിധിവരെ പരിഹാരമാകുക ഓൺലൈൻ ടാക്സി ഇവിടെയും കൊണ്ടുവരിക എന്നതാണെന്ന് നാട്ടുകാർ ചൂണ്ടിക്കാട്ടുന്നു. സുരക്ഷിതത്വവും ഓടുന്ന ദൂരത്തിന് കൃത്യമായ പണം കൊടുത്താൽ മതി എന്നതും ഈ സംവിധാനത്തിന്റെ ഗുണങ്ങളായി ഉപഭോക്താക്കൾ മുന്നോട്ടുവെക്കുന്നു.

കേരളത്തിൽ തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി തുടങ്ങിയ നഗരങ്ങളിൽ ഓൺലൈൻ ടാക്സി സജീവമാണ്. തൃശ്ശൂരിൽ ഇടക്കാലത്ത് അപ്രത്യക്ഷമായവ വീണ്ടും തുടങ്ങിയിട്ടുണ്ട്. റെയിൽവേ സ്റ്റേഷനിൽ ഓൺലൈൻ ടാക്സിക്കാരും മറ്റു ടാക്സിക്കാരും തമ്മിൽ സംഘർഷമുണ്ടായ സംഭവമുണ്ടായിരുന്നു.

ഊബർ, ഓല തുടങ്ങിയ ഓൺലൈൻ ടാക്സി സർവീസിനെതിരേ നടപടിയെടുക്കാനൊരുങ്ങുകയാണ് ഇപ്പോൾ മോട്ടോർവാഹനവകുപ്പ്. ഓൺലൈൻ ടാക്സി സേവനദാതാക്കൾ കേരളത്തിൽ ഓഫീസ് തുറന്നിട്ടില്ല.

കേന്ദ്രസർക്കാരിന്റെ നിബന്ധനപ്രകാരം ഇവർ സംസ്ഥാന സർക്കാരിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇതൊന്നും പാലിക്കാത്തതിനാൽ നടപടിയെടുക്കാൻ നിയമോപദേശം തേടിയിട്ടുണ്ടെന്ന് കഴിഞ്ഞ ദിവസം ട്രാൻസ്പോർട്ട് കമ്മിഷണർ പറഞ്ഞിരുന്നു.

അന്താരാഷ്ട്ര വിനോദസഞ്ചാരികളും ഇതരസംസ്ഥാനക്കാരുമെല്ലാം സ്ഥിരമായി ആശ്രയിക്കുന്ന ഈ സൗകര്യം ഇല്ലാതാകുന്നത് അവരെയും ബുദ്ധിമുട്ടിലാക്കും.

### 'എല്ലായിടത്തും സേവനം ലഭ്യമാക്കണം'

ഏത് നഗരത്തിൽ ചെല്ലുമ്പോഴും ഓൺലൈൻ ടാക്സിയാണ് ഞാൻ ആശ്രയിക്കാറ്. റേറ്റിങ് രേഖപ്പെടുത്തുന്നതുകൊണ്ട് മാന്യമായ പെരുമാറ്റവും ലഭിക്കും. കൊല്ലത്ത് എന്നല്ല, കേരളത്തിൽ എവിടെയും ഈ സേവനം ലഭ്യമാക്കുകയാണ് വേണ്ടത്.



**മുഹമ്മദ് അലി പി. കാസിം**
അസി. പ്രൊഫസർ,
ഇംഗ്ലീഷ് വിഭാഗം, ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്

**Mathrubhumi, 14.11.2025 Pii**

മാതൃഭൂമി 2025 നവംബർ 15 • ശനിയാഴ്ച

02 നാട്ടുവർത്ത

# ടികെഎം കോളേജിൽ ക്വാണ്ടം സയൻസ് പ്രദർശനം

കൊല്ലം ▸ ക്വാണ്ടം സയൻസിന്റെ 100-ാംവാർഷികത്തോടനുബന്ധിച്ച് ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി ശാസ്ത്രപ്രദർശനം സംഘടിപ്പിക്കുന്നു. കോളേജിന്റെ ഡയമണ്ട് ജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് പ്രദർശനം ഒരുക്കുന്നത്.

കേരള ശാസ്ത്ര-സാഹിത്യ പരിഷത്ത്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നിവയുടെ സഹകരണത്തോടെയാണിത്. ക്വാണ്ടം സയൻസിന്റെ 100 വർഷത്തെ വളർച്ചയും പ്രായോഗികതയും വിശദീകരിക്കുന്ന മോഡലുകൾ ഒരുക്കും. ഹൈസ്കൂൾതലംമുതലുള്ള വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും മുൻകൂട്ടി രജിസ്റ്റർ ചെയ്തു പ്രദർശനം കാണാം.

21 മുതൽ 25 വരെ നീണ്ടുനിൽക്കുന്ന പ്രദർശനത്തിന്റെ സംഘാടകസമിതി രൂപവത്കരിച്ചു. ടികെഎം കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹാൽ ഹസൻ മുസലിയാർ രക്ഷാധികാരിയും പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ ചെയർപേഴ്സണും ഡോ. എസ്. പദ്മകുമാർ, ഡോ. ചിത്രാ ഗോപിനാഥ് എന്നിവർ കൺവീനർമാരുമാണ്.

ഡോ. എം.ജെ. ഷീബ അധ്യക്ഷത വഹിച്ചു. ഡോ. ജോർജ് ഡിക്രൂസ്, ബി. രാജശേഖരൻനായർ, ജി. സുനിൽകുമാർ, ഡോ. ഷൈനി സലാം, ഡോ. എസ്. അനസ്, ഫിറോസ് ഖാൻ തുടങ്ങിയവർ പ്രസംഗിച്ചു.

# വജ്ര ജൂബിലി ആഘോഷം സമാപന സമ്മേളനം ഡിസംബർ ഒന്നിന്

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ വജ്ര ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനവും മെറിറ്റ് അവാർഡ് വിതരണവും ഡിസംബർ ഒന്നിന് രാവിലെ 11ന് ഐഎസ്ആർഒ ചെയർമാൻ ഡോ.വി.നാരായണൻ നിർവഹിക്കും. ടികെഎം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ.ടി.കെ. ഷഹൽ ഹസൻ മുസല്യാർ അധ്യക്ഷത വഹിക്കും. കേരള യൂണിവേഴ്സിറ്റിയുടെ കീഴിലെ അഫിലിയേറ്റഡ് കോളജുകളിലെ ആദ്യത്തെ ബയോ കെമിസ്ട്രി റിസർച് സെന്ററിന്റെ ഉദ്ഘാടനം നൂറുൽ ഇസ്‌ലാം കോളജ് ബയോകെമിസ്ട്രി വിഭാഗം മുൻ മേധാവി ഡോ.കവിത രാജൻ നിർവഹിക്കും. ജനുവരി മുതൽ ആരംഭിച്ച ആഘോഷ പരിപാടികളുടെ ഭാഗമായി ശാസ്ത്രം, ഭാഷ, മാനവികത, വാണിജ്യം തുടങ്ങിയ വിഷയങ്ങളിൽ അക്കാദമിക സെമിനാറുകൾ, വിദ്യാർഥികളുടെ നൈപുണ്യ വികസനത്തിനായി ശിൽപശാലകൾ, സിംപോസിയങ്ങൾ, തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ മദ്യം- ലഹരി മരുന്ന്, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ, സാമ്പത്തികമായി പിന്നാക്കം നിൽ

ഭവന നിർമാണം, രക്തദാന ക്യാംപുകൾ, ജില്ലയിലെ 80 ഓളം വിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർഥികളും പൊതു ജനങ്ങളും പങ്കെടുത്ത ക്വാണ്ടം സയൻസ് പ്രദർശനം എന്നിവ സംഘടിപ്പിച്ചു. പ്രാദേശിക ചെറുകിട വനിതാ സംരംഭകരെ ഉൾപ്പെടുത്തി കൊമേഴ്സ് വിഭാഗം വിദ്യാർഥികൾ 'വിപണി' എന്ന പേരിൽ സ്റ്റാർട്ട് അപ്പും ആരംഭിച്ചിട്ടുണ്ട്. 2024-25 അക്കാദമിക വർഷത്തിൽ യൂണിവേഴ്സിറ്റി പരീക്ഷകളിൽ റാങ്ക് നേടിയ ബിരുദ-ബിരുദാനന്തര വിദ്യാർഥികൾ, വിവിധ വിഷയങ്ങളിൽ ഡോക്ടറേറ്റ് നേടിയവർ,
ഏറ്റവും കൂടുതൽ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചവർ, മികച്ച റിസർച് ഗൈഡ് എന്നിവർക്കുള്ള മെറിറ്റ് അവാർഡുകൾ വിതരണം ചെയ്യും. ദേശീയ -രാജ്യാന്തര കായിക മത്സരങ്ങളിൽ പങ്കെടുത്ത് മെഡലുകൾ നേടിയ കായിക താരങ്ങളെയും അനുമോദിക്കുമെന്നും ടികെഎം കോളജ് ട്രസ്റ്റ് അംഗം സാദിഖ് എസ്.ത്വാഹ, കോളജ് പ്രിൻസിപ്പൽ ഡോ.എം.ജെ ഷീബ, അധ്യാപകരായ പ്രഫ. ബോബി.ടി എഡ്വിൻ, ഡോ.വി.കെ ആദർശ്, ഡോ ആർ.ജീന, ഡോ.മുഹമ്മദ് മുസ്തഫ എന്നി

**Malayala Manorama, 30.11.2025 P2**


# ടി.കെ.എം കോളജിൽ ക്വാണ്ടം സയൻസ് പ്രദർശനം

കൊല്ലം: ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഡയമണ്ട് ജൂബിലിയുടെ ഭാഗമായി ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും കൊച്ചിൻ യൂനിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന ക്വാണ്ടം സെഞ്ച്വറി ശാസ്ത്ര പ്രദർശനം ടി.കെ.എം കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹൽ ഹസൻ മുസലിയർ ഉദ്ഘാടനം ചെയ്തു. ക്വാണ്ടം സയൻസിന്റെ തുടക്കം മുതൽ ഇന്നുവരെയുള്ള വളർച്ചയുടെ വിവിധ ഘട്ടങ്ങളെ വിശദീകരിക്കുന്ന അഞ്ചു ദിവസം നീണ്ടുനിൽക്കുന്നതാണ് പ്രദർശനം. സ്കൂൾ കോളേജ് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും മുൻകൂട്ടി രജിസ്റ്റർ ചെയ്ത് പ്രദർശനം കാണാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രദർശനത്തോടനുബന്ധിച്ച് എല്ലാ ദിവസവും വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ ഉണ്ടായിരിക്കും. കോളേജ് പ്രിൻസിപ്പൽ ഡോ. എം.ജെ.ഷീബ അധ്യക്ഷത വഹിച്ചു. കൊച്ചിൻ യൂനിവേഴ്സിറ്റിയിലെ പ്രഫ. എൻ. ഷാജി മുഖ്യ പ്രഭാഷണം നിർവഹിച്ചു. ടി.കെ.ജലാലുദ്ദീൻ മുസ്‍ലിയാർ, രാജശേഖരൻ നായർ, പ്രഫ. ബോബി ടി.എഡ്വിൻ, എൻ.മോഹനൻ തുടങ്ങിയവർ സംസാരിച്ചു. എക്സിബിഷൻ കൺവീനർ ഡോ. ചിത്ര ഗോപിനാഥ് സ്വാഗതവും ഡോ. മുംതാസ് യഹ്‌യ നന്ദിയും പറഞ്ഞു.



ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഡയമണ്ട് ജൂബിലിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ക്വാണ്ടം സെഞ്ച്വറി ശാസ്ത്ര പ്രദർശനം ട്രസ്റ്റ് പ്രസിഡൻറ് ഡോ. ഷഹൽ ഹസൻ മുസലിയർ ഉദ്ഘാടനം ചെയ്യുന്നു

**Madhyamam 22.11.2025, P4**



# ശാസ്ത്ര പ്രദർശനം


കൊല്ലം: ക്വാണ്ടം സയൻസിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് കരിക്കോട് ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസിൽ 'ക്വാണ്ടം സയൻസ്' ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കും. 21 മുതൽ 25 വരെ നടക്കുന്ന പ്രദർശനത്തിൽ ക്വാണ്ടം പ്രഭാഷണം, റോബോട്ടിക് ഷോ, കലാപരിപാടികൾ, ബാൻഡ് ട്രൂപ്പ് എന്നിവ നടക്കും. 20ന് ഉച്ചയ്ക്ക് 2.30ന് ടി.കെ.എം കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ.ഷഹൽ ഹസൻ മുസലിയാർ ഉദ്ഘാടനം ചെയ്യും. പ്രൊഫ.എൻ.ഷാജി മുഖ്യ പ്രഭാഷണം നടത്തും. ഹൈസ്കൂൾ തലം മുതലുള്ള വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പ്രദർശനം കാണാം. പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ, ഡോ. ബോബി. ടി. എഡ്വിൻ, ഡോ. ചിത്ര ഗോപിനാഥ്, ഡോ.മുംതാസ് യഹിയ, ഡോ.എസ്. പത്മകുമാർ, എം. മോഹനൻ, ഡോ. ജോർജ് ഡിക്രൂസ് എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

**Kerala Kaumudi 20.11.2025 P3**

# ടികെഎം കോളേജ് വജ്രജൂബിലി സമാപനവും മെറിറ്റ് അവാർഡ് വിതരണവും

കൊല്ലം ▸ ടികെഎം കോളേജ് ട്രസ്റ്റിനു കീഴിൽ 1965-ൽ സ്ഥാപിതമായ ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിന്റെ വജ്രജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനവും മെറിറ്റ് അവാർഡ് വിതരണവും ഡിസംബർ ഒന്നിന് രാവിലെ 11-ന് ഐഎസ്ആർഒ ചെയർമാൻ ഡോ. വി. നാരായണൻ നിർവഹിക്കുമെന്ന് ട്രസ്റ്റ് ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു. സമ്മേളനത്തിൽ ടികെഎം കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ടി.കെ. ഷഹാൽ ഹസൻ മുസലിയാർ അധ്യക്ഷത വഹിക്കും. കേരള സർവകലാശാലയുടെ കീഴിലെ അഫിലിയേറ്റഡ് കോളേജുകളിലെ ആദ്യ ബയോകെമിസ്ട്രി റിസർച്ച് സെന്ററിന്റെ ഉദ്ഘാടനം നൂറുൽ ഇസ്‍ലാം കോളേജ് ബയോകെമിസ്ട്രി വിഭാഗം മുൻ മേധാവി ഡോ. കവിതാരാജൻ നിർവഹിക്കും. 2024-25 അക്കാദമിക വർഷത്തിൽ സർവകലാശാലാ പരീക്ഷകളിൽ റാങ്ക് നേടിയ ബിരുദ-ബിരുദാനന്തര വിദ്യാർഥികൾ, വിവിധ വിഷയങ്ങളിൽ ഡോക്ടറേറ്റ് നേടിയവർ, ഏറ്റവും കൂടുതൽ ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചവർ, മികച്ച റിസർച്ച് ഗൈഡ് എന്നിവർക്കുള്ള അവാർഡുകൾ വിതരണം ചെയ്യുമെന്ന് ടികെഎം കോളേജ് ട്രസ്റ്റ് അംഗം സാദിഖ് എസ്. ത്വാഹ, കോളേജ് പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ എന്നിവർ അറിയിച്ചു. അധ്യാപകരായ പ്രൊഫ. ബോബി ടി. എഡ്വിൻ, ഡോ. വി.കെ. ആദർശ്, ഡോ. ആർ. ജീന, ഡോ. മുഹമ്മദ് മുസ്തഫ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

**Mathrubhumi, 30.11.2025 P3**



കരിക്കോട് ടി.കെ.എം.ആർട്സ് കോളജിൽ നടക്കുന്ന ക്വാണ്ടം സെഞ്ചുറി സയൻസ് എക്സിബിഷനിൽ നിന്ന്

# ക്വാണ്ടം സെഞ്ചുറി സയൻസ് എക്സിബിഷൻ ശ്രദ്ധേയമാകുന്നു

**» പ്രദർശനം ഇന്ന് സമാപിക്കും**

കുണ്ടറ: നാല് ദിവസമായി കരിക്കോട് ടി.കെ.എം ആർട്സ് കോളജിൽ നടക്കുന്ന 'ക്വാണ്ടം സെഞ്ചുറി സയൻസ് എക്സിബിഷൻ' കുട്ടികളിൽ കൗതുകവും വിജ്ഞാനവും പകരുന്നു. പ്രദർശനം ചൊവ്വാഴ്ച സമാപിക്കും.

ഐക്യരാഷ്ട്രസഭയുടെ തീരുമാനപ്രകാരം 2025 ക്വാണ്ടം സയൻസിന്റെയും സാങ്കേതികവിദ്യയുടെയും വർഷമായി ലോകമെമ്പാടും ആഘോഷിക്കുകയാണ്. അതിന്റെ ഭാഗമായി കേരള ശാസ്ത്ര സാഹിത്യപരിഷത്തും സയൻസ് പോർട്ടൽ ലൂക്കയും ചേർന്നാണ് എക്സിബിഷൻ സംഘടിപ്പിക്കുന്നത്.

ആർട്ടിസ്റ്റ് ശ്രീജ പള്ളത്തിന്റെ ശില്പങ്ങൾ, ക്വാണ്ടം സയൻസിലെ ഇന്ത്യൻ സംഭാവനകൾ പരിചയപ്പെടുത്തുന്ന ആർ. യദുനാഥിന്റെ പ്രത്യേക പെയിന്റിങ് പരമ്പര, ജസ്റ്റിൻ ജോസഫ് ഒരുക്കുന്ന ഐൻസ്റ്റൈനും മേരിക്യൂറിയും, തുടങ്ങിയ കലാസൃഷ്ടികളും പ്രദർശനത്തിന്റെ ഭാഗമാണ്. കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്ന് പരിശീലനം നേടിയ 60 വിദ്യാർഥികളാണ് വിശദീകരണം നൽകുന്നത്. ടി.കെ.എം. ആർട്സ് കോളജിന്റെ 60മത് വാർഷികാഘോഷത്തിന്റെ ഭാഗമായാണ് പ്രദർശനം.

**Madhyamam 25.11.2025, P4**











# ടി.കെ.എം കോളേജ് ഒഫ് ആർട്സ് വജ്രജൂബിലി സമാപനം

**Kerala Kaumudi 01.12.2025 P5**

കൊല്ലം: ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസിന്റെ ഒരു വർഷം നീണ്ടുനിന്ന വജ്രജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനവും മെരിറ്റ് അവാർഡ് വിതരണവും നാളെ രാവിലെ 11ന് ഐ.എസ്.ആർ.ഒ ചെയർമാൻ ഡോ. വി. നാരായണൻ ഉദ്ഘാടനം ചെയ്യും.

ടി കെ എം കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ടി.കെ. ഷഹൽ ഹസൻ മുസലിയാർ അദ്ധ്യക്ഷത വഹിക്കും. കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ ആദ്യ ബയോകെമിസ്ട്രി റിസർച്ച് സെന്ററിന്റെ ഉദ്ഘാടനം നൂറുൽ ഇസ്ലാം കോളേജ് ബയോകെമിസ്ട്രി വിഭാഗം മുൻ മേധാവി ഡോ. കവിത രാജൻ നിർവഹിക്കും. ട്രസ്റ്റ് അംഗങ്ങളായ ടി. കെ. ജലാലുദ്ദീൻ മുസലിയാർ, ടി.കെ. ജമാലുദ്ദീൻ മുസലിയാർ, ഡോ. മുഹമ്മദ് ഹാറൂൺ, എം.എൽ.എമാരായ പി.സി. വിഷ്ണുനാഥ്, എം. നൗഷാദ്, ഡോ. എസ്. അയൂബ്, പ്രിൻസിപ്പൽ ഡോ. എം. ജെ. ഷീബ, വൈസ് പ്രിൻസിപ്പൽ പ്രൊഫ. ബോബി ടി. എഡ്വിൻ, ബയോകെമിസ്ട്രി വിഭാഗം മേധാവി ഡോ. ബി. ലത തുടങ്ങിയവർ സംസാരിക്കും. വാർത്താസമ്മേളനത്തിൽ ടി.കെ.എം കോളേജ് ട്രസ്റ്റ് അംഗം സാദിഖ് എസ്. ത്വാഹ, കോളേജ് പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ, അദ്ധ്യാപകരായ പ്രൊഫ. ബോബി ടി. എഡ്വിൻ, ഡോ. ആദർശ്. വി.കെ. ഡോ. ആർ. ജീന, ഡോ. മുഹമ്മദ് മുസ്തഫ എന്നിവർ പങ്കെടുത്തു.

Mathrubhumi
മാതൃഭൂമി

**ക്വാണ്ടം സെഞ്ചുറി പ്രദർശനം**

# ടികെഎം കോളേജിൽ സന്ദർശക തിരക്ക്



കരിക്കോട് ടികെഎം ആർട്സ് കോളേജിൽ ആരംഭിച്ച ക്വാണ്ടം സെഞ്ചുറി പ്രദർശനത്തിൽനിന്ന്

**കരിക്കോട്** ▸ ക്വാണ്ടം സയൻസ് ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി കരിക്കോട് ടികെഎം ആർട്സ് കോളേജിൽ ആരംഭിച്ച ക്വാണ്ടം സെഞ്ചുറി പ്രദർശനം കാണാൻ സന്ദർശകരുടെ തിരക്ക്. കുറഞ്ഞ ഊർജത്തിൽ പ്രകാശം വിതറുന്ന എൽഇഡികൾ, സോളാർ പാനലുകൾ, ടെലിവിഷൻ, കംപ്യൂട്ടർ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ, ചികിത്സാരംഗത്ത് ഉപയോഗിക്കുന്ന ലേസറുകൾ, എംആർഐ, പിഇടി സ്കാനറുകൾ, ജിപിഎസ്, ഇലക്ട്രോൺ മൈക്രോസ്കോപ്പ് എന്നിങ്ങനെ മനുഷ്യജീവിതത്തെ വിപ്ലവകരമായ പരിവർത്തനത്തിലേക്കു വഴിനടത്തിയ ശാസ്ത്ര-സാങ്കേതികരംഗത്തെ കുതിച്ചുചാട്ടങ്ങൾക്കു പിന്നിലെ ക്വാണ്ടം സയൻസിനെ അടുത്തറിയാനുള്ള അവസരമാണ് ശാസ്ത്രസമൂഹകേന്ദ്രത്തിൽ ഒരുക്കിയിട്ടുള്ളത്.

പീരിയോഡിക് ടേബിൾ, ആറ്റംഘടന, ഓർബിറ്റൽ തിയറി, സബ് അറ്റോമിക് പാർട്ടിക്കിളുകൾ, അർധചാലകങ്ങൾ തുടങ്ങിയവയും ഫ്ലൂറസൻസ്, സൂപ്പർ ഫ്ലൂയിഡിറ്റി, സൂപ്പർ കണ്ടക്ടിവിറ്റി തുടങ്ങിയ ക്വാണ്ടം പ്രതിഭാസങ്ങളും സാങ്കേതികവിദ്യകളും ശാസ്ത്രജ്ഞരുടെ സംഭാവനകളുമെല്ലാം എക്സിബിറ്റുകളും മോഡലുകളുമായി അറിവു വിതറും. വിദ്യാർഥികൾക്കും സാധാരണക്കാർക്കുമെല്ലാം മനസ്സിലാകുംവിധം ലളിതമായാണ് എല്ലാം അവതരിപ്പിക്കുന്നത്.

വി.കെ. രാധ, ബിബ ചൗധരി തുടങ്ങിയ ഇന്ത്യൻ വനിതാശാസ്ത്രജ്ഞരെ പരിചയപ്പെടുത്തുന്ന ആർട്ടിസ്റ്റ് ശ്രീജ പള്ളത്തിന്റെ ശില്പങ്ങൾ, ക്വാണ്ടം സയൻസിലെ ഇന്ത്യൻ സംഭാവനകൾ പരിചയപ്പെടുത്തുന്ന യദുനാഥിന്റെ പെയിന്റിങ് പരമ്പര, ജസ്റ്റിൻ ജോസഫ് ഒരുക്കുന്ന ഐൻസ്റ്റീനും മേരി ക്യൂറിയും തുടങ്ങിയ കലാസൃഷ്ടികളും പ്രദർശനത്തിന്റെ ഭാഗമാണ്. വിഖ്യാത ശാസ്ത്രജ്ഞനായ ഷ്റോഡിങ്ങറുടെ ചിന്താപരീക്ഷണത്തിലെ പൂച്ചയാണ് പ്രദർശനത്തിന്റെ താരം. രാവിലെ ഒൻപതുമുതൽ വൈകിട്ട് ഏഴുവരെയാണ് പ്രദർശനം. 25-ന് പ്രദർശനം സമാപിക്കും.











24/11/2025 PUNALUR Pg 03

# വജ്ര ജൂബിലി ആഘോഷ സമാപന സമ്മേളനവും മെറിറ്റ് അവാർഡ് വിതരണവും

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ വജ്ര ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനവും മെറിറ്റ് അവാർഡ് വിതരണവും ഇന്നു രാവിലെ 11ന് ഐഎസ്ആർഒ ചെയർമാൻ ഡോ. വി. നാരായണൻ നിർവഹിക്കും. ടികെഎം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ടി.കെ.ഷഹൽ ഹസൻ മുസല്യാർ അധ്യക്ഷനാകും. കേരള യൂണിവേഴ്സിറ്റിയുടെ കീഴിലെ അഫിലിയേറ്റഡ് കോളജുകളിലെ ആദ്യത്തെ ബയോകെമിസ്ട്രി റിസർച് സെന്ററിന്റെ ഉദ്ഘാടനം ഡോ. കവിത രാജൻ നിർവഹിക്കും. 2024 - 25 അക്കാദമിക് വർഷത്തിൽ യൂണിവേഴ്സിറ്റി പരീക്ഷകളിൽ റാങ്ക് നേടിയ ബിരുദ, ബിരുദാനന്തര വിദ്യാർഥികൾ, വിവിധ വിഷയങ്ങളിൽ പിഎച്ച്ഡി നേടിയവർ, ഏറ്റവും കൂടുതൽ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചവർ, മികച്ച റിസർച് ഗൈഡ് എന്നിവർക്കുള്ള അവാർഡുകൾ വിതരണം ചെയ്യും. ദേശീയ -രാജ്യാന്തര കായിക മത്സരങ്ങളിൽ പങ്കെടുത്തു മെഡലുകൾ നേടിയ താരങ്ങളെയും അനുമോദിക്കും.

**Malayala Manorama, 01.12.2025 P2**

## ടി.കെ.എം കോളജിൽ ക്വാണ്ടം സയൻസ് പ്രദർശനം ഉദ്ഘാടനം ഇന്ന്

കൊല്ലം: ക്വാണ്ടം സയൻസിന്റെ നൂറാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, കൊച്ചിൻ സർവകലാശാല ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കുന്നു. കോളജിന്റെ ഡയമണ്ട് ജൂബിലി പരിപാടികളുടെയും ഭാഗമായാണ് പ്രദർശനം ഒരുക്കിയിരിക്കുന്നത്.

ക്വാണ്ടം സയൻസിന്റെ നൂറു വർഷത്തെ വളർച്ചയും അതിന്റെ പ്രായോഗിക പ്രയോഗങ്ങളും ലളിതമായി അവതരിപ്പിക്കുന്ന മോഡലുകളും പ്രദർശനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ഹൈസ്കൂൾ തലത്തിൽ നിന്ന് പൊതുജനങ്ങൾ വരെ മുൻകൂട്ടി രജിസ്റ്റർ ചെയ്ത് പ്രദർശനം സന്ദർശിക്കാമെന്ന് കോളജ് അധികൃതർ അറിയിച്ചു. ഓരോ സ്റ്റാളിലും പ്രദർശിപ്പിക്കുന്ന കാര്യങ്ങൾ വിശദീകരിക്കുന്നതിനായി പ്രത്യേക പരിശീലനം ലഭിച്ച വളന്റിയർമാരും ഒരുക്കിയിട്ടുണ്ട്.

ക്വാണ്ടം സെഞ്ച്വറി എക്സിബിഷനോടൊപ്പം കോളേജിലെ എല്ലാ വകുപ്പുകളും സഹോദര സ്ഥാപനങ്ങളും വിജ്ഞാനപ്രദമായ പ്രദർശനങ്ങൾ ഒരുക്കിച്ചിട്ടുണ്ട്. പ്രദർശന ദിനങ്ങളിൽ പ്രഗത്ഭർ അവതരിപ്പിക്കുന്ന ക്വാണ്ടം പ്രഭാഷണങ്ങൾ, റോബോട്ടിക് ഷോ, കലാപരിപാടികൾ, ബാൻഡ് ട്രൂപ്പ് എന്നിവയും അരങ്ങേറും.

ഉദ്ഘാടനം വ്യാഴാഴ്ച ഉച്ചക്ക് 2.30ന് ടി.കെ.എം ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസാലിയാർ നിർവഹിക്കും. പ്രദർശനം വെള്ളിയാഴ്ച രാവിലെ മുതൽ ആരംഭിക്കും. കൊച്ചിൻ സർവകലാശാല പ്രഫസർ എൻ. ഷാജി മുഖ്യപ്രഭാഷണം നടത്തും. വാർത്ത സമ്മേളനത്തിൽ പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ, വൈസ് പ്രിൻസിപ്പൽ ഡോ. ബോബി ടി. എഡ്വിൻ, എക്സിബിഷൻ കൺവീനർ ഡോ. ചിത്ര ഗോപിനാഥ്, ഡോ. മുംതാസ് യഹിയ, കെ.എസ്.എസ്.പി ജില്ല പ്രസിഡന്റ് ഡോ. എസ്. പത്മകുമാർ എന്നിവർ പങ്കെടുത്തു.

**Madhyamam 20.11.2025, P4**

## ഷഹാൽ ഹസ്സൻ മുസലിയാരെ ആദരിച്ചു



ടികെഎം എജുക്കേഷൻ ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസ്സൻ മുസലിയാരെ 'വോയ്സ് ഓഫ് ടികെഎം 85'-ന്റെ നേതൃത്വത്തിൽ ആദരിച്ചപ്പോൾ

കൊച്ചി ▸ വിദ്യാഭ്യാസ മേഖലയിലെ സംഭാവനയ്ക്കുള്ള കേരളശ്രീ പുരസ്കാരം 2025 നേടിയ കൊല്ലം ടികെഎം എജുക്കേഷൻ ട്രസ്റ്റിന്റെ ചെയർമാൻ ഷഹാൽ ഹസ്സൻ മുസലിയാരെ ടികെഎം എൻജിനിയറിങ് കോളേജിലെ 1980–1985 പൂർവ വിദ്യാർഥികളുടെ കൂട്ടായ്മയായ 'വോയ്സ് ഓഫ് ടികെഎം 85' ആദരിച്ചു.

ഐഎസ്ആർഒയുടെ മുൻ ചെയർമാൻ ഡോക്ടർ എസ്. സോമനാഥിന്റെ ബാച്ചിലെ വിദ്യാർഥികളുടെ കൂട്ടായ്മയാണ് 'വോയ്സ് ഓഫ് ടികെഎം 85'.

ടികെഎം ട്രസ്റ്റ് ഓഫീസിൽ നടന്ന ചടങ്ങിൽ നസറുദ്ദീൻ, സജീവ്, സതീഷ്, ഉണ്ണികൃഷ്ണൻ, ആർ. രാധാകൃഷ്ണൻ, പ്രസന്നകുമാർ, അബ്ദുൾ റഷീദ്, ജോസ് പ്രകാശ്, ജി. സുരേഷ് ബാബു, സലിം, ടി.എസ്. അനിൽകുമാർ തുടങ്ങിയവർ സംബന്ധിച്ചു.

**Mathrubhumi, 02.12.2025 P5**

## ടി.കെ.എം കോളജിൽ ക്വാണ്ടം സയൻസ് പ്രദർശനം

കൊല്ലം : ക്വാണ്ടം സയൻസിന്റെ നൂറാം വാർഷികത്തോട് അനുബന്ധിച്ചു ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നിവയുടെ സഹകരണത്തോടെ ക്വാണ്ടം സയൻസ് പ്രദർശനം സംഘടിപ്പിക്കും. പ്രദർശനം ഉദ്ഘാടനം ഇന്ന് ഉച്ചക്ക് 2.30ന് ടി.കെ.എം കോളേജ് ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസലിയാർ നിർവഹിക്കും. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി പ്രൊഫസർ എൻ ഷാജി മുഖ്യപ്രഭാഷണം നിർവഹിക്കും.

കോളജിന്റെ ഡയമണ്ട് ജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് പ്രദർശനം ഒരുക്കുന്നത്. ക്വാണ്ടം സയൻസിന്റെ നൂറുവർഷത്തെ വളർച്ചയും പ്രായോഗികതയും വിശദീകരിക്കുന്ന മോഡലുകളും പ്രദർശനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ഹൈസ്കൂൾ തലം മുതലുള്ള വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും മുൻകൂട്ടി രജിസ്റ്റർ ചെയ്തു പ്രദർശനം കാണാം.

ക്വാണ്ടം സയൻസുമായി ബന്ധപ്പെട്ട തിയറികൾ വളരെ ലളിതമായി വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും നേരിൽ കണ്ട് മനസ്സിലാക്കാവുന്ന രീതിയിലാണ് പ്രദർശനം ഒരുക്കിയിട്ടുള്ളത്. ഓരോ സ്റ്റാളിലും പ്രദർശിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ വിശദീകരിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകിയ വളണ്ടിയർമാരെ സജ്ജമാക്കിയിട്ടുണ്ട്. ക്വാണ്ടം സെഞ്ചുറി എക്സിബിഷനു പുറമേ ടി കെ എം കോളജിന്റെ അറുപതാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കോളജിലെ മുഴുവൻ ഡിപ്പാർട്ട്മെന്റുകളും സഹോദര സ്ഥാപനങ്ങളും വിജ്ഞാനപ്രദമായ വിവിധ പ്രദർശനങ്ങൾ ഒരുക്കിയിട്ടുണ്ട്. ക്വാണ്ടം പ്രഭാഷണങ്ങൾ, റോബോട്ടിക് ഷോ, കലാപരിപാടികൾ, ബാൻഡ് ട്രൂപ്പ് തുടങ്ങിയവയും ഒരുക്കിയിട്ടുണ്ട്.

പത്രസമ്മേളനത്തിൽ കോളജ് പ്രിൻസിപ്പൽ ഡോ. എം ജെ ഷീബ, വൈസ് പ്രിൻസിപ്പൽ ഡോ. ബോബി ടി എഡ്വിൻ, എക്സിബിഷൻ കൺവീനർ ഡോ ചിത്ര ഗോപിനാഥ്, ഡോ. മുംതാസ് യഹിയ, കെ എസ് എസ് പി ജില്ലാ പ്രസിഡണ്ട് ഡോ . എസ് പത്മകുമാർ, ജില്ലാ സെക്രട്ടറി എം മോഹനൻ, പരിഷത്ത് സംഘാടക സമിതി ചെയർപേഴ്സൺഡോ ജോർജ് ഡിക്രൂസ് എന്നിവർ പങ്കെടുത്തു.

**Chandrika. 20.11.2025 P4**



# കേരള പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

## രാഘവവാര്യർക്ക് കേരള ജ്യോതി പുരസ്കാരം
## ഷഹൽ ഹസൻ മുസലിയാർക്ക് കേരളശ്രീ പുരസ്കാരം

തിരുവനന്തപുരം: 2025ലെ കേരള പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. വിവിധ മേഖലകളിൽ സമൂഹത്തിന് നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് പത്മ പുരസ്കാര മാതൃകയിൽ സംസ്ഥാന സർക്കാർ കേരള ജ്യോതി, കേരള പ്രഭ, കേരളശ്രീ പുരസ്കാരങ്ങൾ നൽകുന്നത്.

വിദ്യാഭ്യാസ മേഖലയിലെ സംഭാവനകൾ കണക്കിലെടുത്ത് ഡോ. എം. ആർ. രാഘവവാര്യർക്കാണ് കേരള ജ്യോതി പുരസ്കാരം. കാർഷിക മേഖലയിലെ സംഭാവനകൾക്ക് പി.ബി അനീഷിനും കലാരംഗത്തെ സംഭാവനകൾക്ക് രാജശ്രീ വാര്യർക്കും കേരള പ്രഭ പുരസ്കാരം നൽകും. മാധ്യമ പ്രവർത്തനത്തിന് ശശികുമാറിനും വിദ്യാഭ്യാസ രംഗത്ത് ടി.കെ.എം ട്രസ്റ്റ് ചെയർമാൻ ഷഹൽ ഹസൻ മുസലിയാർക്കും സ്റ്റാർട്ടപ്പ് രംഗത്തെ സംഭാവനകൾക്ക് എം.കെ. വിമൽ ഗോവിന്ദിനും വിവിധ മേഖകളിലെ പ്രവർത്തനങ്ങൾ പരിഗണിച്ച് ജിലുമോൾ മാരിയറ്റ് തോമസിനും കായിക രംഗത്ത് അഭിലാഷ് ടോമിക്കും കേരളശ്രീ പുരസ്കാരം നൽകും.

കേരള ജ്യോതി പുരസ്കാരം ഒരാൾക്കും കേരള പ്രഭ രണ്ടു പേർക്കും കേരള ശ്രീ അഞ്ചു പേർക്കും എന്ന ക്രമത്തിലാണ് ഓരോ വർഷവും നൽകുന്നത്. 2025ലെ കേരള പുരസ്കാരങ്ങൾക്കുള്ള നാമനിർദ്ദേശം ക്ഷണിച്ചുകൊണ്ട് ഏപ്രിൽ എട്ടിന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

ചന്ദ്രിക

**Chandrika. 01.11.2025 P6**









Mathrubhumi
മാതൃഭൂമി

# ടികെഎം കോളേജിൽ ക്വാണ്ടം സയൻസ് പ്രദർശനം തുടങ്ങി

**കരിക്കോട്** ▸ ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഡയമണ്ട് ജൂബിലിയുടെ ഭാഗമായി ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന ക്വാണ്ടം സെഞ്ചുറി ശാസ്ത്ര പ്രദർശനം ടികെഎം കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ഷഹാൽ ഹസൻ മുസലിയാർ ഉദ്ഘാടനം ചെയ്തു.



▶ ടികെഎം കോളേജിൽ സംഘടിപ്പിക്കുന്ന ക്വാണ്ടം സെഞ്ചുറി ശാസ്ത്രപ്രദർശനം ട്രസ്റ്റ് പ്രസിഡൻറ് ഷഹാൽ ഹസൻ മുസലിയാർ ഉദ്ഘാടനം ചെയ്യുന്നു

ക്വാണ്ടം സയൻസിന്റെ തുടക്കംമുതൽ ഇന്നുവരെയുള്ള വളർച്ചയുടെ വിവിധ ഘട്ടങ്ങളെ വിശദീകരിക്കുന്നതാണ് അഞ്ചു ദിവസം നീണ്ടുനിൽക്കുന്ന പ്രദർശനം. സ്കൂൾ-കോളേജ് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും മുൻകൂട്ടി രജിസ്റ്റർ ചെയ്ത് പ്രദർശനം കാണാം. പ്രദർശനത്തിന്റെ ഭാഗമായി ദിവസവും വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടക്കും.

കോളേജ് പ്രിൻസിപ്പൽ എം.ജെ. ഷീബ അധ്യക്ഷത വഹിച്ചു. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ എൻ. ഷാജി, ടി.കെ. ജലാലുദീൻ മുസലിയാർ, രാജശേഖരൻനായർ, ബോബി ടി. എഡ്വിൻ, എൻ. മോഹനൻ, എക്സിബിഷൻ കൺവീനർ ചിത്രാ ഗോപിനാഥ്, മുംതാസ് യഹിയ തുടങ്ങിയവർ പ്രസംഗിച്ചു.

21/11/2025 PUNALUR Pg 03











# ടി.കെ.എം കോളജിൽ ക്വാണ്ടം ശാസ്ത്രപ്രദർശനം സമാപിച്ചു

കൊല്ലം: ക്വാണ്ടം ശാസ്ത്രത്തിന്റെ നൂറാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കൊച്ചിൻ സർവകലാശാല ഓഫ് സയൻസ് ആൻഡ് ടെക്നോളജി, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, ലൂക്കാ പോർട്ടൽ എന്നിവയുടെ സംയുക്താഭിമുഖത്തിൽ സംഘടിപ്പിച്ച അഞ്ചുദിവസത്തെ ക്വാണ്ടം സയൻസ് പ്രദർശനം സമാപിച്ചു.

ക്വാണ്ടം സയൻസിന്റെ ചരിത്രം, അടിസ്ഥാന സിദ്ധാന്തങ്ങൾ, ജീവിതത്തിലെ പ്രയോഗങ്ങൾ എന്നിവ അവതരിപ്പിച്ച പ്രദർശനത്തിൽ അഞ്ചുദിവസത്തിനിടെ ജില്ലയിലെ 100 ഓളം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നായി ഏകദേശം 6000 വിദ്യാർഥികളും 2000ത്തിലേറെ പൊതുജനങ്ങളും സന്ദർശനം നടത്തി.

സമാപനസമ്മേളനം ഐ.ആർ.ഇ.എൽ മേധാവി എൻ.എസ്. അജിത് ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ അധ്യക്ഷത വഹിച്ചു.

എക്സിബിഷൻ കോ-കൺവീനർ ഡോ. മുംതാസ് യഹിയ, ശാസ്ത്ര സാഹിത്യ പരിഷത്ത് ജില്ല പ്രസിഡന്റ് ഡോ. പദ്മകുമാർ, ജില്ല സെക്രട്ടറി മോഹനൻ, വൈസ് പ്രിൻസിപ്പൽ ഡോ.വി. ആദർശ്, കൺവീനർ ചിത്ര ഗോപിനാഥ് എന്നിവർ സംസാരിച്ചു.




ടി.കെ.എം കോളജ് ആർട്സ് കോളജിൽ ക്വാണ്ടം സയൻസ് പ്രദർശനം സമാപന സമ്മേളനം ഐ.ആർ.ഇ.എൽ മേധാവി എൻ.എസ്. അജിത് ഉദ്ഘാടനം ചെയ്യുന്നു

**Madhyamam 26.11.2025, P4**

# ക്വാണ്ടം സയൻസ് വാർഷികം: പ്രദർശനം നാളെ മുതൽ

കൊല്ലം● ക്വാണ്ടം സയൻസിന്റെ നൂറാം വാർഷിക ആഘോഷത്തോട് അനുബന്ധിച്ച് ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, കൊച്ചിൻ യുണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നിവയുടെ സഹകരണത്തോടെ വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി 21 മുതൽ 25 വരെ ശാസ്ത്ര പ്രദർശനം നടത്തും.

ഇതിന്റെ ഉദ്ഘാടനം ഇന്ന് 2.30ന് ടികെഎം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ.ഷഹാൽ ഹസൻ മുസല്യാർ നിർവഹിക്കും. ടികെഎം കോളജിന്റെ അറുപതാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി കോളജിലെ മുഴുവൻ ഡിപാർട്മെന്റുകളും സഹോദര സ്ഥാപനങ്ങളും വിജ്ഞാനപ്രദമായ പ്രദർശനങ്ങൾ വേറെയും ഒരുക്കിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡോ.എം.ജെ ഷീബ, വൈസ് പ്രിൻസിപ്പൽ ഡോ.ബോബി ടി.എഡ്വിൻ, എക്സിബിഷൻ കൺവീനർ ഡോ.ചിത്ര ഗോപിനാഥ്, കെഎസ്എസ്പി ജില്ലാ പ്രസിഡന്റ് ഡോ.എസ്.പത്മകുമാർ, ജില്ലാ സെക്രട്ടറി എം.മോഹനൻ, പരിഷത്ത് സംഘാടക സമിതി ചെയർമാൻ ഡോ.ജോർജ് ഡിക്രൂസ് എന്നിവർ അറിയിച്ചു.

**Malayala Manorama, 20.11.2025 P2**

# ശാസ്ത്രപ്രദർശനം നാളെ മുതൽ

കൊല്ലം

ക്വാണ്ടം സയൻസിന്റെ നൂറാം വാർഷികത്തോട് അനുബന്ധിച്ച് ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നിവയുടെ സഹകരണത്തോടെ 21മുതൽ 25വരെ ശാസ്ത്രപ്രദർശനം സംഘടിപ്പിക്കും. കോളേജിന്റെ ഡയമണ്ട് ജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് പ്രദർശനം. ഹൈസ്കൂൾ മുതലുള്ള വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും രജിസ്റ്റർചെയ്തു പ്രദർശനം കാണാം. വാർത്താസമ്മേളനത്തിൽ പ്രിൻസിപ്പൽ എം ജെ ഷീബ, വൈസ് പ്രിൻസിപ്പൽ ബോബി ടി എഡ്വിൻ, എക്സിബിഷൻ കൺവീനർ ചിത്ര ഗോപിനാഥ്, ഡോ. മുംതാസ് യഹിയ, കെഎസ്എസ്പി ജില്ലാ പ്രസിഡന്റ് എസ് പത്മകുമാർ, ജില്ലാ സെക്രട്ടറി എം മോഹനൻ, പരിഷത് സംഘാടക സമിതി ചെയർപേഴ്സൺ ജോർജ് ഡിക്രൂസ് എന്നിവർ പങ്കെടുത്തു.

**Deshabhimani 20.11.2025, P3**



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഡയമണ്ട് ജൂബിലിയുടെ ഭാഗമായി ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന ക്വാണ്ടം സെഞ്ചറി ശാസ്ത്ര പ്രദർശനം ടികെഎം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹൽ ഹസൻ മുസല്യാർ ഉദ്ഘാടനം ചെയ്യുന്നു.

# ‘ക്വാണ്ടം സെഞ്ചറി’ ശാസ്ത്ര പ്രദർശനം ഇന്ന് മുതൽ

കൊല്ലം● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഡയമണ്ട് ജൂബിലിയുടെ ഭാഗമായി ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന ‘ക്വാണ്ടം സെഞ്ചറി’ ശാസ്ത്ര പ്രദർശനം ഇന്ന് ആരംഭിക്കും. പ്രദർശനത്തിന്റെ ഉദ്ഘാടനം ടികെഎം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹൽ ഹസൻ മുസല്യാർ നിർവഹിച്ചു. കോളജ് പ്രിൻസിപ്പൽ ഡോ. എം.ജെ.ഷീബ അധ്യക്ഷത വഹിച്ചു. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ പ്രഫ. എൻ.ഷാജി, ടി.കെ.ജലാലുദ്ദീൻ മുസല്യാർ, രാജശേഖരൻ നായർ, പ്രഫ. ബോബി ടി.എഡ്വിൻ, എൻ.മോഹനൻ, എക്സിബിഷൻ കൺവീനർ ഡോ. ചിത്ര ഗോപിനാഥ്, ഡോ. മുംതാസ് യഹിയ എന്നിവർ പ്രസംഗിച്ചു. ക്വാണ്ടം സയൻസിന്റെ തുടക്കം മുതൽ ഇന്നു വരെയുള്ള വളർച്ചയുടെ വിവിധ ഘട്ടങ്ങളെ വിശദീകരിക്കുന്ന പ്രദർശനം 5 ദിവസം നീണ്ടുനിൽക്കും. സ്കൂൾ, കോളജ് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും മുൻകൂട്ടി റജിസ്റ്റർ ചെയ്ത് പ്രദർശനം കാണാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രദർശനത്തോടനുബന്ധിച്ച് എല്ലാ ദിവസവും വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ ഉണ്ടായിരിക്കും. ദിവസവും രാവിലെ 9 മുതൽ 7 വരെയാണ് പ്രദർശനം.

**Malayala Manorama, 21.11.2025 P12**

Mathrubhumi മാതൃഭൂമി

# ബയോകെമിസ്ട്രി ഗവേഷണകേന്ദ്രം ടികെഎം കോളേജിൽ

കൊല്ലം ▸ ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ ബയോകെമിസ്ട്രി ഗവേഷണകേന്ദ്രം സജ്ജമായി. കേരള സർവകലാശാലയുടെ കീഴിൽ എയ്ഡഡ് കോളേജുകളിൽ ആദ്യമായാണ് ഇത്തരം കേന്ദ്രം അനുവദിക്കുന്നത്.

ഇതോടെ ബിഎസ്സി, എംഎസ്സി കോഴ്സുകൾക്കു പുറമേ ബയോകെമിസ്ട്രിയിൽ പിഎച്ച്ഡി ചെയ്യുന്നതിനും ഡിപ്പാർട്ട്മെന്റിൽ സൗകര്യമൊരുങ്ങും.

അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. പി.എൻ. അൻസിൽ, ഡോ. എച്ച്.എസ്. ഹരിശങ്കർ എന്നിവർക്ക് കേരള സർവകലാശാലയുടെ റിസർച്ച് ഗൈഡ്ഷിപ്പ് ലഭിച്ചിട്ടുണ്ട്.

ഫൈറ്റോകെമിസ്ട്രി, ആന്റിമൈക്രോബിയൽ-ആന്റിഓക്സിഡന്റ് പഠനങ്ങൾ, എൻസൈമോളജി, നാനോസയൻസ്, മോളിക്യുലാർ ബയോളജി, ടിഷ്യു എൻജിനിയറിങ് എന്നിവയാണ് പ്രധാന ഗവേഷണമേഖലകളെന്ന് പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ, ബയോകെമിസ്ട്രി വിഭാഗം മേധാവി ഡോ. ബി. ലത എന്നിവർ പറഞ്ഞു.

ഗവേഷണകേന്ദ്രത്തിന്റെ ഉദ്ഘാടനം കഴിഞ്ഞദിവസം നൂറുൽ ഇസ്ലാം ഡെന്റൽ കോളേജ് ബയോകെമിസ്ട്രി വിഭാഗം മുൻ മേധാവി ഡോ. കവിത രാജ് നിർവഹിച്ചു.

04/12/2025 KOLLAM Pg 02

# ടികെഎം കോളേജിലെ ശാസ്ത്രപ്രദർശനം സമാപിച്ചു

കൊല്ലം ▸ ക്വാണ്ടം ശാസ്ത്രത്തിന്റെ നൂറാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കൊച്ചിൻ സർവകലാശാലാ ഓഫ് സയൻസ് ആൻഡ് ടെക്നോളജി, കേരള ശാസ്ത്രസാഹിത്യപരിഷത്ത്, ലൂക്കാ പോർട്ടൽ എന്നിവ ചേർന്ന് സംഘടിപ്പിച്ച ക്വാണ്ടം സയൻസ് പ്രദർശനം സമാപിച്ചു.ജില്ലയിലെ നൂറോളം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നായി ആറായിരം വിദ്യാർഥികളടക്കം പ്രദർശനം കാണാനെത്തി.

സമാപനസമ്മേളനം ഐആർഇഎൽ മേധാവി എൻ.എസ്. അജിത് ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ അധ്യക്ഷത വഹിച്ചു. എക്സിബിഷൻ കോ-കൺവീനർ ഡോ. മുംതാസ് യഹിയ, ശാസ്ത്രസാഹിത്യപരിഷത്ത് ജില്ലാ പ്രസിഡന്റ് ഡോ. പദ്മകുമാർ, ജില്ലാ സെക്രട്ടറി മോഹനൻ, വൈസ് പ്രിൻസിപ്പൽ ഡോ. വി. ആദർശ്, കൺവീനർ ചിത്ര ഗോപിനാഥ് എന്നിവർ പ്രസംഗിച്ചു.

**Mathrubhumi, 26.11.2025 P2**

മലയാള മനോരമ




ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ നടന്ന ക്വാണ്ടം സയൻസ് പ്രദർശന സമാപന സമ്മേളനം ഐആർഇഎൽ മേധാവി എൻ.എസ്.അജിത് ഉദ്ഘാടനം ചെയ്യുന്നു.

# ക്വാണ്ടം സയൻസ് പ്രദർശനം സമാപിച്ചു

കൊല്ലം ● ക്വാണ്ടം സയൻസിന്റെ 100ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കൊച്ചിൻ സർവകലാശാല ഓഫ് സയൻസ് ആൻഡ് ടെക്നോളജി, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, ലൂക്ക പോർട്ടൽ എന്നിവ നടത്തിയ ക്വാണ്ടം സയൻസ് പ്രദർശനം സമാപിച്ചു. സമാപന സമ്മേളനം ഐആർഇഎൽ മേധാവി എൻ.എസ്.അജിത് ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഡോ.എം.ജെ.ഷീബ അധ്യക്ഷത വഹിച്ചു. എക്സിബിഷൻ കോ-കൺവീനർ ഡോ.മുംതാസ് യഹിയ, ശാസ്ത്ര സാഹിത്യ പരിഷത്ത് ജില്ലാ പ്രസിഡന്റ് ഡോ.പത്മകുമാർ, ജില്ലാ സെക്രട്ടറി മോഹനൻ, കേരള യൂണിവേഴ്സിറ്റി സെനറ്റ് അംഗം ഫിറോസ് ഖാൻ, വൈസ് പ്രിൻസിപ്പൽ ഡോ.വി.കെ.ആദർശ്, പ്രോഗ്രാം കൺവീനർ ചിത്ര ഗോപിനാഥ് എന്നിവർ പ്രസംഗിച്ചു.

**Malayala Manorama, 26.11.2025 P4**

# വിവിധ മേഖലകളിൽ മാറ്റം കൊണ്ടുവന്നത് ഐ.എസ്.ആർ.ഒ - ഡോ. വി. നാരായണൻ

കൊല്ലം: എല്ലാ മേഖലയിലും മാറ്റം കൊണ്ടുവരാൻ ഐ.എസ്.ആർ.ഒക്ക് വിവിധ സാങ്കേതിക വിദ്യകളിലൂടെ കഴിഞ്ഞുവെന്ന് ചെയർമാൻ ഡോ. വി. നാരായണൻ. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളിക്ക് എവിടെ വലവീശിയാൽ മീൻ കിട്ടും എന്നത് ഉൾപ്പെടെ വിവരങ്ങൾ വിരൽത്തുമ്പിൽ ലഭിക്കുന്നത് ഉപഗ്രഹ സാങ്കേതിക വിദ്യയുടെ മികവാണ്. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലും ഈ മികവ് ദൃശ്യമാണ്. ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജിന്റെ വജ്ര ജൂബിലി ആഘോഷവും മെറിറ്റ് ഡേയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



ടി.കെ.എം ആർട്സ് കോളജ് വജ്ര ജൂബിലി ആഘോഷ സമാപന സമ്മേളനം ഐ.എസ്.ആർ.ഒ ചെയർമാൻ ഡോ.വി. നാരായണൻ ഉദ്ഘാടനം ചെയ്യുന്നു

ഉപഗ്രഹ വിക്ഷേപണത്തിനുള്ള സാങ്കേതിക സഹായത്തിനായി ഒരുകാലത്ത് ഇന്ത്യ പല വിദേശ രാജ്യങ്ങളെയും സമീപിച്ചു. ആവശ്യം എല്ലാ വികസിത രാജ്യങ്ങളും നിരാകരിച്ചത് കൊണ്ട് സ്വന്തം നിലയിൽ അത്യാധുനിക സാങ്കേതിക വിദ്യ വികസിപ്പിക്കാൻ ഇന്ത്യൻ ശാസ്ത്രജ്ഞർക്ക് കഴിഞ്ഞു. അതുകൊണ്ടാണ് അമേരിക്കൻ ഉപഗ്രഹം ഇന്ത്യ വിക്ഷേപിക്കുന്നത്. ഉത്തരവാദിത്ത ബോധമുള്ള പൗരന്മാരെ വാർത്ത് എടുക്കുകയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. കന്യാകുമാരി ജില്ലയിലെ തീരദേശത്തെ ഒരു ഗ്രാമത്തിലെ സ്കൂളിലാണ് താൻ പഠിച്ചത്. മൂന്നു ക്ലാസുകൾ ഒരു കെട്ടിടത്തിലും രണ്ടു ക്ലാസുകൾ അവിടെയുള്ള പുളി മരത്തിൽ കീഴിലുമായിരുന്നു. അത്തരമൊരു സ്കൂളിൽ നിന്ന് ഈ പദവിയിലേക്ക് എത്തുന്നതിൽ അധ്യാപകരുടെ സഹായം മറക്കാനാവില്ലെന്നും അദ്ദേഹം പറഞ്ഞു. ബയോടെക്നോളജി ഡിപ്പാർട്മെന്റിലെ റിസർച് സെന്റർ ഡോ. കവിതാ രാജ് ഉദ്ഘാടനം ചെയ്തു.

ടി.കെ.എം കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ. ടി.കെ. ഷഹൽ ഹസൻ മുസല്യാർ അധ്യക്ഷനായിരുന്നു. എം.എൽ.എമാരായ പി.സി. വിഷ്ണുനാഥ്, എം. നൗഷാദ്, ടി.കെ.എം ട്രസ്റ്റ് അംഗങ്ങളായ ടി.കെ. ജലാലുദ്ദീൻ മുസല്യാർ, ടി.കെ. ജമാലുദ്ദീൻ മുസല്യാർ, ഡോ. മുഹമ്മദ് ഹാരൂൺ, ട്രസ്റ്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എസ്. അയൂബ്, പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ, വൈസ് പ്രിൻസിപ്പൽ ഡോ. ബോബി ടി. എഡ്വിൻ, പ്രഫ. ഡോ. ബി. ലത തുടങ്ങിയവർ പ്രസംഗിച്ചു.

**Madhyamam 02.12.2025, P2**

# രാഷ്ട്ര പുനർനിർമാണത്തിന് ടികെഎമ്മിന്റെ സംഭാവനകൾ മഹത്തരം: ഡോ. വി നാരായണൻ

കൊല്ലം

രാഷ്ട്ര പുനർനിർമാണത്തിന് തങ്ങൾകുഞ്ഞ് മുസ്‌ലിയാരും അദ്ദേഹത്തിന്റെ സ്ഥാപനങ്ങളും നൽകിയ സംഭാവനകൾ മഹത്തരമാണെന്ന് ഐഎസ്ആർഒ ചെയർമാൻ ഡോ. വി നാരായണൻ. ഇന്ത്യൻ ബഹിരാകാശ ഗവേഷണരംഗത്ത് പ്രവർത്തിക്കുന്ന പല പ്രതിഭാശാലികളായ ശാസ്ത്രജ്ഞരെയും സംഭാവന ചെയ്തത് ടി കെ എം സ്ഥാപനങ്ങളാണ്. ടി കെ എം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വജ്ര ജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനം ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം.



ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വജ്ര ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ഐഎസ്ആർഒ ചെയർമാൻ ഡോ. വി നാരായണൻ ഉദ്ഘാടനംചെയ്യുന്നു

കേരള സർവകലാശാലയിലെ എയ്ഡഡ് കോളേജുകളിലെ ആദ്യ ബയോകെമിസ്ട്രി ഗവേഷണകേന്ദ്രം ഡോ. കവിത രാജ് ഉദ്ഘാടനംചെയ്തു. ടികെഎം കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹാൽ ഹസ്സൻ മുസ്‌ലിയാർ അധ്യക്ഷനായി. ബയോകെമിസ്ട്രി വിഭാഗം മേധാവി ഡോ. വി ലത റിപ്പോർട്ട് അവതരിപ്പിച്ചു. യൂണിവേഴ്സിറ്റി റാങ്ക് ജേതാക്കൾക്കുള്ള മെറിറ്റ് അവാർഡുകൾ ടി കെ ജലാലുദ്ദീൻ മുസ്‌ലിയാർ വിതരണംചെയ്തു. മികച്ച ഗവേഷകർക്കുള്ള അവാർഡുകൾ സാദിഖ് എസ് താഹയും കായികതാരങ്ങൾക്കുള്ള അവാർഡ് ടി കെ ജമാലുദീൻ മുസ്‌ലിയാരും വിതരണംചെയ്തു. എംഎൽഎമാരായ എം നൗഷാദ്, പി സി വിഷ്ണുനാഥ്, ട്രസ്റ്റ് അംഗം ഡോ. എം ഹാറൂൺ, എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എസ് അയ്യൂബ്, പ്രിൻസിപ്പൽ പ്രൊഫ. എം ജെ ഷീബ, വൈസ് പ്രിൻസിപ്പൽ പ്രൊഫ ബോബി ടി എഡ്വിൻ എന്നിവർ സംസാരിച്ചു.

**Deshabhimani 02.12.2025, P2**



**Malayala Manorama, 02.12.2025 P3**

ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജിന്റെ വജ്ര ജൂബിലി ആഘോഷവും മെറിറ്റ് ഡേയും ഐഎസ്ആർഒ ചെയർമാൻ ഡോ. വി. നാരായണൻ ഉദ്ഘാടനം ചെയ്യുന്നു. പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ, പി.സി. വിഷ്ണുനാഥ് എംഎൽഎ, ടികെഎം കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ. ടി.കെ. ഷഹൽ ഹസൻ മുസല്യാർ, ഡോ. കവിതാ രാജ്, ടി.കെ. ജലാലുദ്ദീൻ മുസല്യാർ, ടി.കെ. ജമാലുദ്ദീൻ മുസല്യാർ, സാദിഖ് എസ് താഹ എന്നിവർ സമീപം. *ചിത്രം: മനോരമ*

# ആഭ്യന്തര സാങ്കേതികവിദ്യയിലൂടെ റോക്കറ്റ് സയൻസിൽ ഇന്ത്യയ്ക്ക് മുന്നേറ്റം: ഐഎസ്ആർഒ ചെയർമാൻ

കൊല്ലം● ആഭ്യന്തരമായി വികസിപ്പിച്ച സാങ്കേതികവിദ്യയിലൂടെ കഴിഞ്ഞ 30 വർഷമായി റോക്കറ്റ് സയൻസിൽ ഇന്ത്യ ഏറെ മുന്നേറിയെന്ന് ഐഎസ്ആർഒ ചെയർമാൻ ഡോ. വി. നാരായണൻ. യുഎസ് വാർത്താവിനിമയ ഉപഗ്രഹം ഈ മാസം വിക്ഷേപിക്കുന്നത് അവരുമായുള്ള സഹകരണ പദ്ധതി അല്ലെന്നും പകരം ഇന്ത്യയുടെ കുറഞ്ഞ ചെലവിലുള്ള സാങ്കേതിക മികവിനുള്ള അംഗീകാരമാണെന്നും അദ്ദേഹം പറഞ്ഞു. ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജിന്റെ വജ്ര ജൂബിലി ആഘോഷവും മെറിറ്റ് ഡേയും ഉദ്ഘാടനം ചെയ്യുകയായിരുന്നു ഐഎസ്ആർഒ ചെയർമാൻ.

എല്ലാ മേഖലയിലും മാറ്റം കൊണ്ടുവരാൻ ഐഎസ്ആർഒയുടെ വിവിധ സാങ്കേതിക വിദ്യകളിലൂടെ കഴിഞ്ഞു. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളിക്ക് എവിടെ വലവീശിയാൽ മീൻ കിട്ടും എന്നത് ഉൾപ്പെടെയുള്ള വിവരങ്ങൾ വിരൽത്തുമ്പിൽ ലഭിക്കുന്നത് ഉപഗ്രഹ സാങ്കേതിക വിദ്യയുടെ മികവാണ്. കാലാവസ്ഥ വിവരങ്ങൾ ഉൾപ്പെടെയുള്ളവയും ലഭിക്കുന്നു. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലും ഈ മികവ് ദൃശ്യമാണ്. പ്രീപ്രൈമറി ക്ലാസ് മുതൽ റിസർച് ഗൈഡ് വരെയുള്ള അധ്യാപകരുടെ മുഖത്ത് ദൈവത്തെയാണ് വിദ്യാർഥികൾ ദർശിക്കുന്നത്. കേവലം അക്കാദമിക മികവ് മാത്രമല്ല, അവിടെ പഠിക്കുന്ന വിദ്യാർഥികളുടെ വ്യക്തിത്വ വികാസത്തിലും അധ്യാപകർ ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു. ബയോടെക്നോളജി ഡിപ്പാർട്മെന്റിലെ റിസർച് സെന്റർ ഡോ. കവിതാ രാജ് ഉദ്ഘാടനം ചെയ്തു. ടികെഎം കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ. ടി.കെ. ഷഹൽ ഹസൻ മുസല്യാർ അധ്യക്ഷനായിരുന്നു. എംഎൽഎമാരായ പി.സി. വിഷ്ണുനാഥ്, എം. നൗഷാദ്, ടികെഎം കോളജ് ട്രസ്റ്റ് അംഗങ്ങളായ ടി.കെ. ജലാലുദ്ദീൻ മുസല്യാർ, ടി.കെ. ജമാലുദ്ദീൻ മുസല്യാർ, ഡോ. മുഹമ്മദ് ഹാരൂൺ, ട്രസ്റ്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എസ്. അയൂബ്, പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ, വൈസ് പ്രിൻസിപ്പൽ ഡോ. ബോബി ടി. എഡ്വിൻ, പ്രഫ. ഡോ. ബി. ലത തുടങ്ങിയവർ പ്രസംഗിച്ചു.



*കേരളശ്രീ പുരസ്കാരം നേടിയ കൊല്ലം ടി.കെ.എം എഡ്യൂക്കേഷൻ ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസലിയാരെ പൂർവവിദ്യാർത്ഥി സംഘടനയുടെ നേതൃത്വത്തിൽ ആദരിക്കുന്നു*

# ഷഹാൽ ഹസൻ മുസലിയാരെ ആദരിച്ചു

തിരുവനന്തപുരം: 2025ലെ കേരളശ്രീ പുരസ്കാരം നേടിയ കൊല്ലം ടി.കെ.എം എഡ്യൂക്കേഷൻ ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസലിയാരെ ടി.കെ.എം എൻജിനിയറിംഗ് കോളേജിലെ 1980-85 ബാച്ച് പൂർവവിദ്യാർത്ഥികളുടെ കൂട്ടായ്മയായ 'വോയിസ് ഒഫ് ടി.കെ.എം 85', ആദരിച്ചു. ഐ.എസ്.ആർ.ഒയുടെ മുൻ ചെയർമാൻ ഡോ. എസ്. സോമനാഥിന്റെ ബാച്ചിലെ വിദ്യാർത്ഥികളുടെ കൂട്ടായ്മയാണ് "വോയ്സ് ഒഫ് ടി.കെ.എം 85".

ടി.കെ.എം ട്രസ്റ്റ് ഓഫീസ് ഹാളിൽ നടന്ന ചടങ്ങിൽ കൂട്ടായ്മയിലെ അംഗങ്ങളായ നസറുദീൻ, സജീവ്, സതീഷ് ഉണ്ണിക്കൃഷ്ണൻ, ആർ. രാധാകൃഷ്ണൻ, പ്രസന്നകുമാർ, അബ്ദുൾ റഷീദ്, ജോസ് പ്രകാശ്, ജി. സുരേഷ് ബാബു, സലിം, ടി.എസ്. അനിൽകുമാർ എന്നിവർ പങ്കെടുത്തു.

**Kerala Kaumudi 02.12.2025 P2**

# മിനി പൂൾ ഉദ്ഘാടനം

കൊല്ലം ● കുട്ടികൾക്കു നീന്തൽ പരിശീലനം നൽകുന്നതിനായി ടികെഎം ഇന്റർനാഷനൽ അക്വാറ്റിക് സെന്ററിൽ സജ്ജീകരിച്ച മിനി പൂൾ ടികെഎം കോളജ് ട്രസ്റ്റ് ട്രഷറർ ടി.കെ. ജലാലുദ്ദീൻ മുസല്യാർ ഉദ്ഘാടനം ചെയ്തു.

ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ അധ്യക്ഷത വഹിച്ചു. 2 വയസ്സിനു മുകളിലുള്ള കുട്ടികൾക്കു നീന്തൽ പരിശീലനം നൽകുന്നതിനു പ്രത്യേക പരിശീലനം നേടിയ കോച്ചുകളുടെ സേവനം ലഭ്യമാണ്. നീന്തൽ താരങ്ങൾക്കും മുതിർന്നവർക്കും പരിശീലനത്തിനായി

**Manorama, 25.12.2025 Pii**

# റോക്കറ്റ് സയൻസിൽ ഇന്ത്യക്ക് വലിയ മുന്നേറ്റം-ഡോ. വി. നാരായണൻ



ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വജ്രജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനം ഐഎസ്ആർഒ ചെയർമാൻ ഡോ. വി. നാരായണൻ ഉദ്ഘാടനം ചെയ്യുന്നു

**കൊല്ലം** ▸വിവിധ സാങ്കേതികവിദ്യകളിലൂടെ എല്ലാ മേഖലയിലും മാറ്റം കൊണ്ടുവരാൻ ഐഎസ്ആർഒയ്ക്ക് കഴിഞ്ഞെന്ന് ചെയർമാൻ ഡോ. വി. നാരായണൻ. ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വജ്രജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ 30 വർഷമായി ആഭ്യന്തരമായി വികസിപ്പിച്ച സാങ്കേതികവിദ്യയിലൂടെ റോക്കറ്റ് സയൻസിൽ ഇന്ത്യ ഏറെ മുന്നേറി. യുഎസ് വാർത്താവിനിമയ ഉപഗ്രഹം ഈ മാസം വിക്ഷേപിക്കുന്നത് അവരുമായുള്ള സഹകരണപദ്ധതി അല്ലെന്നും പകരം ഇന്ത്യയുടെ കുറഞ്ഞ ചെലവിലുള്ള സാങ്കേതികമികവിനുള്ള അംഗീകാരമാണെന്നും ഐഎസ്ആർഒ ചെയർമാൻ അഭിപ്രായപ്പെട്ടു.

ഉപഗ്രഹവിക്ഷേപണത്തിനുള്ള സാങ്കേതികസഹായത്തിനായി ഒരു കാലത്ത് ഇന്ത്യ പല വിദേശരാജ്യങ്ങളെയും സമീപിച്ചു. ഈ ആവശ്യം എല്ലാ വികസിതരാജ്യങ്ങളും നിരാകരിച്ചതുകൊണ്ട് സ്വന്തം നിലയിൽ അത്യാധുനിക സാങ്കേതികവിദ്യ വികസിപ്പിക്കാൻ ഇന്ത്യൻ ശാസ്ത്രജ്ഞർക്ക് കഴിഞ്ഞതാണ് ഏറ്റവും വലിയ നേട്ടം. അതുകൊണ്ടാണ് അമേരിക്കൻ ഉപഗ്രഹം ഇന്ത്യ വിക്ഷേപിക്കുന്നത്.

കടലിൽ പോകുന്ന മത്സ്യത്തൊഴിലാളിക്ക് എവിടെ വലവീശിയാൽ മീൻ കിട്ടുമെന്നത് ഉൾപ്പെടെയുള്ള വിവരങ്ങൾ വിരൽത്തുമ്പിൽ ലഭിക്കുന്നത് ഉപഗ്രഹ സാങ്കേതികവിദ്യയുടെ മികവാണ്. കാലാവസ്ഥാ വിവരങ്ങൾ ഉൾപ്പെടെയുള്ളവയും ലഭിക്കുന്നു. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലും ഈ മികവ് ദൃശ്യമാണ്.

ബയോടെക്നോളജി ഡിപ്പാർട്ട്മെന്റിലെ റിസർച്ച് സെന്റർ ഡോ. കവിതാരാജ് ഉദ്ഘാടനം ചെയ്തു. ടികെഎം കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ. ടി.കെ. ഷഹാൽ ഹസൻ മുസലിയാർ അധ്യക്ഷനായി. എംഎൽഎമാരായ പി.സി. വിഷ്ണുനാഥ്, എം. നൗഷാദ്, ട്രസ്റ്റ് അംഗങ്ങളായ ടി.കെ. ജലാലുദ്ദീൻ മുസലിയാർ, ടി.കെ. ജമാലുദ്ദീൻ മുസലിയാർ, ഡോ. മുഹമ്മദ് ഹാറൂൺ, ട്രസ്റ്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എസ്. അയൂബ്, പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ, വൈസ് പ്രിൻസിപ്പൽ ഡോ. ബോബി ടി. എഡ്വിൻ, പ്രൊഫ. ഡോ. വി. ലത തുടങ്ങിയവർ പ്രസംഗിച്ചു.

## പുളിമരച്ചുവട്ടിലെ പഠനം പങ്കുവെച്ച് ഐഎസ്ആർഒ ചെയർമാൻ

▸ടികെഎം ആർട്സ് കോളേജ് വജ്രജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളന പ്രസംഗത്തിൽ തന്റെ സ്കൂൾ പഠനകാലം പങ്കുവെച്ച് ഐഎസ്ആർഒ ചെയർമാൻ ഡോ. വി. നാരായണൻ. കന്യാകുമാരി ജില്ലയിലെ ഒരു തീരദേശഗ്രാമത്തിലുള്ള സ്കൂളിലാണ് താൻ പഠിച്ചത്. മൂന്നു ക്ലാസുകൾ ഒരു കെട്ടിടത്തിലും രണ്ടു ക്ലാസുകൾ അവിടെയുള്ള പുളിമരത്തിൽ കീഴിലുമായിരുന്നു. അവിടെയായിരുന്നു ഞങ്ങളുടെ പഠനം. അത്തരമൊരു സ്കൂളിൽനിന്ന് ഐഎസ്ആർഒ ചെയർമാൻ പദവിയിലേക്ക് എത്തുന്നതിൽ അധ്യാപകരുടെ സഹായം മറക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു.

ഉത്തരവാദിത്വബോധമുള്ള പൗരന്മാരെ വാർത്തെടുക്കുകയാണ് വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. ഇന്ത്യൻ ബഹിരാകാശ ഗവേഷണരംഗത്ത് പ്രവർത്തിക്കുന്ന പ്രതിഭാശാലികളായ പല ശാസ്ത്രജ്ഞരെയും സംഭാവനചെയ്തത് ടികെഎം സ്ഥാപനങ്ങളാണ്. എൻജിനിയറിങ് വിദ്യാർഥികൾക്കുമാത്രമല്ല രസതന്ത്രം, ഭൗതികശാസ്ത്രം, ബയോകെമിസ്ട്രി തുടങ്ങിയ വിഷയങ്ങൾ പഠിച്ചിറങ്ങിയ വിദ്യാർഥികൾക്കും ഐഎസ്ആർഒയുടെ ഗവേഷണ പ്രോജക്ടുകളുടെ ഭാഗമാകാൻ സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

**Mathrubhumi, 02.12.2025 P4**



## ടി കെ എം അക്വാട്ടിക് സെൻററിൽ മിനി പൂൾ

കൊല്ലം: ടി കെ എം ഇൻറർനാഷണൽ അക്വാട്ടിക് സെൻററിൽ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി സജ്ജീകരിച്ച മിനി പൂൾ, ടി കെ എം കോളജ് ട്രസ്റ്റ് ട്രഷറർ ടി. കെ. ജലാലുദ്ദീൻ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. രണ്ടു വയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിൽ പ്രത്യേക പരിശീലനം നേടിയ കോച്ചുകളുടെ സേവനം ലഭ്യമാണ്.

നീന്തൽ താരങ്ങൾക്കും മുതിർന്നവർക്കും പരിശീലനത്തിന് വേണ്ടി തയ്യാറാക്കിയ 50 മീറ്റർ നീളമുള്ള ഒളിമ്പിക് സിമ്മിംഗ് പൂൾ നേരത്തെ സംസ്ഥാന കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്തിരുന്നു.

ടി കെ എം കോളേജ് ഓഫ് ആർട്ട്സ് ആൻഡ് സയൻസ് പ്രിൻസിപ്പൽ ഡോ എം ജെ ഷീബ അധ്യക്ഷത വഹിച്ചു.

വൈസ് പ്രിൻസിപ്പൽ ഡോ വി കെ ആദർശ്, ഡോ സാദിഖ് എ. ഡോ മുഹമ്മദ് മുസ്തഫ, അൻവർ മുഹമ്മദ്, മുഹമ്മദ് ഷഫീഖ്, അക്വാട്ടിക് സെൻറർ മാനേജർ ഡോൾഫിൻ രതീഷ് പങ്കെടുത്തു.

ചന്ദ്രിക

**Chandrika. 25.12.2025 P2**

**Chandrika. 29.12.2025 P2**




ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ പൂർവ്വ വിദ്യാർത്ഥി സംഗമം പി.സി വിഷ്ണുനാഥ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# സൗഹൃദം പുതുക്കി പൂർവ്വ വിദ്യാർത്ഥി സംഗമം

കൊല്ലം : ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയായ ' ഇന്നലെകൾ-5.O 2K25 ' വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. ശനിയാഴ്ച കോളജ് ഓഡിറ്റോറിയത്തിൽ നടന്ന സംഗമത്തിൽ പൂർവ്വ വിദ്യാർത്ഥികളുടെ കുടുംബസംഗമം, സംഘടനയുടെ പത്താം വാർഷികം, ക്രിസ്മസ്-ന്യൂ ഇയർ ആഘോഷങ്ങൾ എന്നിവ നടന്നു. പി.സി. വിഷ്ണുനാഥ് എം.എൽ.എ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. എം.ജെ. ഷീബ അധ്യക്ഷയായി. ടി.കെ.എം കോളേജ് ട്രസ്റ്റ് ചെയർമാൻ ഡോ. ജനാബ് ഷഹാൽ ഹസ്സൻ മുസ്ലിയാർ ജനപ്രതിനിധികളെ ആദരിച്ചു.

യൂണിവേഴ്സിറ്റി റാങ്ക് ജേതാക്കൾക്കുള്ള സ്കോളർഷിപ്പും മെറിറ്റ് അവാർഡും നൗഷാദ് എം.എൽ.എ വിതരണം ചെയ്തു. മികച്ച കായിക താരങ്ങൾക്കുള്ള പുരസ്കാരങ്ങൾ പ്രശസ്ത സിനിമ-സീരിയൽ താരം രഞ്ജിത്ത് ലളിതം നൽകി. അമീൻ എം.എം കണ്ണനല്ലൂർ സ്വാഗതവും സോണി എസ് നന്ദിയും പറഞ്ഞു. കൗൺസിലർ മുസ്തഫ സലാം, ടി.കെ.എം അലുമിനി സെക്രട്ടറി പ്രേംഷാജ് വി.എം, ട്രഷറർ പ്രൊഫ. ഫിറോസ്ഖാൻ എ, ഭാരവാഹികളായ അൻസർ റഹിം, സവാദ് ബാഗ്ളൂർ, ജിന്ന, ഉണ്ണി.ഡി, അഡ്വ. കബീർഷാ, നാദിർഷ, ബിജിത ടോജോ, അഡ്വ. കാർത്തി, സജു, റിയാസ് യു.കെ, ഷിബിലി, ഷംനാദ്, ഷാൻ, വിനയൻ, ബിൻഷാദ്, സറീന എന്നിവർ സംസാരിച്ചു. പൂർവ്വ വിദ്യാർത്ഥികളുടെ കലാവിരുന്നും സംഗമത്തിന് മാറ്റ് കൂട്ടി.



ടി.കെ.എം ഇന്റർനാഷണൽ അക്വാട്ടിക് സെൻററിൽ സജ്ജീകരിച്ച മിനി പൂൾ കോളജ് ട്രസ്റ്റ് ട്രഷറർ ടി.കെ. ജലാലുദ്ദീൻ മുസലിയാർ ഉദ്ഘാടനം ചെയ്യുന്നു

# മിനി പൂൾ ഉദ്ഘാടനം ചെയ്തു

കൊല്ലം: ടി.കെ.എം ഇന്റർനാഷണൽ അക്വാട്ടിക് സെൻററിൽ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകാനായി സജ്ജീകരിച്ച മിനി പൂൾ കോളജ് ട്രസ്റ്റ് ട്രഷറർ ടി.കെ. ജലാലുദ്ദീൻ മുസലിയാർ ഉദ്ഘാടനം ചെയ്തു. രണ്ടു വയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിൽ പ്രത്യേക പരിശീലനം നേടിയ കോച്ചുകളുടെ സേവനം ലഭ്യമാണ്. കോളജ് പ്രിൻസിപ്പൽ ഡോ. എം. ജെ ഷീബ അധ്യക്ഷത വഹിച്ചു. വൈസ് പ്രിൻസിപ്പൽ ഡോ. വി.കെ. ആദർശ്, ഡോ. എ. സാദിഖ്, ഡോ. മുഹമ്മദ് മുസ്തഫ, അൻവർ മുഹമ്മദ്, മുഹമ്മദ് ഷഫീഖ്, അക്വാട്ടിക് സെൻറർ മാനേജർ ഡോൾഫിൻ രതീഷ് തുടങ്ങിയവർ സംബന്ധിച്ചു.

**Madhyamam 25.12.2025, P4**

ദേശാഭിമാനി E-PAPER

29/12/2025 Kollam

കുഞ്ഞുകുട്ടിക്കാണ ആദ്യം കടിയേറ്റത്. പിന്നീട് വീടിനുമുന്നിൽ നിൽക്കുകയായിരുന്ന ദമ്പതികളായ സുനിൽ മന്ദിരത്തിൽ സുരേന്ദ്രനും പുഷ്പയ്ക്കും ജോലിസ്ഥ ഓടിപ്പോയി. ഇവരെ കൊട്ടാരക്കര താലൂക്കാശുപത്രി, പാരപ്പള്ളി മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ പ്രവേശിപ്പിച്ചു.

# പൂർവവിദ്യാർഥി സംഗമം

**കൊല്ലം**

ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ പൂർവവിദ്യാർഥി കൂട്ടായ്മ ' ഇന്നലെകൾ 5.02കെ25' സംഗമം സംഘടിപ്പിച്ചു. പി സി വിഷ്ണുനാഥ് എംഎൽഎ ഉദ്ഘാടനംചെയ്തു. പ്രിൻസിപ്പൽ എം ജെ ഷീബ അധ്യക്ഷയായി. യൂണിവേഴ്സിറ്റി റാങ്ക് ജേതാക്കൾക്കുള്ള അവാർഡും സ്കോളർഷിപ്പും എം നൗഷാദ് എംഎൽഎയും മികച്ച കായിക താരങ്ങൾക്കുള്ള അവാർഡും സ്കോളർഷിപ്പും ടിവി, സിനിമ ആർടിസ്റ്റ് രഞ്ജിത് ലളിതവും വിതരണംചെയ്തു. ടികെഎം കോളേജ് ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസലിയാർ എംഎൽഎമാരെ ആദരിച്ചു. ഇന്നലെകളുടെ ചെയർമാൻ അമീൻ എം എം കണ്ണനല്ലൂർ, കൗൺസിലർ മുസ്തഫാ സലാം, ടികെഎം അലൂമിനി സെക്രട്ടറി വി എം പ്രേംഷാജ്, അലൂമിനി ട്രഷറർ എ ഫിറോസ്ഖാൻ, ഇന്നലെകളുടെ ഭാരവാഹികളായ അൻസർ റഹിം, സവാദ് ബംഗളൂരു, ജിന്ന, ഡി ഉണ്ണി, അഡ്വ. കബീർഷാ, നാദിർഷ, ബിജിത ടോജോ, അഡ്വ. കാർത്തി, സജു, യു കെ റിയാസ്, ഷിബിലി, ഷംനാദ്, ഷാൻ, വിനയൻ, ബിൻഷാദ്, സറീന, ജനറൽ കൺവീനർ എസ് സോണി എന്നിവർ സംസാരിച്ചു.

# സൗഹൃദം പുതുക്കി 'ഇന്നലെകളുടെ' കുടുംബസംഗമം

കൊല്ലം: ടി.കെ.എം കോളജ് ഓഫ് ആർട്സ് ആന്റ് സയൻസിലെ പൂർവ വിദ്യാർഥി കൂട്ടായ്മ 'ഇന്നലെകൾ-5.0 2K25' സംഘടിപ്പിച്ചു. പൂർവ കുടുംബസംഗമവും കോളജിലെ വിദ്യാർഥികൾക്കുള്ള മെറിറ്റ് സ്കോളർഷിപ് വിതരണവും യൂനിവേഴ്സിറ്റി റാങ്ക് ജേതാക്കൾക്കുള്ള ആദരവും മികച്ച കായിക താരങ്ങൾക്കുള്ള സ്കോളർഷിപ് വിതരണവും ക്രിസ്മസ്-ന്യൂ ഇയർ ആഘോഷവും പൂർവ വിദ്യാർഥികളുടെ കലാവിരുന്നും നടന്നു.

പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബയുടെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം പി.സി. വിഷ്ണുനാഥ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ടി.കെ.എം കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസ്സൻ മുസ്ലിയാരെ ആദരിച്ചു. വിവിധ അവാർഡ് വിതരണവും സ്കോളർഷിപ് വിതരണവും എം. നൗഷാദ് എം.എൽ.എയും സിനിമ താരം രഞ്ജിത്ത് ലളിതവും നിർവഹിച്ചു.

കൗൺസിലർ മുസ്തഫ സലാം, ടി.കെ.എം അലുമ്നി സെക്രട്ടറി വി.എം. പ്രേംഷാജ്, ട്രഷറർ പ്രഫ. എ. ഫിറോസ്ഖാൻ, ഭാരവാഹികളായ അൻസർ റഹീം, സവാദ് ബംഗളൂരു, ജിന്ന, ഉണ്ണി, അഡ്വ. കബീർഷാ, നാദിർഷ, ബിജിത ടോജോ, അഡ്വ.കാർത്തി, സജു, യു.കെ. റിയാസ്, ഷിബിലി, ഷംനാദ്, ഷാൻ, വിനയൻ, ബിൻഷാദ്, സറീന തുടങ്ങിയവർ സംസാരിച്ചു. 'ഇന്നലെകളു'ടെ ചെയർമാൻ അമീൻ എം.എം. കണ്ണനല്ലൂർ സ്വാഗതവും ജനറൽ കൺവീനർ എസ്. സോണി നന്ദിയും പറഞ്ഞു.

**Madhyamam 30.12.2025, P4**

മംഗളം

29.12.2025, P5




●കരിക്കോട് ടി.കെ.എം. കോളജ് ഓഫ് ആർട്സ് സയൻസിലെ പൂർവ വിദ്യാർഥി കൂട്ടായ്മ പി.സി. വിഷ്ണുനാഥ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

# കരിക്കോട് ടി.കെ.എം. കോളജിൽ പൂർവ വിദ്യാർഥി കൂട്ടായ്മ

കൊല്ലം: കരിക്കോട് ടി.കെ.എം. കോളജ് ഓഫ് ആർട്സ് സയൻസിലെ പൂർവ വിദ്യാർഥി കൂട്ടായ്മ (ഇന്നലെകൾ) സംഘടിപ്പിച്ചു. പൂർവ കുടുംബ സംഗമവും കോളജിലെ വിദ്യാർഥികൾക്കുള്ള മെറിറ്റ് സ്കോളർഷിപ്പ് വിതരണവും യൂണിവേഴ്സിറ്റി റാങ്ക് ജേതാക്കൾക്കുള്ള സ്കോളർഷിപ്പും ആദരവും മികച്ച കായിക താരങ്ങൾക്കുള്ള ആദരവും സ്കോളർഷിപ്പും, ഇന്നലെകളുടെ പത്താം വാർഷികവും, ക്രിസ്തുമസ് ന്യൂ ഇയർ ആഘോഷവും, പൂർവവിദ്യാർഥികളുടെ കലാവിരുന്നും നടന്നു. കോളജ് പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബയുടെ അധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം പി.സി. വിഷ്ണുനാഥ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ടി.കെ.എം. കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസ്ലിയാർ എം.എൽ.എമാരെ ആദരിച്ചു.

കോളജ് യൂണിവേഴ്സിറ്റി റാങ്ക് ജേതാക്കൾക്കുള്ള അവാർഡും, സ്കോളർഷിപ്പ് വിതരണവും എം. നൗഷാദ് എം.എൽ.എയും, മികച്ച കായിക താരങ്ങൾക്കുള്ള അവാർഡും സ്കോളർഷിപ്പും ടിവി സിനിമ ആർട്ടിസ്റ്റ് രഞ്ജിത്ത് ലളിതവും നിർവഹിച്ചു. കൊല്ലം കോർപറേഷൻ കൗൺസിലർ മുസ്തഫ സലാം, ടി.കെ.എം അലുമിനി സെക്രട്ടറി വി.എം. പ്രേംഷാജ്, ടി.കെ.എം അലുമി ട്രഷറർ പ്രഫ. എ.ഫിറോസ്ഖാൻ, പൂർവ വിദ്യാർഥി കൂട്ടായ്മ ചെയർമാൻ അമീൻ എം. എം. കണ്ണനല്ലൂർ, ഭാരവാഹികളായ അൻസർ റഹീം, സവാദ് ബാഗ്ളൂർ, ജിന്ന, ഉണ്ണി.ഡി, അഡ്വ.കബീർഷാ, നാദിർഷ, ബിജിത ടോജോ, അഡ്വ. കാർത്തി, സജു, റിയാസ് യു.കെ, ഷിബിലി, ഷംനാദ്, ഷാൻ, വിനയൻ, ബിൻഷാദ്, സറീന, എസ്. സോണി എന്നിവർ പ്രസംഗിച്ചു.

മലയാള മനോരമ 2QL1 KLM | www.manoramaonline.com/news | 2025 ഡിസംബർ 5 വെള്ളി

# ടികെഎം ബയോ കെമിസ്ട്രി വിഭാഗം ഔദ്യോഗിക ഗവേഷണ കേന്ദ്രമാക്കി 'കേരള'

കൊല്ലം● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ ബയോ കെമിസ്ട്രി വിഭാഗത്തെ കേരള സർവകലാശാലയുടെ ഔദ്യോഗിക ഗവേഷണ കേന്ദ്രമായി ഉയർത്തി. ഗവേഷണ കേന്ദ്രത്തിന്റെ ഉദ്ഘാടനം നൂറുൽ ഇസ്ലാം ഡെന്റൽ കോളജ് ബയോ കെമിസ്ട്രി വിഭാഗം മുൻ മേധാവി ഡോ.കവിത രാജ് നിർവഹിച്ചു. ടികെഎം കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ.ഷഹാൽ ഹസൻ മുസല്യാർ അധ്യക്ഷത വഹിച്ചു. ഐഎസ്ആർഒ ചെയർമാൻ ഡോ.വി.നാരായണൻ, പ്രിൻസിപ്പൽ ഡോ.എം.ജെ.ഷീബ, ബയോ കെമിസ്ട്രി വിഭാഗം മേധാവി ഡോ.ബി.ലത എന്നിവർ പ്രസംഗിച്ചു. ബിഎസ്സി, എംഎസ്സി കോഴ്സുകൾക്കു പുറമേ ബയോ കെമിസ്ട്രിയിൽ പിഎച്ച്ഡി ചെയ്യുന്നതിനും ഡിപ്പാർട്മെന്റിൽ സൗകര്യമൊരുങ്ങും. ഫൈറ്റോ കെമിസ്ട്രി, ആന്റിമൈക്രോബയൽ – ആന്റി ഓക്സിഡന്റ് പഠനങ്ങൾ, എൻസൈമോളജി, നാനോ സയൻസ്, മോളിക്യുലാർ ബയോളജി, ടിഷ്യു എൻജിനീയറിങ് എന്നിവയാണ് പ്രധാന ഗവേഷണ മേഖലകൾ. എംഎസ്സി ബയോ കെമിസ്ട്രി, ബിഎസ്സി ബയോ കെമിസ്ട്രി, ബിഎസ്സി ഓണേഴ്സ് എന്നിവയ്ക്കു പുറമേ ബിഎസ്സി ഓണേഴ്സും ഗവേഷണവും നൽകും. ടികെഎം റൂസ സ്കീമിൽ നിർമിച്ച കോളജിലെ ഗവേഷണശാലയിലാണ് ബയോ കെമിസ്ട്രി പരീക്ഷണങ്ങളും മറ്റും നടത്താനുള്ള സജ്ജീകരണങ്ങൾ തയാറാക്കുന്നത്.

# കുട്ടികളുടെ നീന്തൽക്കുളം ഉദ്ഘാടനം ചെയ്തു

**കൊല്ലം ▸** ടികെഎം ഇന്റർനാഷണൽ അക്വാട്ടിക് സെന്ററിൽ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി സജ്ജീകരിച്ച മിനി പൂൾ, ടികെഎം കോളേജ് ട്രസ്റ്റ് ട്രഷറർ ടി.കെ. ജലാലുദ്ദീൻ മുസലിയാർ ഉദ്ഘാടനം ചെയ്തു. രണ്ടുവയസ്സിനുമുകളിലുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിൽ പ്രത്യേക പരിശീലനം നേടിയ കോച്ചുകളുടെ സേവനം ലഭ്യമാണ്.

നീന്തൽ താരങ്ങൾക്കും മുതിർന്നവർക്കും പരിശീലനത്തിനുവേണ്ടി തയ്യാറാക്കിയ 50 മീറ്റർ നീളമുള്ള ഒളിമ്പിക് സിമ്മിങ് പൂൾ നേരത്തേ മന്ത്രി വി. അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്തു. ടികെഎം ആർട്സ് കോളേജ് പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ അധ്യക്ഷത വഹിച്ചു.

വൈസ് പ്രിൻസിപ്പൽ ഡോ. വി.കെ. ആദർശ്, ഡോ. എ. സാദിഖ്, ഡോ. മുഹമ്മദ് മുസ്തഫ, അൻവർ മുഹമ്മദ്, മുഹമ്മദ് ഷഫീഖ്, അക്വാട്ടിക് സെന്റർ മാനേജർ ഡോൾഫിൻ രതീഷ് തുടങ്ങിയവർ സംബന്ധിച്ചു.



▶ ടികെഎം ഇന്റർനാഷണൽ അക്വാട്ടിക് സെന്ററിൽ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി സജ്ജീകരിച്ച മിനി പൂൾ ട്രസ്റ്റ് ട്രഷറർ ടി.കെ. ജലാലുദ്ദീൻ മുസലിയാർ ഉദ്ഘാടനം ചെയ്യുന്നു

**Mathrubhumi, 25.12.2025 P2**

# ടികെഎം കോളേജിൽ പൂർവവിദ്യാർഥി കുടുംബസംഗമം

**കൊല്ലം ▸** കരിക്കോട് ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ പൂർവവിദ്യാർഥി കൂട്ടായ്മ 'ഇന്നലെകൾ-5.0 2025' സംഘടിപ്പിച്ചു. പി.സി. വിഷ്ണുനാഥ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ടികെഎം കോളേജ് പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ അധ്യക്ഷത വഹിച്ചു.

പൂർവവിദ്യാർഥി കുടുംബസംഗമം, മെറിറ്റ് സ്കോളർഷിപ്പ് വിതരണം, അനുമോദനം, 'ഇന്നലെകളു'ടെ പത്താംവാർഷികം, ക്രിസ്മസ്-പുതുവത്സരാഘോഷം, പൂർവവിദ്യാർഥികളുടെ കലാവിരുന്ന് തുടങ്ങിയവ നടന്നു. ടികെഎം കോളേജ് ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസലിയാർ എംഎൽഎമാരെ ആദരിച്ചു.

കോളേജ് യൂണിവേഴ്സിറ്റി റാങ്ക് ജേതാക്കൾക്കുള്ള അവാർഡും സ്കോളർഷിപ്പ് വിതരണവും എം. നൗഷാദ് എംഎൽഎയും മികച്ച കായികതാരങ്ങൾക്കുള്ള അവാർഡും സ്കോളർഷിപ്പും ടിവി-സിനിമാതാരം രഞ്ജിത്ത് ലളിതവും നിർവഹിച്ചു.

പൂർവവിദ്യാർഥിക്കൂട്ടായ്മ ചെയർമാൻ അമീൻ എം.എം. കണ്ണനല്ലൂർ, കോർപ്പറേഷൻ കൗൺസിലർ എ.എം. മുസ്തഫ, ടികെഎം അലംനൈ സെക്രട്ടറി വി.എം. പ്രേംഷാജ്, ട്രഷറർ പ്രൊഫ. എ. ഫിറോസ്ഖാൻ, കൂട്ടായ്മ ഭാരവാഹികളായ അൻസർ റഹിം, സവാദ് ബെംഗളൂരു, ജിന്ന, ഡി. ഉണ്ണി, ജനറൽ കൺവീനർ എസ്. സോണി തുടങ്ങിയവർ പ്രസംഗിച്ചു.



▶ ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ പൂർവവിദ്യാർഥിക്കൂട്ടായ്മയുടെ കുടുംബസംഗമം പി.സി. വിഷ്ണുനാഥ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

29/12/2025 KOLLAM Pg 02

## Kerala Kaumudi 30.12.2025 P2



കരിക്കോട് ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസിലെ പൂർവ വിദ്യാർത്ഥി കൂട്ടായ്മ കോളേജിൽ ഒത്തുകൂടിയപ്പോൾ

# ടി.കെ.എം കോളേജിൽ സൗഹൃദം പുതുക്കി പൂർവ വിദ്യാർത്ഥി കുടുംബ സംഗമം

കൊല്ലം: കരിക്കോട് ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസിലെ പൂർവ വിദ്യാർത്ഥി കൂട്ടായ്മ 'ഇന്നലെകൾ 5.0 2കെ25' സംഘടിപ്പിച്ചു.

ടി.കെ.എം സി.എ.എസ് ഓഡിറ്റോറിയത്തിൽ നടന്ന ഇന്നലെകളുടെ പത്താം വാർഷികവും ക്രിസ്മസ്-ന്യൂഇയർ ആഘോഷവും കലാവിരുന്നും വർണാഭമായി.



ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസിലെ പൂർവ വിദ്യാർത്ഥി കുടുംബസംഗമം പി.സി.വിഷ്ണുനാഥ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

പൊതുസമ്മേളനം പി.സി.വിഷ്ണുനാഥ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. എം.ജെ.ഷീബ അദ്ധ്യക്ഷയായി.

ഇന്നലെകളുടെ ചെയർമാൻ അമീൻ എം.എം കണ്ണനല്ലൂർ സ്വാഗതവും എം.എൽ.എമാരെയും കോളേജ് ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസ്ലിയാരെയും ആദരിച്ചു. കോളേജ് യൂണിവേഴ്സിറ്റി റാങ്ക് ജേതാക്കൾക്കുള്ള അവാർഡും, സ്കോളർഷിപ്പ് വിതരണവും എം.നൗഷാദ് എം.എൽ.എയും, മികച്ച കായിക താരങ്ങൾക്കുള്ള അവാർഡും സ്കോളർഷിപ്പും ടി.വി-സിനിമ ആർട്ടിസ്റ്റ് രഞ്ജിത്ത് ലളിതവും നിർവഹിച്ചു.

കൊല്ലം കൗൺസിലർ മുസ്തഫ സലാം, ടി.കെ.എം അലുമ്നി സെക്രട്ടറി വി.എം.പ്രേംഷാജ്, ടി.കെ.എം അലുമ്നി ട്രഷറർ പ്രൊഫ. എ.ഫിറോസ്ഖാൻ, ഇന്നലെകളുടെ ഭാരവാഹികളായ അൻസർ റഹീം, സവാദ് ബംഗളൂരു, ജിന്ന, ഡി.ഉണ്ണി, അഡ്വ.കബീർഷ, നാദിർഷ, ബിജിത ടോജോ, അഡ്വ. കാർത്തി, സജ്ജു, യു.കെ. റിയാസ്, ഷിബിലി, ഷംനാദ്, ഷാൻ, വിനയൻ, ബിൻഷാദ്, സറീന തുടങ്ങിയവർ സംസാരിച്ചു. ജനറൽ കൺവീനർ എസ്. സോണി നന്ദി പറഞ്ഞു.



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ പൂർവ വിദ്യാർഥി കൂട്ടായ്മ 'ഇന്നലെകൾ – 5.0 2കെ25'യിൽ പങ്കെടുക്കാൻ എത്തിച്ചേർന്നവർ.

## Malayala Manorama, 29.12.2025 Pii

# ടി.കെ.എം കോളജിൽ ബയോകെമിസ്ട്രി ഗവേഷണ കേന്ദ്രം

Madhyamam. 05.12.2025 P4

കൊല്ലം: ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ ബയോകെമിസ്ട്രി വിഭാഗത്തെ കേരള സർവകലാശാലയുടെ ഔദ്യോഗിക ഗവേഷണ കേന്ദ്രമായി ഉയർത്തി.

ഗവേഷണ കേന്ദ്രത്തിന്റെ ഉദ്ഘാടനം ഡോ. കവിത രാജ് നിർവഹിച്ചു.

ടി.കെ.എം കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ. ഷാഹൽ ഹസൻ മുസ്ലിയാർ അധ്യക്ഷത വഹിച്ചു. ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ. വി. നാരായണൻ മുഖ്യാതിഥിയായി. ബയോകെമിസ്ട്രി മേഖലയിൽ കോളേജ് കൈവരിച്ച നേട്ടങ്ങളുടെ തുടർച്ചയാണ് പുതിയ ഗവേഷണ കേന്ദ്രമെന്നും വിദ്യാർഥികളിൽ ഗവേഷണ സംസ്കാരം ശക്തിപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

ഡിപ്പാർട്ട്മെന്റിലെ അസി. പ്രഫസർമാരായ ഡോ. പി.എൻ. അൻസിൽ, ഡോ. എച്ച്.എസ്. ഹരിശങ്കർ എന്നിവർക്ക് നിലവിൽ കേരള സർവകലാശാലയുടെ റിസർച്ച് ഗൈഡ്ഷിപ്പ് ലഭിച്ചിട്ടുണ്ട്. ഫൈറ്റോകെമിസ്ട്രി, ആന്റിമൈക്രോബയൽ -ആന്റിഓക്സിഡന്റ് പഠനങ്ങൾ, എൻസൈമോളജി, നാനോസയൻസ്, മോളിക്യുലാർ ബയോളജി, ടിഷ്യു എൻജിനീയറിങ് എന്നിവയാണ് പ്രധാന ഗവേഷണ മേഖലകൾ.

പ്രിൻസിപ്പൽ ഡോ. എം.ജെ. ഷീബ, ബയോകെമിസ്ട്രി വിഭാഗം മേധാവി ഡോ. ബി. ലത എന്നിവർ സംസാരിച്ചു.

# ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജിൽ 'ഇന്നലെകൾ - 5.0 2കെ25'

മലയാള മനോരമ
29.12.2025 Pii

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ പൂർവ വിദ്യാർഥി കൂട്ടായ്മ "ഇന്നലെകൾ - 5.0 2കെ25" സംഘടിപ്പിച്ചു. പി.സി.വിഷ്ണുനാഥ് എംഎൽഎ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. എം.ജെ.ഷീബ അധ്യക്ഷത വഹിച്ചു. കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസല്യാർ മുഖ്യാതിഥിയായി. റാങ്ക് ജേതാക്കൾക്കുള്ള അവാർഡ്, സ്കോളർഷിപ് വിതരണം എം. നൗഷാദ് എംഎൽഎയും മികച്ച കായിക താരങ്ങൾക്ക് ഉള്ള അവാർഡും സ്കോളർഷിപ്പും നടൻ രഞ്ജിത്ത് ലളിതവും നിർവഹിച്ചു. കൗൺസിലർ മുസ്തഫ സലാം, ടികെഎം അലംനൈ സെക്രട്ടറി വി.എം.പ്രേംഷാജ്, പ്രഫ. എ.ഫിറോസ് ഖാൻ എന്നിവർ പ്രസംഗിച്ചു.



ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ പൂർവ വിദ്യാർഥി കൂട്ടായ്മയുടെ കുടുംബസംഗമത്തിൽ പങ്കെടുത്തവർ

മാധ്യമം
30.12.2025, P4

**Dr. Shahal Hassan Musaliar honoured for receiving *Keralasree Award 2025***







**TKM College of Arts And Science**

TKM College PO, Karicode, Kollam –691 005

www.tkmcas.ac.in | tkmarts@gmail.com | 0474 2712240